"അതുകൊണ്ടു് നമ്മുടെ സമയം നിഷ്ഫലമായി കഴിഞ്ഞുപോകാതിരിക്കുന്നതിനായി നാം ജാഗരണം അനുഷ്ഠിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം. സംസാരിക്കുന്നതു നിയമാനുസൃതവും ഉചിതവുമാണെങ്കിൽ സംസ്കാരപ്രദമായി മാത്രം സംസാരിക്കുക. ഒരു ദുഷിച്ചതായ ശീലവും നമ്മുടെ ആത്മീയമായ അഭിവൃദ്ധിയെപ്പററിയുള്ള ഔദാസീന്യവും നമ്മുടെ സംഭാഷണത്തിൻെറ വിവേകശൂന്യതയ്ക്കു അധികം കാരണമാകുന്നുണ്ടു്."

—ക്രിസ്ത്വനുകരണം

# സത്യദീപം

"ഇതു് കഴിഞ്ഞു് ഈശോ ഗ്ലീലാകടലിനക്കരയ്ക്കു്, അഥവാ തിബേരിയസിലേക്കു പിന്മാറി. ഒരു വലിയ ജനക്കൂട്ടം അവിടുത്തെ അനുഗമിച്ചു. കാരണം അവിടുന്നു രോഗികളിൽ ചെയ്ത അത്ഭുതം അവർ കണ്ടിട്ടുണ്ടായിരുന്നു. ഈശോ മലമുകളിൽ കയറി തൻെറ ശിഷ്യന്മാരോടുകൂടി അവിടെയിരുന്നു. അന്നു് യഹൂദന്മാരുടെ വലിയ തിരുനാളായ പെസഹാത്തിരുനാൾ സമീപിച്ചിരുന്നു."

—യോഹ: VI: 1-5

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293 | 1957 മാർച്ച് 27—ബുധനാഴ്ച | Vol. 30, No. 32

# "ഒരു മൈൽക്കൂടി നടക്കാം"

(വി. എം. അഗസ്ററിൻ ബി. എസ്സ്സി.)

നന്മതിന്മയുടെ വൃക്ഷത്തെ വീക്ഷിക്കുകപോലും ചെയ്യരുതെന്നു് ആജ്ഞാപിക്കപ്പെട്ട മനുഷ്യൻ അതേ വൃക്ഷത്തിൻെറ ഫലത്തെ അകംനിറഞ്ഞ പ്രതീക്ഷകളോടെ പറിച്ചു ഭക്ഷിക്കുന്നു!

സൃഷ്ടവസ്തുക്കളിൽ വിശിഷ്ടൻ താനാണെന്നു മനസ്സിലാക്കിയിട്ടും, മനുഷ്യൻ സൃഷ്ടികളുടെ അടിമയായി അധഃപതിക്കാൻ സ്വയം തയ്യാറാകുന്നു!

"നിന്നെപ്പോലെ നിൻെറ അയൽക്കാരനേയും സ്നേഹിക്കുക" എന്നു ദൈവകല്പന മനുഷ്യനെ ഉദ്ബോധിപ്പിക്കുമ്പോൾ സ്വന്തം സഹോദരനോടുപോലും അവൻ വിദ്വേഷം വച്ചുപുലർത്തുന്നു!

മാത്രമോ, വിശ്വശില്പിക്കു വിധേയനായിരിപ്പാൻ നിർബന്ധിതനായ മനുഷ്യൻ ഈശ്വരചിന്തയിൽനിന്നും വഴുതിമാറാൻ തക്കം നോക്കുന്നു! ഇതിനെല്ലാം മനുഷ്യനെ പ്രേരിപ്പിക്കുന്ന കാരണമോ? അവൻെറ സ്വാർത്ഥത.

മനുഷ്യൻെറ പല സ്വകാര്യ ചിന്തകളും ഉപകാരപ്രദങ്ങളായ കണ്ടുപിടുത്തങ്ങൾക്കു് വഴിതെളിച്ചിട്ടുണ്ടു്; വാസ്തവം. പക്ഷേ, മനുഷ്യത്വത്തെ മറയ്ക്കാനും, സാഹോദര്യത്തെ മറക്കാനും, സന്മാർഗ്ഗനിഷ്ഠയെ ചെറുക്കാനും പ്രേരിപ്പിക്കുന്ന നശീകരപ്രവണതകൾക്കാണു സ്വാർത്ഥത കൂടുതലും കൂട്ടുനിന്നിട്ടുള്ളതെന്നു് അനുഭവം സാക്ഷ്യം വഹിക്കുന്നു.

ദൈവതുല്യനാകാനുള്ള അതിമോഹം മനുഷ്യനെ വിലക്കപ്പെട്ട വൃക്ഷച്ചുവട്ടിലേക്കു് ആനയിച്ചു. നശ്വരമായ നൈമിഷികസുഖഭോഗങ്ങൾക്കായി അവൻെറ വികാരങ്ങൾ ചിറകുവിടർത്തുമ്പോൾ, ദുഃസ്വാതന്ത്ര്യങ്ങളെ അനുഭവിക്കാനും, തന്നിഷ്ടങ്ങളെ താലോലിക്കാനുമായി തൻെറ വൈശിഷ്ട്യത്തെ അവൻ സൃഷ്ടികളുടെ മുൻപിൽ വലിച്ചെറിയുകയാണു്. ഒടുങ്ങാത്ത പണക്കൊതിയുടേയും, അടങ്ങാത്ത അധികാരദുർമോഹത്തിൻെറയുംപേരിൽ മനുഷ്യൻ സാഹോദര്യത്തിൻെറ പവിത്രതയെ മറന്നു് സമഭാവനയുടെ കഴുത്തു ഞെരിക്കുന്നു. അനുവദിക്കപ്പെടാത്തവയെ അനുഭവിക്കുന്ന മനുഷ്യൻ—അധികാരത്തെ ദുർവിനിയോഗം ചെയ്യുകയും നീതിയെ ആഹുതിചെയ്തു അനീതിയെ ആശ്ലേഷിക്കുകയുംചെയ്യുന്ന മനുഷ്യൻ—തന്നെ ചോദ്യംചെയ്യാൻ അപ്രമേയവും സർവ്വവ്യാപകവും സർവ്വനിയാമകവുമായ ഒരു പരാശക്തിയുണ്ടെന്നുള്ള യാഥാർത്ഥ്യത്തെ മറച്ചുവച്ചു്, അവൻെറ സ്വയാധിപത്യത്തെ വിളംബരംചെയ്തു സമാശ്വസിപ്പിക്കാൻ ശ്രമിക്കുന്നതാണു് വിചിത്രമായിരിക്കുന്നതു്.

ഇങ്ങനെ മനുഷ്യൻ സ്വാർത്ഥതയുടെ പേരിൽ സത്യത്തിൻെറ വിശുദ്ധിയെ ചവിട്ടിമെതിക്കുന്നു. വഞ്ചനയുടെ അഴുക്കുവെള്ളം വീഴ്ത്തി ആത്മാർത്ഥതയുടെ പാവനതയെ മലിനമാക്കുന്നു. നിരീശ്വരത്വത്തിൻെറ തീപ്പൊരികളെറിഞ്ഞു് ആത്മബോധത്തിൻെറ നിർമ്മലതയെ ചുട്ടുകരിക്കുന്നു. വെറും വെള്ളിക്കാശിനുവേണ്ടി ആയിരമായിരം കുഞ്ഞാടുകളെ ഓറിക്കൊടുക്കുന്നു, അതിലുമധികം ചെന്നായ്ക്കളെ ഒളിവിൽ വളർത്തുന്നു.

എന്നാൽ ക്രിസ്തുനാഥൻെറ അതുല്യമായ നിസ്വാർത്ഥതയുടേയും, അതിവിശിഷ്ടമായ സേവനാദർശത്തിൻെറയും പരിപാവനമായ പാരമ്പര്യത്തെ നിലനിറുത്തേണ്ട ക്രിസ്ത്യാനികളെങ്കിലും വിശുദ്ധഗ്രന്ഥം പറയുന്നതു കേൾക്കുമോ? "ഏതെങ്കിലുമൊരു മനുഷ്യൻ അവനോടൊത്തു് ഒരു മൈൽ നടക്കുന്നതിനു് നിന്നെ നിർബന്ധിക്കുന്നെങ്കിൽ നീ അവൻെറകൂടെ രണ്ടു മൈൽ സഞ്ചരിക്കുക."

ഇതിൽ ആദ്യത്തെ ഒരു മൈൽ കർത്തവ്യത്തേയും, രണ്ടാമത്തേതു് സേവനത്തേയും കുറിക്കുന്നതാണു്. സ്വാർത്ഥമതിയായ ആധുനികമനുഷ്യൻ വേദപുസ്തകത്തിലെ ആദ്യത്തെ മൈൽതന്നെയും നടക്കുന്നതിൽ വിമുഖനാണു്. ഇതു് ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം തികച്ചും വിലപനീയമാണു്.

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണു്; ഇതു എല്ലാവരും സമ്മതിക്കും. എന്നാൽ സേവനമനോഭാവം സാമൂഹ്യജീവിതത്തിലെ സഹവർത്തിത്വത്തിൻെറ ആണിക്കല്ലാണെന്ന പരമാർത്ഥം പലരും വിസ്മരിക്കുന്നു. ഒരു ഗോപുരം പണിയുമ്പോൾ, പണിക്കാരൻ നല്ല പശയുള്ള സിമൻറുകൊണ്ടു് ഓരോ കല്ലും ചേർത്തുപിടിപ്പിക്കുന്നതു കാണാം. പരസ്പരധാരണയിൽ സേവനബോധംകലർത്തി, മനുഷ്യരാകുന്ന കല്ലുകൾകൊണ്ടു് വിശ്വശില്പി കെട്ടിപ്പടുത്തിട്ടുള്ള ബലവത്തരമായ ഒരു ഗോപുരമത്രേ സാമൂഹ്യജീവിതം. അതുകൊണ്ടു് സേവനതല്പരതയില്ലാത്തിടത്തു് നമ്മുടെ സാമൂഹ്യജീവിതത്തിനു കെട്ടുറപ്പുണ്ടാവുകയില്ല.

സാമൂഹ്യഭദ്രതയും സമുദായബോധവും നിലനിറുത്തുന്നതിൽ നിസ്വാർത്ഥമായ സേവനം നൽകാൻ കൂടുതൽ കടപ്പെട്ടവരാണു് നാം. ജീവിതം തിന്മയെ വെറുക്കാൻമാത്രമുള്ളതല്ല, നന്മയെ സ്നേഹിക്കുവാൻ കൂടിയുള്ളതാണെന്നു് ഓരോ ക്രിസ്ത്യാനിയും മനസ്സിലാക്കണം; കാരണം തിന്മയിൽനിന്നൊഴിഞ്ഞുനില്ക്കാൻ ശ്രമിക്കുന്ന മനുഷ്യൻ കർത്തവ്യത്തിൻേറതായ ആദ്യത്തെ മൈൽമാത്രമേ സഞ്ചരിക്കുന്നുള്ളു.

"നീ കൊല്ലരുതു്" എന്നു പ്രമാണം നമ്മെ വിലക്കുന്നു. ദൈവത്തിൻെറ ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യർ തുല്യരെന്നും, പവിത്രവും അനശ്വരവുമായ മനുഷ്യാത്മാവിൻെറ മഹനീയ വാഹനമാണു് ശരീരമെന്നുമറിഞ്ഞിരുന്നിട്ടും അഹിംസമാത്രം പാലിക്കുന്ന നാം കർത്തവ്യത്തിൻേറയും, നീതിനിർവ്വഹണത്തിൻേറയും അതിർത്തിവരെ കഷ്ടിച്ചു എത്തുന്നതേയുള്ളൂ. മനുഷ്യരെല്ലാം സഹോദരങ്ങളാണെന്നും ഈ സാർവ്വത്രികസാഹോദര്യം സേവനാധിഷ്ഠിതമായ പരസ്പരവിധേയത്വത്തിനു വഴി തെളിക്കുന്നുണ്ടെന്നുംകൂടി നമ്മൾ മനസ്സിലാക്കണം. ഹതഭാഗ്യരുടെ ദയനീയരോദനങ്ങൾ അലയടിക്കുന്ന, മനുഷ്യജീവിതത്തിലെ ഇരുളടഞ്ഞ താഴ്വരകളിലേക്കു് എത്തിനോക്കുകപോലും ചെയ്യാതെ കുന്നിൽനിന്നും കുന്നിലേക്കു കുതിച്ചുചാടുന്ന സമ്പ്രദായം നമുക്കു ചേർന്നതല്ല; കാരണം നമുക്കു സേവനത്തിൻേറതായ ഒരു മൈൽകൂടി നടക്കേണ്ടതുണ്ടു്.

"നിങ്ങൾ പരസ്പരം സ്നേഹിക്കുക. അങ്ങനെ നിങ്ങളെൻെറ ശിഷ്യരാണെന്നു് ലോകം മനസ്സിലാക്കട്ടെ" എന്നു് ക്രിസ്തുനാഥൻ ഒരിക്കൽ തൻെറ അനുയായികളോടു അരുളിച്ചെയ്യുകയുണ്ടായി. എന്നാൽ സ്നേഹത്തിനു് അതിൻേറതായ വിശുദ്ധിയും മാഹാത്മ്യവും ലഭിക്കുന്നതു് അതു ത്യാഗത്തിനും സേവനത്തിനും മാർഗ്ഗം തുറക്കുമ്പോൾ മാത്രമാണു്.

ക്രിസ്ത്യാനികളിലൂടെ ലോകം ക്രിസ്തുവിനെ ദർശിക്കണം. ഇതിനു് നാം ക്രിസ്ത്യാനികളാണെന്നു് ലോകം ആദ്യം മനസ്സിലാക്കണം. നാം സ്വാർത്ഥതയകററണം, സേവനം ശീലിക്കണം, അങ്ങനെ പരസ്പരം സ്നേഹിക്കണം. എങ്കിലേ അതു പററൂ. അതുകൊണ്ടു് നമുക്കു സ്നേഹപ്രകടനത്തിൻേറയും സേവനസന്നദ്ധതയുടേയുമായ "വേദപുസ്തകത്തിലെ രണ്ടാമത്തെ മൈൽ"കൂടി നടക്കാം.



അത്യാസന്നമായ ഓർശ്ലേംനശാത്തെ ഓർത്തു ക്രിസ്തു ദുഃഖിക്കുന്നു

—o—

## വേപ്പൽ ജന്മദിനാഘോഷം

പന്ത്രണ്ടാം പീയൂസ് തിരുമനസ്സിലെ 81-ാം ജന്മദിനമായ മാർച്ച് 2-ാം തീയതി—അവിടുത്തെ തിരഞ്ഞെടുപ്പിൻെറ 18-ാം വാർഷികവും അന്നായിരുന്നു—ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും അദ്ദേഹത്തിനു് ആശംസാസന്ദേശങ്ങളും സംഭാവനകളും ലഭിച്ചിരുന്നു. കാസ്സൽ ഗൊൺഡോൾഫോയിൽ പ്രത്യേകം വളർത്തപ്പെട്ട പുഷ്പങ്ങൾകൊണ്ടാണു് തിരുമനസ്സിലെ ചാപ്പൽ അലങ്കരിച്ചിരുന്നതു്. 47 രാഷ്ട്രങ്ങളുടെ പ്രതിനിധികൾ അന്നു തിരുമേനിയെ സന്ദർശിച്ചു മംഗളമാശംസിക്കുകയുണ്ടായി. നേപ്പിൾസിൽ താവളമടിച്ചിരുന്ന ഐക്യരാഷ്ട്രസേനയിലെ 30 കനേഡിയൻ ഉദ്യോഗസ്ഥന്മാർക്കു തിരുമേനി പ്രത്യേക സന്ദർശനം അനുവദിച്ചു. തിരുമനസ്സിലേക്കു ലഭിച്ച ഏററവും വലിയ ജന്മദിനസംഭാവന, റോമയിൽ വിശുദ്ധ യൂജിനു പ്രതിഷ്ഠിച്ചിട്ടുള്ള ഒരു ആശ്രുപത്രിയാണു്. അതിൻെറ ഔപചാരികമായ ഉൽഘാടനവും അന്നുതന്നെയായിരുന്നു. കഴിഞ്ഞ 18 വർഷക്കാലത്തെ ഭരണത്തിനിടയിൽ തിരുമേനി 310 ലക്ഷം പേർക്കു സന്ദർശനമനുവദിക്കുകയും 2500 പ്രസംഗങ്ങൾ ചെയ്യുകയും ചെയ്തതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

## മലയായിൽ മതസ്വാതന്ത്ര്യം

മലയാ ഫെഡറേഷൻ അടുത്ത ആഗസ്റ്റ് 31-ാം തീയതി സ്വാതന്ത്ര്യം പ്രാപിക്കുന്നതാണല്ലോ. പുതിയ ഭരണഘടനയിൽ കത്തോലിക്കാ വിദ്യാലയങ്ങൾ നടത്തുന്നതിനും, മതപ്രചാരണം നടത്തുന്നതിനുമുള്ള സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടുണ്ടു്. ഇപ്പോഴാണെങ്കിൽ പ്രാദേശിക ഭരണാധികാരികളുമായുള്ള കരാറുകൾ അനുസരിച്ചു പ്രസ്തുതസ്വാതന്ത്ര്യം നിയന്ത്രിക്കപ്പെട്ടിരിക്കുകയാണു്. മതസ്വാതന്ത്ര്യം സംബന്ധിച്ച എല്ലാ അവകാശങ്ങളും പുതിയ ഭരണഘടനയിൽ ഉൾപ്പെടുത്തുന്നതാണു്. ഈ അവകാശങ്ങളെല്ലാം തന്നെ ഇൻഡ്യൻ ഭരണഘടനയിൽ അനുവദിച്ചിട്ടുള്ളവയ്ക്കു സമാനങ്ങളായിരിക്കുന്നു. മലയൻ ജനങ്ങളിൽ 98 ശതമാനവും മുസ്ലീമിങ്ങളാണെങ്കിലും ഇസ്ലാം മതത്തെപ്പററി യാതൊരു സൂചനപോലും ഭരണഘടനയിലില്ലായെന്നതു പലരെയും അത്ഭുതപ്പെടുത്തിയിരിക്കുന്നു. ഫെഡറേഷനിലെ ജനസംഖ്യയിൽ 50 ശതമാനം മലയന്മാരും 40 ശതമാനം ചൈനാക്കാരും ബാക്കി ഹിന്ദുക്കൾ മുതലായ ന്യൂനപക്ഷക്കാരുമാണു്.

സംഭവകഥ

# "മായാണ്ടി"

(എം. എക്സ്. ഫ്റാൻസീസ്, എരനെല്ലൂർ)

സ്ഥലം പാളയംകോട്ട്. "മായാണ്ടി" എന്നാണയാളുടെ പേര്. വയസ്സ് ഏകദേശം ഒരു മുപ്പത്തിയഞ്ചു കണ്ടേക്കും. നമ്മുടെ നാട്ടിലെ പുലയജാതിപോലുള്ള "പിന്നോക്കവർഗ്ഗ"ത്തിൽപ്പെട്ട ആളാണ് മായാണ്ടി. തൊഴിൽചെയ്തു ജീവിതം നയിച്ചിരുന്ന ഒരുത്തമ തൊഴിലാളിനേതാവ്.

പാളയംകോട്ടുള്ള കോളെജും മായാണ്ടിയുടെ വീടും തമ്മിൽ വലിയ ദൂരമില്ല. കൊല്ലത്തിൽ രണ്ടുതവണയെങ്കിലും മായാണ്ടിയുടെ സേവനം കോളെജിൽ ഒഴിച്ചുകൂടാത്തതായുണ്ട്. സ്റ്റേജിണക്കുന്നതിനും കർട്ടൻകെട്ടുന്നതിനും മററുമാണത്. മായാണ്ടിക്കു അതിനു പ്രത്യേകവിധത്തിലുള്ള ഒരു കഴിവുണ്ടായിരുന്നു. അതുപോലെതന്നെ സ്പോർട്ട്സിനു ഗ്രൗണ്ട് തയ്യാറാക്കുന്നതും മായാണ്ടിയായിരുന്നു.

അക്കൊല്ലവും മായാണ്ടി കോളെജ്‌വാർഷികത്തിനു ഡ്റാമാ സ്റ്റേജിണക്കുന്നതിനു അവിടെ എത്തി. പാകതയും പക്വതയും വന്ന മായാണ്ടി മററുള്ള പത്തിരുപതു ജോലിക്കാർക്കു വേണ്ട നിർദ്ദേശങ്ങൾ നൽകിക്കൊണ്ടും തന്നത്താൻ ചിലതെല്ലാം ചെയ്തുകൊണ്ടും നില്ക്കുകയാണ്. കോളെജിലെ ഒരു വൈദികൻ മായാണ്ടിയുടെ ജോലിയെടുക്കുന്നതിലും എടുപ്പിക്കുന്നതിലുമുള്ള അന്യാദൃശകഴിവും ജാഗ്രതയും കണ്ടത്ഭുതപ്പെട്ടു ഇതികർത്തവ്യതാമൂഢനായി കുറച്ചുസമയം അവിടെത്തന്നെ നോക്കിനിന്നുപോയി. അദ്ദേഹം മായാണ്ടിയോട് ഇപ്രകാരം സംഭാഷിച്ചു.

വൈദികൻ:- "മായാണ്ടി, എന്തൊക്കെയാ വിശേഷം?"

മായാണ്ടി:- "എന്നാ സൊല്ലാനാണെൻറ ശാമീ, ജോലിചെയ്തങ്ങനെ കഴിഞ്ഞുകൂടുന്നു."

വൈ:- "മായാണ്ടി, താൻ ദൈവത്തെ ഓർക്കാറുണ്ടോ? അല്ലെങ്കിൽ ചുമ്മാ ഇങ്ങനെ ജോലിയും ഭക്ഷണവും ഉറക്കവുമായി കഴിഞ്ഞുകൂടുകയാണോ?"

മായാ:- "എൻെറ ശാമീ, ഞാൻ ആ വഴിക്കും ഈ വഴിക്കുമൊന്നും പോകാറില്ല. പിന്നെ ഒന്നു മാത്രം (വളരെ പ്രയാസപ്പെട്ട്) രാസ്രിയാകമ്പ ഇത്രക്കു കുടിക്കും ശാമീ, കുടിക്കും."

വൈ:- "ഛാ! ദൈവത്തോടു ദിവസേന പ്രാർത്ഥിക്കണം; നീ ദൈവത്തിൽ ആശ്രയിച്ച് ദിവസേന ചെയ്തുപോകുന്ന തെററുകൾക്കായി മാപ്പുചോദിക്കുക."

മായാ:- "ആമാ ശാമീ! എല്ലാം "കടവുള"ക്കറിയാം."

x x x

കാലം അതിൻെറ ചിറകുവിടുർത്തി പറന്നുപൊയ്ക്കൊണ്ടിരുന്നു. അവിടെയുള്ള ടൗൺഹാളിൽ വളരെ ബൃഹത്തായ പരിപാടികളോടുകൂടി ഒരു പൊതുസമ്മേളനം നടക്കേണ്ടിയിരുന്നു. അതിനു സ്റ്റേജിണക്കുന്നതിനു മായാണ്ടിയുടെ ആവശ്യം നേരിട്ടു. കൺവീനറായിരുന്ന പ്രൊഫസർ മായാണ്ടിക്ക് ആളയച്ചു. പക്ഷെ നിരാശാജനകമായ മറുപടിയാണു ലഭിച്ചത്. മായാണ്ടി ക്ഷയരോഗബാധിതനായി ശയ്യാവലംബിയായിക്കഴിഞ്ഞിരുന്നു. പക്ഷെ കൺവീനർ വിട്ടില്ല. അദ്ദേഹം ഒരു പ്രത്യേകവാഹനം അയച്ച് മായാണ്ടിയെ വരുത്തുകതന്നെചെയ്തു. ഒരൊഴിഞ്ഞസ്ഥലത്തിരുന്ന് മായാണ്ടി വേണ്ട നിർദ്ദേശങ്ങളെല്ലാം പണിക്കാർക്കു കൊടുത്ത് ആ സ്റ്റേജ് ഇണക്കിച്ചു. അതിൽ മായാണ്ടിക്കു വളരെ കൃതാർത്ഥതയും സന്തോഷവുമുണ്ടായി. പണി നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ മായാണ്ടി ഒരിക്കൽ മൂർച്ഛിച്ചു വീഴുവാൻതുടങ്ങുകയുണ്ടായി; അത്രയ്ക്കു അയാൾ അവശനായിക്കഴിഞ്ഞിരുന്നു.

കാലചക്രം പിന്നേയും തിരിഞ്ഞുകൊണ്ടിരുന്നു. ക്ഷയരോഗം മായാണ്ടിയെ കാർന്നുതിന്നു അവശനാക്കിക്കൊണ്ടിരിക്കുന്നു. വിവരമറിഞ്ഞ് ആ വൈദികൻ അയാളെ സന്ദർശിച്ചു. മായാണ്ടിയെ രക്ഷിക്കണം; മായാണ്ടിയെ സ്വർഗ്ഗരാജ്യത്തിനു അർഹനാക്കിത്തീർക്കണം എന്നതായിരുന്നു അദ്ദേഹത്തിൻെറ പ്രധാനലക്ഷ്യം. വഴി നടന്നു പോകുന്നതിനിടയിൽ "എത്രയും ദയയുള്ള മാതാവേ" എന്ന ജപം ഉരുവിട്ടുകൊണ്ടിരുന്നു "നിൻെറ അപേക്ഷയുടെ സഹായത്തെ ഇരന്നവരിൽ ഒരുവനെങ്കിലും നിന്നാൽ കൈവിടപ്പെട്ടുവെന്നു ലോകത്തിൽ കേൾക്കപ്പെട്ടിട്ടില്ല" എന്ന ഭാഗം ചൊല്ലുമ്പോൾ അദ്ദേഹത്തിനു മായാണ്ടിയുടെ കാര്യത്തിൽ വളരെയേറെ ശുഭാപ്തിവിശ്വാസം ഉളവായിക്കൊണ്ടിരുന്നു.

അദ്ദേഹം ആ കുടിലിൻെറ മുമ്പിൽ എത്തിച്ചേർന്നു. മുററത്ത് ഒരസ്ഥികൂടം ഒരു പലകപ്പുറത്തിരിക്കുന്നുണ്ട്. അയാളുടെ ശക്തി മുഴുവനും ഇതിനകം ക്ഷയിച്ചുകഴിഞ്ഞിരുന്നു. ഉന്തിയ കണ്ണും കവിളത്തെ രണ്ടു കുഴികളും, വാരിയെല്ലുകളുടെ ഇടയിൽ കാണുന്ന തോടുകളും, ശ്വാസംകഴിക്കുന്നതിനുള്ള വിഷമതയും ക്ഷയരോഗം മായാണ്ടിയിൽ വരുത്തിയിട്ടുള്ള മാററങ്ങളിൽ ചിലതാണ്.

അച്ചനെ കണ്ടയുടനെ മായാണ്ടി അശ്രുധാരയോടെ കൂപ്പിയ അഞ്ജലികൾ തലയ്ക്കുമുകളിൽ പിടിച്ചുകൊണ്ട്, "ശാമീ, എനിക്കു ജ്ഞാനസ്നാനം തരണേ, എന്നെ വേഗം ജ്ഞാനസ്നാനപ്പെടുത്തണേ" എന്നു കേണപേക്ഷിക്കുവാൻതുടങ്ങി.

അയാളുടെ ബന്ധുമിത്രാദികൾ സമ്മതിക്കുമോ എന്ന സംശയവും മായാണ്ടിയുടെ ആദ്ധ്യാത്മികമായ ഈ അഭിനിവേശത്തിലുള്ള ആശ്ചര്യവും അദ്ദേഹത്തെ ഇതികർത്തവ്യതാമൂഢനാക്കി. അതിനുശേഷം ഇപ്രകാരം ചോദിച്ചു: "മായാണ്ടി, നിൻെറ അമ്മയും ഭാര്യയും ബന്ധുക്കളുമെല്ലാം സമ്മതിച്ചോ?"

മായാ:- "ശാമീ, ഞാൻ അവരുടെ കാര്യമല്ല പറഞ്ഞത്, എൻെറ കാര്യമാണ്. എന്നെ മാമ്മോദീസാ മുക്കി ക്രിസ്ത്യാനിയാക്കണം. ശാമീ, ദാ, (ചൂണ്ടിക്കാണിച്ചുകൊണ്ട്) അവിടെ കാണുന്ന "അന്തോണിയാർ" കല്ലറയിൽ എന്നെ സംസ്കരിക്കണം. അതാണെൻെറ അന്ത്യാഭിലാഷം. ഈ വിവരം ഉടനെതന്നെ ശാമീ വികാരിയച്ചനോടൊന്നു പറഞ്ഞേക്കണേ."

വൈ:- എന്താ വീട്ടുകാരേ, നിങ്ങൾക്കു സമ്മതമാണോ? ഇയാളെ ഞാൻ ജ്ഞാനസ്നാനപ്പെടുത്തട്ടേയോ?"

"അവനിഷ്ടമാണെങ്കിൽ ഞങ്ങളെന്തു പറയാനാണ്?" മായാണ്ടിയുടെ അമ്മ പറഞ്ഞു.

ആ വൈദികൻ ഉടനെതന്നെ അവിടത്തെ വികാരിയച്ചൻെറ ബംഗ്ലാവിലേക്കു തിരിച്ചു. വിവരങ്ങളെല്ലാം അദ്ദേഹത്തെ ധരിപ്പിച്ച് വികാരിയച്ചനുമൊരുമിച്ച് മായാണ്ടിയുടെ വീട്ടിലേക്കു തിരിച്ചുവന്നു. മായാണ്ടി ജ്ഞാനസ്നാനം സ്വീകരിച്ചു.

മാമ്മോദീസാ മുക്കിയശേഷം മായാണ്ടിയിൽ പ്രകടമായ വിവിധവികാരങ്ങൾ വർണ്ണനാതീതങ്ങളായിരുന്നു. അയാൾ വളരെ സന്തുഷ്ടനും സന്തോഷവാനുമായി കാണപ്പെട്ടു. കോളെജിലെ പ്രൊഫസറന്മാരും മഠത്തിലെ കന്യാസ്ത്രീകളും മററനവധി ആളുകളും മായാണ്ടിയെ ചെന്നുകണ്ട് അയാളെ ആശ്വസിപ്പിച്ചിരുന്നു.

സന്ദർശകരിൽ ഒരാൾ ചോദിച്ചു: "മായാണ്ടി, നിനക്കു ഇപ്പോൾ സന്തോഷമല്ലേ? മാമ്മോദീസാ മുങ്ങിയതിൽ പിന്നെ നിനക്കെന്തു തോന്നുന്നു?"

മായാ:- "എനിക്കു എന്തെന്നില്ലാത്ത ഒരാനന്ദമാണ് ഇപ്പോൾ അനുഭവപ്പെടുന്നത്. ഹാ! ഇങ്ങനെ ഒരു സന്തോഷം ഞാൻ ഇതുവരെയും അനുഭവിച്ചിട്ടില്ല. ഹാ! ഞാൻ എത്ര ഭാഗ്യവാൻ! എനിക്കു നിങ്ങളോടും എല്ലാവരോടും ഈ ലോകത്തോടും സന്തോഷമാണുള്ളത്."

പിന്നെ അധികനാൾ മായാണ്ടി ആ കിടപ്പുകിടന്ന് വേദനയനുഭവിക്കുന്നതിന് ലോകനിയന്താവനുവദിച്ചില്ല. ശംഖ് ഊതുന്ന സമയം, രാത്രി ഏതാണ്ട് 9 മണിസമയം. "യേശു, മരിയേ, എനിക്കു നല്ല മോക്ഷം തരണേ" എന്നു ഉരുവിട്ടുകൊണ്ട് അയാൾ അന്ത്യശ്വാസം വലിച്ചു.

"അന്തോണിയാർ" കല്ലറയിൽ ആ പൂജ്യാവശിഷ്ടങ്ങൾ ഇന്നും വിലയംകൊള്ളുകയാണ്; പാവനാത്മാവ് പരലോകസൗഭാഗ്യത്തിലും.

# ചോദിച്ചാൽ പറയാം

87. ചോ: ആകാശങ്ങളിലിരിക്കുന്ന നമസ്കാരത്തിൻെറ ആരംഭത്തിൽ ബഹുവചനവും അവസാനത്തിൽ ഏകവചനവും ഉപയോഗിച്ചിരിക്കുന്നു. ആകാശം എന്നു പറഞ്ഞാൽ സ്വർഗ്ഗം എന്നാണല്ലോ. അപ്പോൾ സ്വർഗ്ഗം പലതുണ്ടോ?

(പി എസ് എഫ് പൈങ്ങാട്ടൂർ)

ഉ: ഈ പ്രാർത്ഥന ആദ്യം മലയാളത്തിലാക്കിയ ആൾക്കു പററിയ ഒരു ചെറിയ പ്രമാദമാണിതെന്നു തോന്നുന്നു. സുറിയാനിയിൽ കർതൃപ്രാർത്ഥന തുടങ്ങുന്നത് "ആബൂൻ ദ് വശ്മയ്യാ..." എന്നാണ്. ഇവിടെ ആകാശങ്ങൾ എന്ന ബഹുവചനമാണുള്ളത്. ആ സ്ഥിതിക്കു "നിൻെറ തിരുമനസ്സ് ആകാശത്തിലേപ്പോലെ" എന്നിടത്ത് "ആകാശങ്ങളിലെപ്പോലെ" എന്നു വേണ്ടിയിരുന്നു. എന്തെന്നാൽ സുറിയാനിയിൽ രണ്ടിടത്തും ബഹുവചനമാണു പ്രയോഗിച്ചിരിക്കുന്നത്. ഈ പ്രാർത്ഥന ഇംഗ്ലീഷിലാണെങ്കിൽ Who art in Heaven എന്ന് ഏകവചനമാണ് ഉപയോഗിച്ചിട്ടുള്ളത്. വേദപുസ്തകം സുറിയാനിയിൽനിന്നു മലയാളത്തിലേക്കു തർജ്ജമ ചെയ്തപ്പോൾ "സ്വർഗ്ഗത്തിലുള്ള ഞങ്ങളുടെ പിതാവേ" എന്ന് ഏകവചനമേ ഉപയോഗിച്ചിട്ടുള്ളു. കർതൃപ്രാർത്ഥന പരിഷ്കരിച്ചു ചൊല്ലുന്നവർ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നു ഏകവചനം ഉപയോഗിച്ചുവരുന്നതായി കാണുന്നു.

സ്വർഗ്ഗം എന്ന അർത്ഥത്തിൽ ആകാശം എന്നും ആകാശങ്ങൾ എന്നുമുള്ള രണ്ടു പ്രയോഗങ്ങളും വേദപുസ്തകത്തിൽ കാണുന്നുണ്ട്. സങ്കീർത്തനങ്ങളിൽ പലേടത്തും സ്വർഗ്ഗം എന്ന അർത്ഥത്തിൽ ആകാശങ്ങൾ എന്ന ബഹുവചനം പ്രയോഗിച്ചിട്ടുണ്ട്. സ്വർഗ്ഗത്തെ പല ഭാഗങ്ങളായി തിരിച്ചു പറയുന്ന യഹൂദനടപടിയിൽ നിന്നായിരിക്കാം ഈ ബഹുവചനപ്രയോഗം ഉണ്ടായിട്ടുള്ളത്. "സ്വർഗ്ഗത്തിൻെറ മൂന്നാംതട്ടുവരെ എടുക്കപ്പെട്ട ഒരു മനുഷ്യൻ" (II കോറി: XII, 2) എന്നു വിശുദ്ധ പൗലോസ് തന്നെപ്പററി പറയുന്നുണ്ടല്ലോ. ഒന്നിലധികം സ്വർഗ്ഗം ഉണ്ടെന്നുള്ള അർത്ഥത്തിലല്ലാ പൗലോസ് അങ്ങനെ പ്രയോഗിച്ചിരിക്കുന്നത്.

"ആകാശങ്ങളിലിരിക്കുന്ന" എന്ന ബഹുവചനം പ്രയോഗിച്ചതുകൊണ്ടു ഒന്നിലധികം സ്വർഗ്ഗമുണ്ടെന്നു അർത്ഥമാക്കേണ്ടതില്ല. മലയാളത്തിൽതന്നെ പണ്ഡിതർ, വൈദ്യർ, പണിക്കർ മുതലായ ബഹുവചനപദങ്ങൾ ഏകവചനാർത്ഥത്തിൽ പ്രയോഗിക്കാറുണ്ടല്ലോ. ബൈബിൾ ശൈലിയെ സംബന്ധിച്ചിടത്തോളം "ആകാശങ്ങൾ" ഇങ്ങനെയൊരു പൂജകബഹുവചനം മാത്രമാണ്. ഒന്നിലധികം സ്വർഗ്ഗം എന്ന പ്രതീതി തോന്നുമെന്നു സംശയമുണ്ടെങ്കിൽ ആകാശത്തിലിരിക്കുന്ന എന്ന ഏകവചനം ഉപയോഗിച്ചാൽ മതി.

88. ചോ: "നിൻെറ വചനം പൂർണ്ണമാകുന്നു" എന്ന് 19-ാം സങ്കീർത്തനത്തിൽ പറയുന്നതുകൊണ്ടു ദൈവവചനം പൂർണ്ണമാണെന്നല്ലേ തെളിയുന്നത്? ഇങ്ങനെ ബൈബിളിൽ കാണുമ്പോൾ "അവരിൽ വളരെ ചുരുക്കംപേർ മാത്രമേ പരിതസ്ഥിതികളുടെ ആവശ്യമനുസരിച്ചു ചിലതു രേഖപ്പെടുത്തി വച്ചിട്ടുള്ളു" (ചോ: 6) എന്ന് എഴുതിയിരിക്കുന്നതു ദൈവദൂഷണമല്ലേ?

(കെ പി പൗലോസ്, തൊടുപുഴ)

ഉ: അല്പജ്ഞാനം ആപല്ക്കരം എന്ന ചൊല്ലിനു ഒന്നാംതരം ഉദാഹരണമാണിത്. "നിൻെറ വചനം പൂർണ്ണമാകുന്നു" എന്ന് 19-ാം സങ്കീർത്തനത്തിൽ പറഞ്ഞു കാണുന്നില്ല. 19-ാം സങ്കീർത്തനം 8-ാം വാക്യത്തിൽ കർത്താവിൻെറ നിയമം (Law) പരിപൂർണ്ണമാണ് എന്നു പ്രസ്താവിച്ചു കാണുന്നുണ്ട്. അതിനെയാണോ ചോദ്യകർത്താവു "വചനം" എന്നു തർജ്ജമ ചെയ്തിരിക്കുന്നത്? ഇനി വാദത്തിനു വേണ്ടി "നിൻെറ വചനം പൂർണ്ണമാകുന്നു" എന്ന് ഒരു വാചകമുണ്ടെന്നു സങ്കല്പിക്കുക. എന്നാൽതന്നെ എന്താണ്? 6-ാം ചോദ്യത്തിൽ പ്രതിപാദിച്ചിരിക്കുന്നത് വിശ്വസിക്കേണ്ടതെല്ലാം വേദപുസ്തകത്തിലില്ലെന്നാണ്. താൻ പഠിപ്പിച്ചവ എഴുതിവെക്കുവാനല്ലാ, ലോകമെങ്ങും പോയി പ്രസംഗിക്കുവാനാണു ക്രിസ്തു തൻെറ ശിഷ്യന്മാരോട് ആജ്ഞാപിച്ചതെന്നും, അവർ തദനുസരണം സുവിശേഷം പ്രസംഗിച്ചുവെന്നും, അവരിൽ വളരെ ചുരുക്കംപേർ മാത്രമേ പരിതസ്ഥിതികളുടെ ആവശ്യമനുസരിച്ചു ചിലതു രേഖപ്പെടുത്തി വെച്ചിട്ടുള്ളുവെന്നുമാണ് അവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

ഈ പ്രമേയവും "നിൻെറ വചനം പൂർണ്ണമാകുന്നു" എന്ന വാക്യവും തമ്മിലുള്ള ബന്ധമെന്താണ്? "വചനം" എന്നാൽ വേദപുസ്തകം എന്നാണോ ചോദ്യകർത്താവു അർത്ഥമാക്കുന്നത്? അങ്ങനെയാണെങ്കിൽ ഇരിക്കുന്ന കൊമ്പു മുറിക്കുന്ന ഒരു അപകടം അതിലുണ്ട്. സങ്കീർത്തനങ്ങൾ എഴുതിയതു ദാവീദാണെന്നാണ് പറയപ്പെടുന്നത്. ക്രിസ്തുവിനു 1000 കൊല്ലങ്ങൾക്കു മുൻപാണു ദാവീദു ജീവിച്ചിരുന്നത്. ദൈവത്തിൻെറ വചനമടങ്ങിയിരിക്കുന്ന വേദപുസ്തകം പൂർണ്ണമാണെന്നാണു ദാവീദ് അന്നു പറയുന്നതെങ്കിൽ പുതിയ നിയമത്തിലെ എല്ലാ പുസ്തകങ്ങളും പഴയ നിയമത്തിലെ അവസാനത്തെ മിക്കപുസ്തകങ്ങളും അനാവശ്യമെന്നു പറഞ്ഞു നാം തള്ളിക്കളയേണ്ടി വരുമല്ലോ. കാരണം അവ ഉണ്ടാകുന്നതിനു വളരെ മുൻപുതന്നെ ദൈവത്തിൻെറ വചനം പൂർണ്ണമായിരിക്കുന്നു. അപ്പോൾ അങ്ങനെയായിരിക്കുകയില്ലാ ആ പദങ്ങൾക്കർത്ഥം.

ദൈവത്തിൻെറ വചനങ്ങൾ അപൂർണ്ണമാണെന്നു ദൈവവിശ്വാസികളാരും വാദിക്കുകയില്ല. ദൈവത്തിൻെറ പൂർണ്ണമായ വചനം പൂർണ്ണമായി വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ലായെന്നു മാത്രമേ 6-ാം ചോദ്യത്തിനു മറുപടി നൽകുകയിൽ പ്രസ്താവിച്ചിട്ടുള്ളു. ചോദ്യകർത്താവു ഭാവന ചെയ്യുന്നതുപോലെ "അതു ദൈവവചനത്തിൻെറ അപൂർണ്ണതയെ, ദൈവത്തിൻെറയും തൻെറ പ്രവൃത്തികളുടെയും അപൂർണ്ണതയെ, കൊട്ടിഘോഷിക്കുകയല്ല" ദൈവം വേദപുസ്തകം എഴുതുകയോ, താൻ പഠിപ്പിച്ചതെല്ലാം എഴുതിവെക്കുവാൻ ശിഷ്യന്മാരോട് ആവശ്യപ്പെടുകയോ ചെയ്തിരുന്നുവെങ്കിൽ, ചോദ്യകർത്താവിൻെറ സംശയത്തിനു വല്ല സ്ഥാനവും കല്പിക്കാമായിരുന്നു. നേരേമറിച്ചു ഈശോ ചെയ്ത മററു പലതും വേദപുസ്തകത്തിൽ എഴുതപ്പെടാത്തതായുണ്ടെന്ന് വിശുദ്ധ യോഹന്നാൻ ഖണ്ഡിതമായി പ്രസ്താവിക്കുന്നുമുണ്ട്. ചുരുക്കത്തിൽ ആറാം ചോദ്യത്തിലെ പ്രമേയം ദൈവവചനം പരിപൂർണ്ണമല്ലായെന്നല്ലാ, പ്രത്യുത പരിപൂർണ്ണമായ ദൈവവചനം പരിപൂർണ്ണമായി വേദപുസ്തകത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടില്ലായെന്നതാണ്.

89. ചോ: "വേദപുസ്തകത്തെക്കാൾ പരമമായ ഒരധികാരം സഭയ്ക്കുണ്ടെന്നല്ലേ അതു തെളിയിക്കുന്നത്" എന്ന് 6-ാം ചോദ്യത്തിൻെറ ഉത്തരത്തിൽ പറയുന്നു. വേദപുസ്തകം ദൈവവചനമാണല്ലോ. ദൈവവചനമില്ലാതെ എങ്ങനെ സഭയുണ്ടാകും?

(കെ പി പൗലോസ്, തൊടുപുഴ)

ഉ: "അതു" തെളിയിക്കുന്നത്" എന്നു ചോദ്യത്തിൽ തന്നെ ഉണ്ടല്ലോ. ഏതു് തെളിയിക്കുന്നത്? ആറാം ചോദ്യത്തിനു നൽകിയിരുന്ന ഉത്തരം മനസ്സിരുത്തി വായിച്ചിരുന്നെങ്കിൽ ഈ സംശയം ഉണ്ടാകുമായിരുന്നില്ലാ. ഇന്നയിന്ന പുസ്തകങ്ങൾ കൂടുന്നതാണ് വേദപുസ്തകം എന്ന് അതിൽ ഒരിടത്തും പറഞ്ഞിട്ടില്ലാത്ത സ്ഥിതിക്ക് കൃത്രിമങ്ങളേവയെന്ന് എങ്ങനെ കണ്ടുപിടിക്കുവാൻ സാധിക്കും? ഇന്നു വേദപുസ്തകത്തിൽ ഉൾപ്പെടുത്താതിരിക്കുന്നവ കൃത്രിമങ്ങളാണെന്നും സ്വീകാര്യങ്ങളല്ലെന്നും തീരുമാനിച്ചു വിധിച്ചതു് സഭയാണ്. സഭ ഇങ്ങനെ വിധിക്കാതിരുന്നുവെങ്കിൽ ആ കൃത്രിമഗ്രന്ഥങ്ങളും ദൈവനിവേശിതങ്ങളായി സ്വീകരിക്കേണ്ടി വരുമായിരുന്നു. വേദപുസ്തകത്തെക്കാൾ പരമമായ ഒരു അധികാരം സഭയ്ക്കുണ്ടെന്നല്ലേ അതു തെളിയിക്കുന്നത്?" എന്നാണ് 6-ാം ചോദ്യത്തിൻെറ ഉത്തരത്തിൽ പ്രസ്താവിച്ചിരിക്കുന്നത്.

വേദപുസ്തകഗ്രന്ഥങ്ങളെല്ലാം ഒന്നിച്ച് അച്ചടിച്ച് ബയൻറുചെയ്തു കിട്ടുന്ന ഇരുപതാം നൂററാണ്ടിലെ സൗകര്യം ഒന്നും രണ്ടും നൂററാണ്ടുകളിൽ ജീവിച്ചിരുന്നവർക്കുണ്ടായിരുന്നില്ല. അന്നു പലരുടെയും പേരിൽ പല സുവിശേഷങ്ങളും പ്രചരിച്ചിരുന്നു. ഇവയിൽ ദൈവനിവേശിതങ്ങളേതു്, അല്ലാത്തവയേതു് എന്ന് എങ്ങനെ അറിയാൻ അവർക്കു സാധിക്കും? ഇന്നിന്നവയാണു ദൈവനിവേശിതങ്ങളെന്നു സഭ വിധിച്ചു; സഭാംഗങ്ങൾ അതു സ്വീകരിക്കുകയും ചെയ്തു. ഈ സ്വീകരണത്തിനു് ആധാരം സഭയുടെ വിധിയാണ്.

വിശുദ്ധ മത്തായിയുടെ സുവിശേ

# ഇതോ, ഞാൻ സ്വപ്നംകണ്ട പറുദീസാ!

(ദേവദാസ്)

വർദ്ധിച്ചുവരുന്ന കൈരളീസന്താനങ്ങൾക്കഭയം നൽകാൻ കേരളമാതാവ് വരുണനിൽനിന്നിരന്നുവാങ്ങിയ വെൺമണൽത്തടാകമാകുന്നതീരപ്രദേശത്താണു ഞാൻ ജനിച്ചതു്. പട്ടിണിയും ക്ലേശവും ബാല്യം മുതല്ക്കേ എന്റെ സഹചാരികളായിരുന്നു. അദ്ധ്വാനശീലനായ മനുഷ്യന്റെനേരെ കൈ മലർത്തിക്കാണിക്കാനല്ലാതെ നിർദ്ധനയായ ഭൂദേവിയുടെ ആ ഇളയ സന്താനത്തിനു് വേറൊരു നിവൃത്തിയുമില്ല. തദ്വാരാ വിളറി ദുഃഖപൂരിതമായ മുഖങ്ങളോടും ഒട്ടിയ വയറുകളോടുംകൂടിയല്ലാതെ എന്റെ നാടിനെ സ്മരിക്കുവാൻ ആക്കും സാദ്ധ്യമല്ല. അതിനാൽ ഞാനെന്തിനു് എന്റെ ക്ലേശത്തെപ്പററിമാത്രം അധികം വ്യാകുലപ്പെടണം? അങ്ങനെ എന്റെ വ്യഥയുടെ പരിധി വർദ്ധിച്ചു. പക്ഷെ ഇപ്രകാരം മനംനീറി വിഷമിച്ചതുമാത്രം കൊണ്ടെന്തുഫലം? പോരാ. ഇതിനൊരു വിരാമമിടാൻ കഴിവതും ശ്രമിക്കണം, ജീവിതത്തിരമാലകൾക്കിടയിൽപ്പെട്ടുലയുന്ന എന്റെ സഹയാത്രക്കാരെ കരയ്ക്കടുപ്പിക്കുവാൻ. അതു സാദ്ധ്യമല്ലെങ്കിൽ അവരെ തെല്ലൊന്നാശ്വസിപ്പിക്കുകയും ആശയുടെ അല്പചെറുകിരണങ്ങളെങ്കിലും പ്രദാനം ചെയ്യുകയും ചെയ്യുവാൻ എന്റെ ഹൃദയം വെമ്പൽകൊണ്ടു. സമുദായവേദിയിൽനിന്നും തകർത്തു തള്ളപ്പെട്ട സാഹോദര്യത്തെയും സഹാനുഭൂതിയേയുംപുനഃപ്രതിഷ്ഠിക്കുവാൻ—അവയുമായുള്ള വടംവലിയിൽ ഛേദിക്കപ്പെട്ട മനുഷ്യബന്ധത്തെ പുനഃസ്ഥാപിക്കുവാൻ—എന്റെ എളിയ ബുദ്ധിയുടെ പ്രകാശമാകുന്ന കൊച്ചുവിളക്കുംകൊണ്ടു് സ്നേഹസൂര്യന്റെ അസ്തമനംമൂലം ഇരുട്ടുനിറഞ്ഞിരുന്ന മനുഷ്യജീവിതത്തിന്റെ പലയറകളും ഞാൻ കയറിയിറങ്ങി. അവിടെങ്ങും യാതൊരാശയ്ക്കും വഴി കണ്ടില്ല.... കാലങ്ങളങ്ങനെ കഴിഞ്ഞു...

## കാലം പിറന്നു

അവസാനം ഞാനാശിച്ച ആ മംഗളോദയപ്പുലരി വന്നുചേർന്നു! ദുഃഖിതരുടേയും ക്ലേശിതരുടേയും അവശതകൾ പരിഹരിക്കുക, തൊഴിലാളികളുടെ അവകാശങ്ങൾസ്ഥാപിക്കുക. പട്ടിണിക്കൊരന്ത്യംവരുത്തുക തുടങ്ങിയ മധുരവാക്കുകൾ നിറിക്കൊണ്ടിരുന്ന എന്റെ ഹൃദയത്തെ തണുപ്പിച്ചു. ആ സമാധാനദൂതന്റെ സന്ദേശം, പരമാർത്ഥതയുടെ നിറവിൽനിന്നും പകന്നൊലിച്ച തേൻതുള്ളികളായി ഞാൻ സ്വീകരിച്ചു. കമ്മ്യൂണിസം! അദ്ധ്വാനിക്കുന്നവരുടെയും ഭാരം വഹിക്കുന്നവരുടെയും ആശാദീപമായി എന്റെ മനോദർപ്പണത്തിൽ സദാ പ്രകാശിച്ചുകൊണ്ടിരുന്നു. സമുദായത്തിൽ കടന്നുകൂടിയ തീരാവ്യാധികൾക്കൊരൊററമൂലി കണ്ടുപിടിക്കപ്പെട്ടു! സമുദായസ്നേഹികളെ സ്വാഗതം ചെയ്യുവാൻകഴിവുള്ളതായി ഞാൻസ്വപ്നംകണ്ട സംഘടനാശിശു എന്റെ നാട്ടിൽ ജനിച്ചുകഴിഞ്ഞതിൽ ഞാനഭിമാനംകൊണ്ടു.

പക്ഷെ അധികനാൾ കഴിഞ്ഞില്ല. സമുദായത്തിൽ നിലയും വിലയുമുള്ള പലരും അതിന്റെ നേരെ മുഷ്ടി ചുരുട്ടിത്തുടങ്ങി. അതിനെതിരായി സ്വരം മുഴക്കുന്നതു് സ്വാർത്ഥമതികളായ മുതലാളികളും അവരുടെ സഹചാരികളായ വൈദികരുമാണെന്നു ഘോഷിക്കപ്പെട്ടു. സാധുക്കളെ ചൂഷണം ചെയ്തു നേടിയ ധനം നഷ്ടപ്പെടാതിരിക്കുവാൻ പ്രയോഗിക്കുന്ന അടവാണിതെന്ന സഖാക്കളുടെ ആരോപണം കുറെ സ്വീകാര്യമായി എനിക്കുതോന്നി. സാധുക്കളോടുള്ള സ്നേഹത്താലും എളിയ ജീവിതത്തിന്റെ മഹത്വം മനുഷ്യരെ മനസ്സിലാക്കുവാനും മനുഷ്യനായി ജനിച്ചു് ദരിദ്രരെയും ക്ലേശിതരെയും ആശ്വസിപ്പിച്ചു് ദരിദ്രനായി മരിച്ച ആ ദിവ്യന്റെ സന്താനങ്ങളായ ക്രൈസ്തവർ, ദരിദ്രരെ മാനിക്കുകയും സ്നേഹിക്കുകയും സഹായിക്കുകയും,ചെയ്യാൻ പഠിപ്പിച്ച ആ മഹാത്മാവിന്റെ അനുയായികൾ എന്തുകൊണ്ടു് സാധുക്കളുടെ സംഘടനയായ കമ്മ്യൂണിസത്തെ വെറുക്കണം? ഉത്തരം കാണാൻ ഞാൻ വിഷമിച്ചു. കമ്മ്യൂണിസത്തോടുള്ള വെറുപ്പ് മുതലാളിക്കൂട്ടുകെട്ടിൽനിന്നും ഉടലെടുത്ത ഒരു തട്ടിപ്പായിരിക്കാമെന്നു ഒടുവിൽ ഞാൻ സമാധാനിച്ചു.

## അതിന്റെ തനിനിറം

എന്നാൽ കമ്മ്യൂണിസം നിരീശ്വരപരമാണു്,അസാന്മാർഗ്ഗികമാണു്, മൃഗീയമാണു് എന്നൊക്കെ സാധുജനങ്ങളിൽ അനുകമ്പയുള്ള എന്റെ സ്നേഹിതരിൽ ചിലർ പോലും പറഞ്ഞുകേട്ടപ്പോൾ എനിക്കു് ഒരു ഞെട്ടൽ തോന്നി. എന്തെന്നാൽ ദൈവവും സാന്മാർഗ്ഗികതത്വങ്ങളും മനുഷ്യജീവിതത്തിന്റെ അനുപേക്ഷണീയമായ അംശങ്ങളെന്നു് ഞാൻ തീർത്തും അറിഞ്ഞിരുന്നു. ഈ പ്രപഞ്ചം മുഴുവനും അതിന്റെ അത്ഭുതഗതികളും നിയന്ത്രിക്കുന്ന ഒരു പരാശക്തിയെ നിഷേധിക്കുന്നതിലും ഉത്തമം സ്വന്തം അസ്തിത്വത്തെ നിഷേധിക്കുകയാണെന്ന ബോദ്ധ്യമാണെനിക്കുള്ളതു്. ബുദ്ധി, മനസ്സു്, സ്വാതന്ത്ര്യം തുടങ്ങിയ വിശിഷ്ടഗുണങ്ങളാൽ അനുഗൃഹീതനായ മനുഷ്യനു് മററു സകലവസ്തുക്കളിലും ഉപരിയായ ഒരാത്മാവുണ്ടെന്നും, അവന്റെ അതിരററ ആഗ്രഹങ്ങളെ ഈ ലോകത്തിൽ യാതൊന്നിനും തൃപ്തിപ്പെടുത്തുവാൻ വഹിയായെങ്കിൽ പരത്തിൽ അതാശിക്കണമെന്നും ഞാൻ വിശ്വസിച്ചു. പ്രകൃതിയിൽ ഏതൊരു തൃഷ്ണയ്ക്കും ഒരു ശമനവസ്തുവുണ്ടെങ്കിൽ മനുഷ്യന്റേതു മാത്രം ശൂന്യമായിപ്പോകുകയോ? ഇത്ര വിശിഷ്ടശക്തികളുടെ ആസ്ഥാനമായ മനുഷ്യന്റെ ജീവിതം ശവക്കുഴികൊണ്ടവസാനിക്കുമെന്നു പറയുന്നവരുടെ യുക്തി വെറും ഭ്രാന്തെന്നല്ലാതെ എനിക്കു മനസ്സിലാക്കാൻ സാദ്ധ്യമല്ല. ലോകത്തിൽ പല ദുരിതങ്ങളുള്ളതുകൊണ്ടു് ദൈവമില്ലെന്നു ശഠിക്കുന്ന ചിലരെ ഞാൻ കണ്ടിട്ടുണ്ടു്. പക്ഷേ നന്മതിന്മകളറിയാനുള്ള ബുദ്ധിവൈഭവവും എന്തും തിരിഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യവും ആ പരാശക്തി നൽകിയിട്ടുള്ളിടത്തോളം കാലം സമുദായത്തിലെ ഏററക്കുറച്ചിലുകൾക്കു് കാരണഭൂതൻ മനുഷ്യനാണു്; അതിനുത്തരവാദി അവനാണു്; അതു പരിഹരിക്കേണ്ട ചുമതലയും അവന്റേതുതന്നെ. അതിനു ദൈവത്തെയല്ല പഴിക്കേണ്ടതു് എന്നാണെന്റെ ബോദ്ധ്യം.

കമ്മ്യൂണിസം കെട്ടിപ്പടുത്തിട്ടുള്ളതു് മനുഷ്യസ്നേഹിയും തത്വജ്ഞനുമായ മാർക്സിന്റെ സിദ്ധാന്തങ്ങളിലാണെന്നതിൽക്കവിഞ്ഞു് ഞാനൊന്നും ഗ്രഹിച്ചിരുന്നില്ല കമ്മ്യൂണിസ്റ്റുകാരെന്നു സ്വയം അഭിമാനിച്ചു് തൊഴിലാളികളുടെ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുവാൻ ഭഗീരഥപ്രയത്നം ചെയ്യുന്ന നിഷ്കളങ്കരായ മനുഷ്യസ്നേഹികളിൽ ഭൂരിപക്ഷവും ഈ ഗണത്തിൽപ്പെടും. ക്ലേശച്ചുഴിയിൽനിന്നും ദരിദ്രലക്ഷങ്ങളെ കരേററുവാനുള്ള ഉപാധിയായി ഞാൻ കണ്ട കമ്മ്യൂണിസത്തിൽ യാതൊരു തെററുമില്ലെങ്കിൽ എന്തിനു് സാധുജനങ്ങളിൽ അനുകമ്പയുള്ള പല മഹാമനസ്കരും അതിനെ ശക്തിയായി അപലപിക്കണം? സമുദായോന്നമനമെന്ന ഏക ഉദ്ദേശത്തോടെ ഉയർന്നുവരുന്ന ഇരുപതാംനൂററാണ്ടിലെ ഒരു ധനശാസ്ത്രസംഹിതയോ, ഒരു വെറും രാഷ്ട്രീയസംഘടനയോമാത്രം ആയി അഭ്യസ്തവിദ്യരിൽ പലരും കരുതുകയും, സഖാക്കൾ കൊട്ടിഘോഷിക്കുകയും ചെയ്യുന്ന കമ്മ്യൂണിസത്തിന്റെ ഉള്ളറയിൽ വല്ല കപടതന്ത്രങ്ങളും മറഞ്ഞുകിടപ്പുണ്ടാകുമോ? മതവും രാഷ്ട്രവും മനുഷ്യന്റെ രണ്ടു വ്യത്യസ്ഥാംശങ്ങളെ സ്പർശിക്കുന്ന ഘടകങ്ങളാണല്ലോ. അതിനാൽ ആത്മാവും ശരീരവും പരിപൂർണ്ണയോജിപ്പിൽ ഒരു മനുഷ്യനിൽ സ്ഥിതിചെയ്യും വിധം എന്തുകൊണ്ടു് മതചിന്തയേയും ഒരു വെറും ധനതത്വപരമോ, രാഷ്ട്രീയമോ ആയ കമ്മ്യൂണിസത്തേയും ഒരുപോലെ സ്നേഹിച്ചുകൂടാ...വീണ്ടും ഭയങ്കരമായ ഇരുട്ടുകുഴിയിൽ തപ്പിയലയുന്നവന്റേതുപോലെയായി എന്റെമനസ്സ്. "തെററായാലും ശരിയായാലും സമുദായത്തിലെ അസമത്വങ്ങൾ ദൂരീകരിക്കുവാൻ, സ്വദുരിതങ്ങൾക്കൊരു പരിഹാരം കണ്ടെത്തുവാൻ സന്മാർഗ്ഗമൂല്യങ്ങൾ ബലികഴിക്കേണ്ടിവന്നാലും വേണ്ടില്ല, മുമ്പോട്ടു പോകുകതന്നെ" എന്ന ആശയം ഒരിക്കലും എനിക്കു് സ്വീകാര്യമായിരുന്നില്ല. അതിനാൽ സഖാക്കളുടെ വാക്കുകൾക്കപ്പുറം കമ്മ്യൂണിസത്തിന്റെ തനിനിറമെന്തായിരിക്കണമെന്നറിയാൻ എന്റെ ഹൃദയം വെമ്പൽകൊണ്ടു.

## മാർക്സിയൻ സിദ്ധാന്തം

കമ്മ്യൂണിസ്റ്റുതത്വങ്ങളുടെ ജനയിതാവായ മാർക്സ് ആരാണു്? ദുരിതസാഗരത്തിൽനിന്നും തൊഴിലാളിവർഗ്ഗത്തെ കരേററുവാൻ അതിതീക്ഷ്ണം ആഗ്രഹിച്ച ഒരു മനുഷ്യസ്നേഹിയാണു്. സ്വചിന്തകൾ കരുപ്പിടിപ്പിക്കുംമുമ്പു് അദ്ദേഹത്തിനു്, ദൈവവും മതവുമായി പരിചയപ്പെടാൻ ആദ്യമായി ഇടവന്നതു് നിരീശ്വരവാദിയും മതദ്വേഷിയുമായ ഫ്യൂബർ ബാക്കിന്റെ ക്രിസ്തുമതസാരാംശം എന്ന കൃതി വഴിയാണു്. കൂടാതെ സർവ്വകലാശാലയിൽവച്ചു് ഹേഗലിന്റെ തത്വങ്ങളും അദ്ദേഹം മനസ്സിലാക്കി. ഇവ രണ്ടും കൂട്ടിയിണക്കി എംഗൽസിന്റെ സഹായത്തോടെ അദ്ദേഹത്തിന്റെ തത്വങ്ങൾക്കു രൂപം നൽകി. പ്രപഞ്ചത്തിൽ ലൗകികം അഥവാ പദാർത്ഥപരമായവ (Matter) യിൽക്കവിഞ്ഞു് യാതൊരു ശക്തിയുമില്ല. ഏതു വസ്തുവിലും ഉള്ള പരസ്പരവിരുദ്ധങ്ങളായ ശക്തികളുടെ സംഘട്ടനത്തിൽ ഒരു പുതിയ യാഥാർത്ഥ്യം രൂപം പ്രാപിക്കുന്നു. ഈ തത്വമുപയോഗിച്ചു്, സമുദായം, ചരിത്രം, മതം മുതലായവയെ വ്യാഖ്യാനിക്കുകയാണെടുത്തപടി. അപ്രകാരം സമുദായത്തിലെ തകർന്ന ബന്ധങ്ങൾ സ്ഥാപിക്കുവാനുള്ള വ്യഗ്രതയിൽ മനുഷ്യജീവിതത്തിന്റെ അടിസ്ഥാനപരമായ പല തത്വങ്ങളും ചവിട്ടിമെതിക്കപ്പെട്ടു. പരിപൂർണ്ണമായ ഒരു സാമുദായികവ്യവസ്ഥിതിയിലെത്തുവാൻ പരിമിതനായ മനുഷ്യൻ അവന്റെ സ്രഷ്ടാവിനോടുള്ള ബന്ധം വേർപെടുത്തി സ്വാതന്ത്ര്യം പ്രാപിക്കുക, തദ്വാരാ നിലവിലിരിക്കുന്ന ധർമ്മ, സത്യ, നീതിബോധങ്ങളെ തകർക്കുക എന്ന തത്വമാണു് ഏററം ഉപകാരപ്രദമായി, വഴിപിഴച്ചുപോയിരുന്ന അദ്ദേഹത്തിന്റെ ചിന്താഗതിയിൽ അദ്ദേഹം കണ്ടതു്. അങ്ങനെ ആ പോക്കു ലോകത്തെ ഒരിക്കൽ രക്ഷപെടാൻ നിർവ്വാഹമില്ലാത്തവിധം അന്ധകാരം നിറഞ്ഞ പാതാളത്തിലേക്കു് തള്ളിയിടുമെന്നു ആ സാധുമനുഷ്യൻ സ്വപ്നം കണ്ടോ ആവോ? അദ്ദേഹം കണ്ടുപിടിച്ചു നിർദ്ദേശിച്ച പ്രതിവിധിയെ പിൻചെല്ലുന്ന പലരും അതിന്റെ പിന്നിൽ ഒളിഞ്ഞുകിടക്കുന്ന മതവിരോധത്തെ ദർശിക്കുന്നില്ലെന്നതാണു് വ്യസനകരമായ പരമാർത്ഥം. സാമുദായികവ്യവസ്ഥിതിയെ ആഗ്രഹിക്കുന്ന പല ശുദ്ധഹൃദയരും അതിന്റെ ബാഹ്യരൂപത്താലാകൃഷ്ടരായി ഒടുവിൽ സ്വമനസ്സാക്ഷിയെയും വ്യക്തിത്വത്തെത്തന്നെയും, തൂക്കിലിട്ടുകൊണ്ടു് ഈ നാരകീയതത്വങ്ങളെ ആലിംഗനം ചെയ്യാൻ പ്രേരിപ്പിക്കപ്പെടും എന്നതാണു് മാർക്സ് പരോക്ഷമായി വരിച്ച ഏററവും വമ്പിച്ച വിജയവും.

ദൈവമില്ലെന്നു ശഠിച്ചതുകൊണ്ടുമാത്രം കമ്മ്യൂണിസം അതിന്റെ അന്ത്യത്തിലെത്തുന്നില്ല. സാമുദായികവ്യവസ്ഥിതിയെ കെട്ടിപ്പടുക്കാനുള്ള ഒന്നാമത്തെ ഉപാധി പ്രമുഖത്തുള്ള ഓരോ മനുഷ്യഹൃദയത്തിൽനിന്നും ദൈവവിശ്വാസത്തെ ഉന്മൂലനംചെയ്യുക എന്നുള്ളതാണു്. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്നു മാർക്സ് പറഞ്ഞതു വെറുതെയല്ല. "നിങ്ങൾ സർവ്വശക്തിയുമുപയോഗിച്ചു് ഈശ്വരനെന്ന ആശയത്തെക്കൂടിയും ഉന്മൂലനം ചെയ്യണം" എന്ന സന്ദേശത്തോടെയാണദ്ദേഹം നവീനസമുദായോദ്ധാരകരെ ആഹ്വാനംചെയ്യുന്നതു്. ഈ ഉപദേശത്തെ അക്ഷരംപ്രതി അതിന്റെ അനുയായികൾ സ്വീകരിച്ചു് പ്രായോഗികമാക്കുന്നുവെന്നു് കമ്മ്യൂണിസ്റ്റു് രാജ്യങ്ങളുടെ ചരിത്രം വിളിച്ചറിയിക്കുന്നു ശരിയാണു്; ഭൗതികവാദത്തിൽ വിശ്വസിക്കുന്ന ഏതൊരുവനും അതിനാൽത്തന്നെ ദൈവത്തേയും മതത്തേയും വെറുക്കാൻ ബാദ്ധ്യസ്ഥനായിത്തീരുന്നു. ഇക്കാണുന്ന ഭൗതികവസ്തുക്കൾക്കുപരി യാതൊന്നുമില്ലെങ്കിൽ മനുഷ്യനും പട്ടിയും, പുല്ലും കല്ലും എല്ലാം ഒരേയൊരു വസ്തുവിന്റെ സ്വയംപരിണാമിതരൂപങ്ങളാണു്. അപ്പോൾ അത്ഭുതജീവിയായ മനുഷ്യന്റെ ബുദ്ധി, മനസ്സു്, സ്വാതന്ത്ര്യം ഇവയുടെ ആസ്ഥാനമായ ജീവൻ അഥവാ ആത്മാവിനെ കണ്ണുമടച്ചുകൊണ്ടു് മൃഗജീവിതത്തിന്റെ രൂപഭേദമായി കരുതിക്കൊള്ളണം. ആറടി മണ്ണിനപ്പുറം ഒരു ജീവിതമില്ലെങ്കിൽ, ദൃശ്യശക്തികൾക്കതീതമായ ഒരു ശക്തിയില്ലെങ്കിൽ. എന്തിനാണൊരു ദൈവം, ധർമ്മബോധം ഇതെല്ലാം?

അങ്ങനെയെങ്കിൽ ഈ സഖാവെന്നുള്ള മധുരനാമത്തിന്റെ അർത്ഥം ഏതു ലോകത്താണന്വേഷിക്കുക. അതാണെനിക്കു മനസ്സിലാക്കാൻ വയ്യാത്ത രഹസ്യം. സാഹോദര്യത്തിനടിസ്ഥാനമായി നിലകൊള്ളുന്ന ആ പൊതുപിതാവാരാണു്? അപ്രകാരമൊരു പിതാവിനെ അംഗീകരിക്കാത്തിടത്തോളംകാലം സഖാവെന്നുള്ള പദം കൊടുംവഞ്ചനയുടെ പര്യായമായി എന്നും നിലകൊള്ളും. അതുതന്നെ പ്രയോഗത്തിൽ ഇന്നു നാം കാണുകയും ചെയ്യുന്നു. പാർട്ടിയുടെ അ

Chakolas
SILK HOUSE
TRICHUR-ERNAKULAM

കല്യാണ സാരികൾ

ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ടു്.

EP

തെററിദ്ധാരണ വേണ്ട

സാക്ഷാൽ 'കാളൻ'

സോപ്പു് ഉണ്ടാക്കുകയൊ വില്ക്കുകയൊ ചെയ്യുന്നില്ല. നെല്ലായിൽനിന്നു് പുറപ്പെടുന്ന ചില സോപ്പുകളുടെ പെട്ടികളിൽ അടക്കം ചെയ്തിരിക്കുന്ന അനുകരണപ്പരസ്യങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ 'സാക്ഷാൽ കാളൻ' വക 3 സിദ്ധൌഷധങ്ങൾ

നിംബാസവം

ദ്രാക്ഷാഘൃതം

ശാരിബാതൈലം

എന്നിവയാണെന്നുള്ള വിവരം ഓർമ്മയിൽ വെക്കുന്നതു് നന്നായിരിക്കും.

N. B. കൂടുതൽവിവരങ്ങൾ സൗജന്യമായി ലഭിക്കുന്ന "കാളൻസ് ലഘുലേഖ"യിൽ നിന്നറിയാവുന്നതാണു്.

കാളൻ,

നെല്ലായി (S. India)

ഷം വേദപുസ്തകത്തിൽ ഉൾപ്പെടുത്തേണ്ടതില്ലായെന്നു സഭ അന്നു വിധിച്ചിരുന്നെങ്കിൽ അതു വേദപുസ്തകത്തിൽ ഉൾപ്പെടുകയില്ലായിരുന്നു. ആ അർത്ഥത്തിൽ വേദപുസ്തകത്തെക്കാൾ പരമമായ അധികാരം സഭയ്ക്കുതന്നെയാണു്.

വേദപുസ്തകം ദൈവവചനമാണെന്നുള്ളതിൽ ആക്കും തർക്കമില്ല. ദൈവവചനം മുഴുവൻ വേദപുസ്തകത്തിലുണ്ടെന്നുള്ള വാദത്തിലാണു തർക്കമുള്ളതു്. ഇതു രണ്ടും രണ്ടാണല്ലോ. വേദപുസ്തകം ദൈവവചനമായതുകൊണ്ടു ദൈവവചനം മുഴുവൻ വേദപുസ്തകത്തിൽ ഉണ്ടായിക്കൊള്ളണമെന്നില്ല. എന്നുമാത്രമല്ല, ഇല്ലെന്നു വിശുദ്ധ യോഹന്നാന്റെ പ്രസ്താവന തെളിയിക്കുകയും ചെയ്യുന്നു. "ദൈവവചനമില്ലാതെ എങ്ങനെ സഭയുണ്ടാകും?" എന്ന ചോദ്യം തന്ത്രപൂർണ്ണമായിട്ടുള്ളതാണു്. ദൈവത്തിന്റെ വചനം എന്ന അർത്ഥത്തിലാണു് "ദൈവവചനം" എന്ന പദം ഉപയോഗിച്ചിരിക്കുന്നതെങ്കിൽ, ദൈവത്തിന്റെ വചനം (കല്പന) അനുസരിച്ചാണു സഭ സ്ഥാപിതമായിട്ടുള്ളതു്. "ഞാൻ ഒരു സഭയെ സ്ഥാപിക്കും" എന്നതു ദൈവത്തിന്റെ വചനം തന്നെയാണല്ലോ. ഇനി വേദപുസ്തകം എന്ന അർത്ഥത്തിലാണു "ദൈവവചനം" എന്ന പദം ഉപയോഗിച്ചിരിക്കുന്നതെങ്കിൽ വേദപുസ്തകത്തിന്റെ സഹായമില്ലാതെതന്നെ സഭ ഉണ്ടാകാം. അതിനുള്ള ഒന്നാമത്തെ തെളിവു് പുതിയ നിയമത്തിലെ ഒരൊററ പുസ്തകവും എഴുതപ്പെടുന്നതിനു മുൻപുതന്നെ സഭ ഉണ്ടായിരുന്നുവെന്നതാണു്. എഴുത്തും വായനയും അറിഞ്ഞുകൂടാത്തവർക്കും ക്രിസ്തുവിൽ വിശ്വസിക്കുകയും രക്ഷപെടുകയും ചെയ്യാമെന്നതുതന്നെ, വേദപുസ്തകം കൂടാതെതന്നെ സഭയ്ക്കു നിലനിൽക്കാമെന്നതിനു തെളിവാകുന്നു. ആകയാൽ സഭയുടെ അടിസ്ഥാനം വേദപുസ്തകമല്ല, ക്രിസ്തുവിന്റെ കല്പനയാണു് എന്നു ന്യായമായി പറയാവുന്നതാണു്.

ഭിപ്രായത്തിനു വിപരീതമായ ഒരു വാദം പുറപ്പെടുവിച്ചാൽ, ആരായാലുംവേണ്ടില്ല, ആ സഖാവിനെ പിറേറന്നു ആരും കാണില്ല. ഇപ്രകാരം സാഹോദര്യത്തിൽ കെട്ടിപ്പടുത്തിട്ടുള്ള കമ്മ്യൂണിസ്റ്റ് ജനാധിപത്യമെന്തെന്നു അവസാനമായി നമുക്കല്ലം കാണാം.

ആത്മാവും ദൈവവുമില്ലെങ്കിൽ നിലവിലിരിക്കുന്ന ധാർമ്മികമൂല്യങ്ങൾക്കു എന്തു വിലയാണുള്ളത്? ധർമ്മവും അധർമ്മവും നിശ്ചയിക്കുന്ന മാനദണ്ഡം മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധവും ആ ബന്ധത്തിൽനിന്നും ഉദിക്കുന്ന കടമകളുമാണ്. ആ ബന്ധം, അതായത് അടിസ്ഥാനപരമായ സ്രഷ്ടാ-സൃഷ്ടിബന്ധം എന്നു തകരുന്നുവോ അന്നു ധാർമ്മികമൂല്യങ്ങളുടെ അടിസ്ഥാനവും തകരുന്നു. എന്നാൽ "സ്വകാര്യസ്വത്തുടമയേയും ഈശ്വരബോധത്തേയും തച്ചുടയ്ക്കുക, അപ്പോൾ മനുഷ്യൻ സ്വതന്ത്രനാകും. അവനൊരു ദൈവമാകും" എന്നു മാർക്സ് പറയുന്നതുകൊണ്ടുമാത്രം സ്വസ്വാതന്ത്ര്യത്തിനും കഴിവുകൾക്കും ഒരു പരിധിയുള്ള മനുഷ്യൻ അവൻ്റെ എളിയ കഴിവുകളിൽനിന്നും തെല്ലും ഉയരുന്നില്ല. പ്രത്യുത മൃഗങ്ങളുടെ നിലയിലേക്കു സ്വയം താഴുകയത്രേ ചെയ്യുന്നത്. അതിനാൽ ഏതെങ്കിലും ഒരു ശക്തിക്കും അതിൻ്റെ നിയന്ത്രണങ്ങൾക്കും അവൻ കീഴ്പ്പെട്ടിരിക്കണം. ഇപ്പോൾ നമുക്കു മനസ്സിലാക്കാം കമ്മ്യൂണിസ്റ്റ് സർവ്വാധിപത്യത്തിൻ്റെ അർത്ഥം. മനുഷ്യൻ ദൈവത്തിനു വേണ്ടി അവൻ്റെ നിത്യായുസ്സിനെ ഉന്നംവച്ചു ജീവിക്കേണ്ടവനല്ലെങ്കിൽ സ്റ്റേററിനായി ജീവിക്കണം; സ്വാതന്ത്ര്യത്തെ ബലികഴിച്ചുകൊള്ളണം. നീതിയും അനീതിയും, ധർമ്മവും അധർമ്മവും എന്തെന്നു നിശ്ചയിക്കേണ്ടതു സ്റ്റേററാണ്. വ്യക്തിസ്വാതന്ത്ര്യം നിശ്ചയിക്കേണ്ടതും സ്റ്റേററുതന്നെ. മുൻപറഞ്ഞ തത്വങ്ങളിലാണ് കമ്മ്യൂണിസം അധിഷ്ഠിതമായിരിക്കുന്നതെങ്കിൽ, സാന്മാർഗ്ഗികമെന്നൊന്നുണ്ടെങ്കിൽ അതിൻ്റെ മാനദണ്ഡം നിശ്ചയിക്കേണ്ടതു ഗവൺമെൻ്റല്ലേ? വെറും മൃഗീയവികാരങ്ങൾക്കപ്പുറം ഒരു കുടുംബജീവിതാടിസ്ഥാനം കമ്മ്യൂണിസത്തിനില്ലാത്തപ്പോൾ പരിപാവനവും വേർപിരിക്കുവാൻ പാടില്ലാത്തതുമായ വിവാഹബന്ധം തകർക്കുവാനും അതിനു സ്വാതന്ത്ര്യമില്ലേ? കുടുംബജീവിതം ശിഥിലമാക്കുന്ന വിവാഹമോചനം കമ്മ്യൂണിസത്തിൻ്റെ ഒരു ഭൂഷണമാണ്. ഒരുവൻ്റെ ജീവിതരാത്രിയുടെ അന്ധകാരത്തിൽ പ്രകാശം നൽകേണ്ട താരങ്ങളായ സ്വപ്രേയസിയും സന്താനങ്ങളും ഒരുമിച്ചുള്ള ജീവിതം എന്നാണു തകരുകയെന്ന ആശങ്ക; സ്വരക്തത്തിൻ്റെ രക്തവും ജീവൻ്റെ ജീവനുമായ സന്താനങ്ങൾക്കു ജീവൻ കൊടുത്തുകഴിഞ്ഞാൽ അവർ രാഷ്ട്രത്തിൻ്റേതാകുമെന്ന തത്വം! കൊള്ളാം. ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും രാഷ്ട്രത്തിൻ്റെ നന്മയ്ക്കായി അതെല്ലാം സ്വീകരിക്കണം. ശവക്കുഴിക്കപ്പുറം ഒരു ജീവിതമില്ലെങ്കിൽ കാളയോടും പോത്തിനോടും പെരുമാറുംവിധം മനുഷ്യനോടും ആവാം. അധികാരചക്രം തിരിക്കുന്ന വൻതോക്കുകൾക്കുള്ള ലൈസൻസ് ചോദ്യംചെയ്യപ്പെടാവതല്ല. പാർട്ടിക്കെതിരായി സ്വരമുയർത്തിയാൽ ആയിരമായിരങ്ങളെ തോക്കിനിരയാക്കുവാനും കാരണസഹിതമോ അല്ലാതെയോ സംശയിക്കപ്പെടുന്നവരെ അടിമക്യാമ്പിലേക്കു പറഞ്ഞയക്കുവാനും അതിനു പരിപൂർണ്ണസ്വാതന്ത്ര്യമുണ്ട്. ഇതു കെട്ടുകഥയും ഇന്നലെ കഴിഞ്ഞതുമാത്രവുമായ സംഭവമല്ല. ഇന്നു തുടന്നുകൊണ്ടിരിക്കുന്നതാണ്. 1917ൽ തുറന്ന രക്തക്കളങ്ങൾ ഇന്നും ഉണങ്ങിയിട്ടുണ്ടോ? ഈ അടുത്തകാലത്തെ നയംമാററങ്ങളെല്ലാം കഴിഞ്ഞിട്ടും ഹംഗറിയിലെ രാജ്യസ്നേഹികളുടെ ചങ്കിൽനിന്നുള്ള രക്തം റഷ്യൻതോക്കുകൾ ബുഡാപ്പെസ്റ്റിലെ നഗരവീഥിയിൽ പുഴകൾ നിർമ്മിക്കുന്നതുകണ്ട് ഇൻഡ്യൻ കമ്മ്യൂണിസ്റ്റുകാരുടെ ഹൃദയംപോലും അലിഞ്ഞില്ലേ? നിരപരാധികളുടെ ഹൃദയത്തിൽനിന്നൊഴുകിയ രക്തപ്പുഴ നീന്തിക്കടന്നു് കമ്മ്യൂണിസ്റ്റ് ജനായത്തം ഇന്നും മുന്നേറിക്കൊണ്ടിരിക്കുന്നു... ഇതോ ഞാൻ സ്വപ്നംകണ്ട പറുദീസാ?

# മരിയസൈന്യവും സാമൂഹ്യസേവനവും

(മിസ്സ് പി. എൽ. ഏലിക്കുട്ടി, കമ്മീസിയം പ്രസിഡണ്ട്)

ചിനയത്തിൻ്റെ ഉത്തമമാതൃകയായി വളന്നു ആത്മപരിത്യാഗവും നിരന്തരമായ സേവനവും അനുദിനാനുഷ്ഠാനമായി സ്വീകരിച്ചു വിജയംവരിച്ച മരിയാംബികയ്ക്കു ഒരു സൈന്യമെന്തിനു്? സ്വപുത്രൻ്റെ ജനനവേളയിൽ "ഭൂമിയിൽ നന്മനസ്സുള്ളവർക്കു സമാധാനം" എന്നു മാലാഖാമാർ പാടിയ കീർത്തനത്തിലെ വേദാന്തസാരം അനുദിനം അനുവർത്തിച്ചുപോന്ന ആ പാവനചരിതയ്ക്കു സമരസന്നദ്ധരായ സൈനികർ ആവശ്യമായതെങ്ങിനെ? ദൈവജനനിയായ പരിശുദ്ധകന്യകാമറിയത്തിനു ഇന്നും ഒരു ശത്രു ഉണ്ടെന്നോ അനുമാനിക്കേണ്ടതു്? തല തകർന്നിട്ടും ആ സർപ്പം പ്രാണൻ വെടിഞ്ഞില്ലെന്നോ? അതേ, പാപമാകുന്ന ആ സർപ്പത്തിൻ്റെയും അതിൻ്റെ നിരവധി വിപൽസന്താനങ്ങളുടെയും ബാധയിൽനിന്നു മനുഷ്യവർഗ്ഗത്തെ അവൾ ഇപ്പോഴും രക്ഷിക്കേണ്ടിയിരിക്കുന്നു. ഇതിനായി മറിയത്തോടൊരുമിച്ച് അവളുടെ നേതൃത്വത്തിൽ യുദ്ധം ചെയ്യാൻ പ്രാപ്തരും വിശ്വസ്തരുമായ ഒരു സൈന്യവ്യൂഹം മറിയത്തിനു ആവശ്യമുണ്ടു്. പാപത്തിൻ്റെ ഈ വിപൽസന്താനങ്ങൾ ഒരു സ്ഥലത്തുമാത്രം കേന്ദ്രീകൃതമല്ല. എവിടെയും ജനസഞ്ചയത്തെ അവ ചുററിയിരിക്കുന്നു. മുൻകാലത്തെക്കാൾ ഭീകരമായിട്ടാണു ഇന്നു അവ പ്രവർത്തനം നടത്തുന്നതും.

ഭൗതികവാദം, കമ്മ്യൂണിസം, നിർമ്മതത്വം എന്നിങ്ങനെയുള്ള വിവിധ പ്രസ്ഥാനങ്ങൾ, കത്തോലിക്കാ മതസിദ്ധാന്തങ്ങൾക്കെതിരായ തത്വങ്ങൾകൊണ്ടു ലോകത്തെ വികൃതമാക്കുന്നു. ഭൗതികത്വാസക്തിയെ ജനതയിൽ കുത്തിവയ്ക്കുന്ന പ്രബോധനങ്ങൾ അവ പ്രചരിപ്പിക്കുന്നു. ആത്മശരീരവിനാശകങ്ങളായ വ്യാപാരങ്ങളിൽ ജനങ്ങളെ അവ നിമഗ്നരാക്കുന്നു. വർഗ്ഗമത്സരം, അധികാരനിഷേധം, മതവിദ്വേഷം, വ്യക്തിത്വപൂജ, ജനനനിയന്ത്രണം എന്നിങ്ങനെ അനർത്ഥകരങ്ങളായ മാർഗ്ഗങ്ങളിലൂടെ ആദ്ധ്യാത്മികാധഃപതനം വരുത്തി ആ സർപ്പം മുന്നേറുകയാണു്. ഏതാദൃശമായ ഒരു യുഗത്തിലേക്കാണു് നാം പ്രവേശിച്ചിരിക്കുന്നതു്. കത്തോലിക്കാസഭയുടെ ആരംഭകാലം തുടങ്ങി രാഷ്ട്രത്തിൻ്റെയും സമുദായത്തിൻ്റെയും ഭദ്രതയ്ക്കും ക്ഷേമത്തിനും, നിലനില്പിനും വേണ്ടി തിരുസഭ നൽകിപ്പോന്ന പ്രബുദ്ധവും ആദരണീയവുമായ അടിസ്ഥാനതത്വങ്ങളുടെ സംഹിത ഒന്നാകെ ഇന്നു ആക്രമണവിധേയമായിരിക്കുന്നു. സന്മാർഗ്ഗജീവിതത്തിലുള്ള അധഃപ്പതനവും സാമുദായികമായ കുഴപ്പങ്ങളും, മദ്യപാനത്തിൻ്റെ ചൊല്ലിയാട്ടവുമാണു് ഇതിൻ്റെയെല്ലാം അനന്തരഫലങ്ങൾ.

ആദ്ധ്യാത്മികകാര്യങ്ങളിലുണ്ടായിക്കൊണ്ടിരിക്കുന്ന അനാസ്ഥയും അമർഷവും 'അജ്ഞതയും പ്രതിരോധകശക്തികളുടെ മുന്നേററത്തെ ത്വരിതപ്പെടുത്തുന്നു. തന്മൂലം മതാത്മകത്വവും സന്മാർഗ്ഗബോധവും നശിക്കുന്ന ഒരു കാലം വിദൂരമല്ല എന്നുപോലും ചിലർ ആശങ്കപ്പെടുന്നു. തീർച്ചയായും മതപരമായ ഉൽക്കർഷത്തിനു ക്ഷതം തട്ടിയിരിക്കുന്ന ലക്ഷണങ്ങളാണു അന്തരീക്ഷത്തിൽ തെളിഞ്ഞുകാണുന്നതു്. ഈ ദുർഘടസന്ധിയിൽ പരിശുദ്ധകന്യകാമറിയം മനുഷ്യവർഗ്ഗത്തെ പുനരുദ്ധരിക്കുവാനും സ്വപുത്രൻ്റെ അനർഘമായ രക്തത്തിൻ്റെ ഫലം ശൂന്യമാകാതിരിക്കുവാനും ഒരു ആദ്ധ്യാത്മികയുദ്ധം നടത്തുവാൻ തീരുമാനിച്ചു. ജീവകാരുണ്യപ്രവൃത്തിയിൽ ശിക്ഷണവും പരിശീലനവും നൽകി ഒരു സൈന്യവ്യൂഹത്തെ അണിനിരത്തുന്നതാണു് ആ പദ്ധതി. അതാണു് മരിയസൈന്യം.

ചന്ദ്രിക
REGD.
ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്കു്
S.V.PRODUCTS, IRINJALAKUDA

പാപത്തിൻ്റെ ഭവിഷ്യത്തുകൾ എവിടെയെല്ലാം വ്യാപൃതമായിരിക്കുന്നുവോ അവിടെയെല്ലാം മരിയസൈന്യം പ്രവർത്തിക്കേണ്ടിയിരിക്കുന്നു. രാഷ്ട്രം, സമുദായം, കുടുംബം ഇവയെല്ലാം അവരുടെ സേവനപരിധിയിൽ ഉൾപ്പെടുന്നു. മരിയസൈനികരുടെ വീരസേവനം അധികം ആവശ്യമായിരിക്കുന്നതു് അധഃപ്പതനത്തിൽ ആണ്ടുപോയിരിക്കുന്ന ദുർഭഗജനവിഭാഗങ്ങൾക്കത്രെ. ഓരോ വ്യക്തിയുടേയും ആദ്ധ്യാത്മികോന്നമനത്തിനും പുരോഗതിക്കുമായി നിർദ്ദിഷ്ടസേവനം നിർവ്വഹിക്കുവാൻ സൈനികർ ശിക്ഷിതരാകുന്നു. ഈ പ്രവർത്തനം ഉത്തമരായ അത്മായർ തങ്ങളുടെ കർത്തവ്യമായി കരുതേണ്ടതത്രെ. "തങ്ങളുടെ ആചാര്യത്വത്തിൻ്റെ നിശ്ചിതമായ ഒരു ധർമ്മമായി വൈദികരും, ക്രിസ്തീയജീവിതത്തിൻ്റെ ചുമതലകളിലൊന്നായി അത്മായരും കത്തോലിക്കാപ്രവർത്തനത്തെ പരിഗണിക്കണം" എന്നാണു് പരിശുദ്ധ പിതാവ് 11-ാം പീയൂസ് മാർപ്പാപ്പാ ഉൽബോധിപ്പിച്ചിട്ടുള്ളതു്. അതുകൊണ്ടു് കത്തോലിക്കാമതം അനുശാസിക്കുന്ന തത്വങ്ങളെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനു ഉദ്ദേശിക്കപ്പെട്ട ഒരു ഔദ്യോഗികസംഘടനയാണു് മരിയസൈന്യം എന്നു സിദ്ധിക്കുന്നു. അത്മായപ്രേഷിതത്വം കത്തോലിക്കാമതത്തിൻ്റെ ജീവനും ആധാരവുമാണു്. കത്തോലിക്കാജനതയിൽ മതചൈതന്യം ചിരസ്ഥായിയായി നിലനില്ക്കണമെങ്കിൽ, അത്മായരും മതതത്വങ്ങളെ അടിസ്ഥാനമാക്കി പ്രവർത്തിക്കുകയും അന്യമതസ്ഥരുടെ ഇടയിൽ അതു പ്രചരിപ്പിക്കുകയും വേണം. ക്രൈസ്തവസഭാചരിത്രം അതാണു് നമ്മെ പഠിപ്പിക്കുന്നതു്. മരിയസൈനികർ അതുകൊണ്ടാണു് പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെടുന്നതു്. വൈദികർ അവരെ മാർഗ്ഗദർശനംചെയ്യുന്നു.

സൈനികപ്രവർത്തനം സാമൂഹ്യസേവനമാർഗ്ഗേണ നിർവ്വഹിക്കപ്പെടുന്നതുകൊണ്ടു് മതതീക്ഷ്ണതയില്ലാത്ത കത്തോലിക്കരുടെയിടയിലും അന്യമതസ്ഥരുടെയിടയിലും അതിനു സ്വാഗതം ലഭിക്കുന്നു. ഏതാദൃശാവസരങ്ങളിൽ ഹൃദയപൂർവ്വകവും മധുരവുമായ അവരുടെ പെരുമാററംമൂലം മന്ദജീവിതം നയിക്കുന്നവരെപ്പോലും അവർ സാവധാനത്തിൽ ചൈതന്യനിർഭരരും മതബോധമുള്ളവരുമാക്കിത്തീർക്കുന്നു. അഗതികളേയും അനാഥരേയും വയോവൃദ്ധന്മാരേയും ബാലികാബാലന്മാരേയും ധനവാന്മാരേയും തൊഴിലാളികളേയും ഉദ്യോഗരഹിതരേയും ദുഃഖിതരേയും രോഗികളേയും ജീവിതനൈരാശ്യത്തിൽ പെട്ടിരിക്കുന്നവരേയും ക്ലേശിതരേയും ഭിക്ഷുകരേയും യാചകരേയും അകത്തോലിക്കരേയും ഹൈന്ദവരേയും എല്ലാം സൈനികർ തങ്ങളുടെ പ്രവർത്തനമണ്ഡലത്തിൽ ഉൾപ്പെടുത്തി ആദ്ധ്യാത്മികവും സാമൂഹ്യവുമായി ഉന്നമിപ്പിക്കുകയാണു ചെയ്യുന്നതു്. പ്രസ്തുത മണ്ഡലങ്ങളിലെല്ലാം ശത്രുക്കൾ ഊർജ്ജിതമായി പ്രവർത്തനം നടത്തുന്നതുകൊണ്ടു് അവിടെയെല്ലാം സൈനികരുടെ സേവനം അത്യാവശ്യമായിരിക്കുന്നു. വൈദികർക്കും സന്യാസസഭാംഗങ്ങൾക്കും ഈ കേന്ദ്രങ്ങളിൽ പ്രവേശിക്കുന്നതിനു സ്വാതന്ത്ര്യമോ, സൗകര്യമോ ഇല്ലാത്തതുകൊണ്ടു് പ്രേഷിതചൈതന്യം നിറഞ്ഞ അത്മായസൈന്യഗണത്തിനുമാത്രമേ അനായാസേന ഉചിതസേവനം അനുഷ്ഠിക്കുവാൻ സാധിക്കുകയുള്ളു. മറിയംവഴി അവർ ക്രിസ്തുവിലേക്കാനയിക്കപ്പെടുന്നു.

മരിയസൈനികർ നടത്തുന്ന സാമൂഹ്യപ്രവർത്തനം ഇതരമതസ്ഥർ നടത്തുന്നതിനെക്കാൾ ഉൽകൃഷ്ടതരമായിരിക്കണം. ഒരു പണ്ഡിതൻ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "പലസ്ഥലങ്ങളിലും പ്രേഷിതവൃത്തിയെയും സാമൂഹ്യസേവനത്തെയും സംബന്ധിക്കുന്ന ഗണനീയങ്ങളായ പല പ്രവർത്തനങ്ങളും അകത്തോലിക്കർ നടത്തുന്നുണ്ടല്ലോ. കത്തോലിക്കരുടെ ശ്രദ്ധയെ ആകർഷിച്ചു അവരെ ലജ്ജിപ്പിക്കയും സംഭ്രമിപ്പിക്കയും ചെയ്യേണ്ടതായ ഒരു വസ്തുതയാണിതു്. ഏതെങ്കിലും സ്ഥാനത്തു സഭയുടെ യത്നങ്ങൾ ഇതരമതസ്ഥരുടെ താദൃശയത്നങ്ങളെക്കാൾ അല്പമെങ്കിലും താണനിലയിലാണു എന്നു വന്നാൽ ഫലം അശുഭോദർക്കമാണു്. പലപ്പോഴും അത്മായർ സാമൂഹ്യസേവനത്തിനു അതർഹിക്കുന്ന സ്ഥാനമോ പ്രാധാന്യമോ നൽകുന്നില്ല എന്നതു ശോചനീയമാണു്. അത്മായർ ഉത്സാഹഭരിതരായി സംഘടിച്ചു പ്രവർത്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കത്തോലിക്കാ സഭാംഗങ്ങൾക്കു അസാദ്ധ്യമായ സാമൂഹ്യപ്രവർത്തനങ്ങൾ വിരളമാണു്. കത്തോലിക്കർ ചെയ്യുന്ന സേവനത്തിനും, ഇതരമതസ്ഥരും മതേതരരും ചെയ്യുന്ന സേവനത്തിനും തമ്മിൽ ഉദ്ദേശം നോക്കുമ്പോൾ വലിയ അന്തരമുണ്ടു്. കത്തോലിക്കർ മതചൈതന്യത്താലും പരസ്നേഹപ്രകർഷത്താലും പ്രേരിതരായി, തങ്ങൾ ആർക്കുവേണ്ടി പ്രവർത്തനം നടത്തുന്നുവോ അവരുടെ അഭ്യുദയവും ഗുണോൽക്കർഷവും ആത്മരക്ഷയും മാത്രം ലാക്കാക്കിയാണു സേവനം നടത്തുന്നതു്. ബാഹ്യപ്രകടനമോ, സ്വകാര്യലാഭമോ, ആത്മപ്രശംസയോ ശിക്ഷാഭീതിയോ അവരെ പ്രവർത്തനനിരതരാക്കുന്നതല്ല. സാമൂഹ്യസേവനത്തിൻ്റെ ആദർശപുരുഷനായ മിശിഹാതന്നെ ഇതിനു ദൃഷ്ടാന്തം നൽകിയിരിക്കുന്നു. അവിടുന്നു കുരുടർക്കു കാഴ്ചയും ബധിരർക്കു കേൾവിയും രോഗികൾക്കു സൗഖ്യവും പാപികൾക്കു പാപമോചനവും ഉദാരമായി നൽകി. സ്വാർത്ഥതല്പരതയോ, ലോകബഹുമാനമോ അവിടുത്തെ സ്പർശിച്ചില്ല. ജനങ്ങളുടെ രക്ഷയും സുഖവും മാത്രം ലാക്കാക്കി അവിടുന്നു ജീവിതകാലം മുഴുവൻ പ്രയത്നിക്കയും ഒടുവിൽ മനുഷ്യരക്ഷയ്ക്കായി ജീവനെതന്നെ ബലി കഴിക്കയും ചെയ്തു. സാമൂഹ്യസേവനത്തിൻ്റെ ഉത്തമമാതൃക! "സ്നേഹിതർക്കുവേണ്ടി സ്വന്തം ജീവനെ ബലികഴിക്കുന്നതിൽ ഉപരിയായ സ്നേഹം എവിടെ?" അവിടുത്തെ മാതാവായ മറിയം ഈ കർമ്മത്തിൽ പരമാവധി സഹകരിച്ചു. കുരിശിൻ്റെ ചുവട്ടിൽവച്ചു മനുഷ്യരാശിയെ ഒന്നടങ്കം സ്വമാതൃത്വത്തിലേക്കു സ്വീകരിച്ചു ദൈവജനനി ഇന്നും തൽസ്ഥാനത്തിനനുയോജ്യമായ രക്ഷണ്യപ്രവർത്തനങ്ങൾ തുടന്നുകൊണ്ടിരിക്കുന്നു.

ഈ പ്രവർത്തനത്തിനാണു മനുഷ്യസഹായം അവൾ ക്ഷണിക്കുന്നതു്. ഈ പ്രവർത്തനത്തിനാണു അവൾ ഒരു മരിയസൈന്യം രൂപീകരിച്ചിരിക്കുന്നതു്. അവരുടെ കരങ്ങൾക്കു ശക്തിയും ആത്മാവിനു ചൈതന്യവും മനസ്സിനു ധീരതയും ബുദ്ധിക്കു പ്രാഭവവും പ്രദാനംചെയ്തുകൊണ്ടു് സൈനികരെ നയിക്കുവാൻ പ്രാപ്തയായ ആ സർപ്പഹാരിണിയെ ആശ്രയിച്ചു് അവളുടെ കൊടിക്കീഴിൽനിന്നു പരസ്നേഹപ്രവർത്തനമാകുന്ന സമരം ചെയ്തു വിജയം കൈവരിക്കുവാൻ ധീരമായി നമുക്കു മുന്നേറാം.



സന്തോഷവും, സം-
തൃപ്തിയും നല്കുന്ന
ആഭരണങ്ങൾക്കു്
തോട്ടാൻ
കണ്ടത്തിപ്പാലു റപ്പായി & ബ്രദേഴ്സ്
ആഭരണവ്യാപാരം, തൃശൂർ.

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യയ്ക്കു പുറമെ " 8—12—0

# അതിമഹനീയവും അനുകരണീയവുമായ ഒരു പുനരൈക്യം

(ഏ. പീലിപ്പോസ് എം. ഏ., ബി. എൽ.)

നമ്മുടെ കർത്താവിന്റെ വർഷം 1957 മാർച്ചുമാസം 17-ാംനു- എന്റെമനസ്സ് ആലുവാ സെന്റ് ആന്റണിയുടെ കോൺവെന്റു ദേവാലയത്തിലേക്കു നോക്കി, അന്നു സായാഹ്നത്തിൽ സൂര്യപ്രകാശം കുറഞ്ഞു, വായുമണ്ഡലം ശാന്തമായിരിക്കുന്ന വേളയിൽ, അവിടെനടന്നുകൊണ്ടിരിക്കുന്ന ഒരു മഹൽസംഭവത്തെ മനസ്സുകൊണ്ടു ഞാൻ ദർശിച്ചുകൊണ്ടിരിക്കുകയായിരുന്നു. വന്ദ്യവൈദികനും, പണ്ഡിതനുമായ ഒരു പുരോഹിതശ്രേഷ്ഠൻ—ആലുവാ യൂണിയൻ കോളേജിന്റെ ഏകദേശം ആരംഭംമുതൽ അതിന്റെ യശസ്സിനു കാരണഭൂതനായ ഒരു പ്രൊഫസർ—താൻ റിട്ടയർ ചെയ്തശേഷം, ലോകത്തിന്റെ പ്രൗഢിയെയും അതിന്റെ അർത്ഥശൂന്യതയെയും ഗ്രഹിച്ച ഒരാൾ—വിദ്യാസമ്പത്തും, സന്താനസമ്പത്തും സമ്പൽസമൃദ്ധിയും ഒരുപോലെ അനുഭവിച്ചറിഞ്ഞശേഷം—ദൈവവും അവിടുത്തെസേവനവുംമാത്രമേ ഈ ലോകത്തിലുംപരലോകത്തിലുംശാശ്വതവും ആഗ്രഹിക്കത്തക്കതുമായുള്ളു എന്നുമനസ്സിലാക്കി അറിഞ്ഞശേഷം—ഒരുദേവാലയസന്നിധിയിൽവെച്ചുതിരുവനന്തപുരം ആർച്ചുബിഷപ്പ് മാർഗ്രിഗോരിയോസ് തിരുമേനിയുടെമുമ്പാകെ,ഏറാവും വിനയത്തോടും ഭക്തിയോടുംകൂടി മുട്ടുകുത്തി തന്റെ ശീരസ്സിനെ ഉപേക്ഷിച്ചു സത്യവിശ്വാസം ഏറ്റുപറഞ്ഞു. "കാതോലികവും ശ്ലൈഹികവും പരിശുദ്ധവും ഏകവുമായസത്യസഭയിൽ ഞങ്ങൾ വിശ്വസിക്കുന്നു" എന്നു നിഖ്യാ വിശ്വാസപ്രമാണത്തിൽ പിതാക്കന്മാർ പഠിപ്പിച്ചിട്ടുള്ളതായ ആ വിശ്വാസപ്രമാണസത്യം, മേലിൽ അർത്ഥവത്തായി ചൊല്ലുവാൻവേണ്ടി, പുനരൈക്യവാചകം ചൊല്ലി സത്യസഭയെ സ്വീകരിച്ചു തന്റെ ആയുസ്സിന്റെ ഭാവി ദൈവനടത്തിപ്പിനായി പരിപൂർണ്ണമായി വിട്ടുകൊടുക്കുന്ന ആ കാഴ്ച സ്വർഗ്ഗത്തിലെ എല്ലാ പുണ്യവാന്മാരെയും മാലാഖാമാരെയും ഒരുപോലെ ആനന്ദിപ്പിക്കുന്ന ഒരു കാഴ്ചയാകുന്നു. ആ കാഴ്ചകാണാൻ അനേക ദിവസങ്ങൾ കാത്തിരുന്ന എനിക്കും ശരീരത്തിൽ അല്ലെങ്കിൽ മനസ്സുകൊണ്ടു എങ്കിലും ആ കാഴ്ചകാണാൻ ദൈവം ഭാഗ്യം തന്നതിനു അവിടുത്തെ കരുണയെ നന്ദി നിറഞ്ഞ ഹൃദയത്തോടുകൂടി ഞാൻ സ്തുതിക്കുന്നു.

സുമാർ മുപ്പത്തിയഞ്ചു വർഷം മുൻപു മാർ തോമ്മാശ്ലീഹായുടെ "മലയാറ്റൂർ കുരിശുമല" ഒരു തീർത്ഥയാത്രയായി കേറാൻവേണ്ടി അന്നു ഒരു യാക്കോബായക്കാരനായ ഞാൻ എന്റെ കുടുംബസഹിതം ആലുവായിലെകാംബ്ഷെഡിൽചെന്നു ഒരാഴ്ച ആലുവാ ആററിൽ കുളിച്ചുതാമസിച്ചിരുന്നപ്പോൾ എന്റെ സ്നേഹിതനായ പരേതനായ ഡോക്ടർ കെ സി മാക്കോയോടുകൂടി ഒരു രാത്രി വർത്തമാനങ്ങൾ പറഞ്ഞു താമസിക്കാൻ വേണ്ടി ആ കോളെജിന്റെ (യൂണിയൻ കോളെജിന്റെ) ഒരു മുറിയിൽ ഞങ്ങൾ രണ്ടുപേരും സമീപത്തു കട്ടിലിട്ടു അനേകം പരസ്പരസന്തോഷവർത്തമാനങ്ങൾ പറഞ്ഞു ഉല്ലസിച്ചശേഷം രാത്രി കിടന്നുറങ്ങിയതും ഞാൻ ഇപ്പോൾ ഓർക്കുന്നു.

എന്നാൽ ആ കോളെജിന്റെ ആരംഭദശയിൽ അതിന്റെ നടത്തിപ്പിനുള്ള പണപ്പിരിവിനായി അന്നു കോട്ടയത്തു താമസിച്ചിരുന്ന എന്റെ പക്കൽ അതിലെ പ്രൊഫസറന്മാരായിരുന്നവരു് മാർതോമ്മാസഭാംഗങ്ങളും പണ്ഡിതന്മാരും സർവ്വകലാശാലാ ബിരുദങ്ങൾ സമ്പാദിച്ചവരുമായ രണ്ടു മഹാന്മാർ വന്നപ്പോൾ, ഞാൻ അവരോടു പറഞ്ഞതു ചിലരുടെയെങ്കിലും ചിന്താഗതിയെ ഉണർത്താൻവേണ്ടി ഈ അവസരത്തിലും ആവർത്തിച്ചു പറഞ്ഞുകൊള്ളുന്നു. ഞാൻ ഇങ്ങനെ അവരോടു പറഞ്ഞു: "ഞാൻ ഈ കോളെജിനു പണം തരികയില്ല. സത്യം അറിയാൻ ആഗ്രഹിക്കുന്ന ഒരു വിദ്യാർത്ഥി, അദ്ധ്യാപകന്മാരുടെ അഭിപ്രായങ്ങൾ ആദരവോടെ സ്വീകരിച്ചു് മനസ്സിനു രൂപംകൊടുക്കുന്ന വിദ്യാർത്ഥി, കാലത്തു് ഒരു പ്രൊഫസർ ക്ലാസെടുക്കുമ്പോൾ ചോദിക്കുന്നു: "സാർ, വി. കുർബാനയിൽ നമ്മുടെ കർത്താവിന്റെ തിരുസാന്നിദ്ധ്യം ഉണ്ടോ?" മാർത്തോമ്മാക്കാരനായ ആ പ്രൊഫസർ പറയുന്നു: "തിരുസാന്നിദ്ധ്യം എങ്ങനെ അതിൽ ഉണ്ടാകും? അതു വെറും അപ്പവും വീഞ്ഞുമായിമാത്രം കാഴ്ചക്കിരിക്കുമ്പോൾ, അതിൽ എങ്ങനെ ഒരു മാറാമുണ്ടാകും? അതു എന്നും അപ്പവും വീഞ്ഞുംതന്നെ." അടുത്ത ക്ലാസ് ഒരു യാക്കോബായ പ്രൊഫസർ എടുത്തുകൊണ്ടിരിക്കുമ്പോൾ, അതേ ചോദ്യം അതേ വിദ്യാർത്ഥി ചോദിച്ചതിനു അദ്ദേഹം ഇപ്രകാരം മറുപടി പറയുന്നു: "നമ്മുടെ കർത്താവിന്റെ തിരുസാന്നിദ്ധ്യം കുർബാനയിലെ അപ്പവീഞ്ഞുകളിലുള്ളതിനെ നിങ്ങൾ ലവലേശം സംശയിക്കരുതേ. കർത്താവു് ഉണ്ടെന്നു കല്പിച്ചതു് ഉണ്ടു്. ആ വാക്കിനു വ്യത്യാസം ഒരു കാലത്തും ഒരുവിധത്തിലും വരികയില്ല. ആദ്യകാലംമുതലുള്ള സഭയുടെ വിശ്വാസം അതുതന്നെയാണു്." ഈ പരസ്പരവിരുദ്ധങ്ങളായ രണ്ടഭിപ്രായങ്ങളുംകേട്ടു് ആ വിദ്യാർത്ഥിയുടെ മനസ്സിനു വിശ്വാസത്തിന്റെ ഉറപ്പല്ല, ഇളക്കമാണുണ്ടാകാവുന്നതു്" എന്റെ ആ അഭിപ്രായം ഇന്നും—വർഷങ്ങൾ വളരെ കഴിഞ്ഞിട്ടും—ആ രൂപത്തിൽതന്നെ ഇരിക്കുന്നു. ആ കോളെജിലെ വിദ്യാസമ്പന്നനായ ഒരു മഹാനെ, ബ: ഫാദർ ടി. വി. ജോൺ എം. ഏ., എൽ. ടി. അവർകളെ കത്തോലിക്കാസഭയിലേക്കു ഞാൻ ഏററവും സന്തോഷത്തോടുകൂടി അനുമോദിച്ചു് സ്വാഗതംചെയ്തുകൊള്ളുന്നു. ആത്മാക്കളുടെ രക്ഷയ്ക്കും, തിരുസഭയുടെ പുകഴ്ച്ചയ്ക്കുമായി എറിവോടുകൂടി അദ്ദേഹം അനേകകാലം വേലചെയ്യാൻ ദൈവം അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ. യാക്കോബായ-ഓർത്തഡോക്സ്സഭകളിലെ വിദ്യാസമ്പന്നന്മാരായ പട്ടക്കാരും അല്ലാത്തവരുമായ മഹാന്മാർക്കു അദ്ദേഹത്തിന്റെ പുനരൈക്യം സഭാചരിത്രത്തിൽ ഒരുത്തമദൃഷ്ടാന്തമായി നക്ഷത്രസമാനവീതം എന്നും ശോഭിക്കട്ടെ. പരിശുദ്ധാത്മാവിന്റെ വെളിച്ചം നൽകി അദ്ദേഹത്തിനു മനോധൈര്യംകൊടുത്ത പരിശുദ്ധ ത്രിത്വത്തിന്റെ നാമം എന്നേക്കും സ്തുതിക്കപ്പെടട്ടെ.



റവ. ഫാദർ ടി. വി. ജോണും അദ്ദേഹത്തിന്റെ ഏതാനും കുടുംബാംഗങ്ങളും



തിരുവനന്തപുരം മെത്രാപ്പോലീത്തായും ഫാദർ ടി. വി. ജോണും (പുനരൈക്യാനന്തരം)

## പൗരോഹിത്യ സ്വീകരണം



റവ. ഫാദർ ജോൺ കുഞ്ഞാപ്പറമ്പിൽ എസ്. ജെ.

ദിവ്യശ്രീ കുഞ്ഞാപ്പറമ്പിൽ അവർകൾ മാർച്ചുമാസം 24-ാംനു- പൂനായിൽവച്ചു ഗുരുപ്പട്ടം സ്വീകരിക്കുകയും 25-ാംതീയതി പ്രഥമദിവ്യബലിയർപ്പിക്കുകയും ചെയ്തിരിക്കുന്നു. അദ്ദേഹത്തിന്റെ പൗരോഹിത്യസ്വീകരണത്തിന്റെ സ്മാരകമായി "ദിവ്യബലി" എന്ന ഒരു ഗ്രന്ഥം അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. മാന്നാനം സെന്റ്ജോസഫ്സ്പ്രസ്സിൽ അച്ചടിച്ച ഈ ഗ്രന്ഥം പ്രസ്സ് സൂപ്രണ്ടിനോടാവശ്യപ്പെട്ടാൽ കിട്ടുന്നതാണു്.

## ഇടവകവാർത്തകൾ

കാഞ്ഞിരക്കോട്ട്: ഇടവകപ്പള്ളിയിൽ വിശുദ്ധ അന്തോനീസുപുണ്യവാന്റെ തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടപ്പെട്ടു. മി ജോസഫ് കൈമാപറമ്പൻ നടത്തിയ "രക്തകാന്തി" കഥാപ്രസംഗം ഉൽബോധജനകമായിരുന്നു.

കണമല: ഇവിടത്തെ സെന്റു് തോമസ് ചാപ്പലിൽ വി സെബസ്ത്യാനോസിന്റെ തിരുനാൾ ഫെബ്രുവരി 23, 24 ഈ തീയതികളിൽ അത്യാഡംബരപൂർവ്വം കൊണ്ടാടി. 23-ാംനു- "ജീവിതസമരം" എന്ന നാടകം അഭിനയിച്ചു

മററൂർ: പരേതയായ ശ്രീമതി എലിസബത്തു് ചാക്കോ കുടിയിരിപ്പിയുടെ ഒരു ഛായാപടം സ്ഥലം യു പി സ്കൂൾഹാളിൽ ശ്രീ പി ഐ മാത്യു ബി ഏ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ചു് പഞ്ചായത്തു പ്രസിഡണ്ടു് ശ്രീ ഒ വർഗ്ഗീസ് അനാച്ഛാദനം ചെയ്തിരിക്കുന്നു. ശ്രീമതി എലിസബെത്തു കുറേക്കാലം ഈ സ്കൂളിൽ അദ്ധ്യാപികയായിരുന്നു.

തോട്ടക്കര: മംഗലപ്പുഴ സെമിനാരിയിൽവച്ചു് മാർച്ചു് 14-ാം തീയതി ഗുരുപ്പട്ടം സ്വീകരിച്ച ഈ ഇടവക റവ ഫാദർ ജോർജ്ജ് മേമനയെ നാട്ടുകാർ പുതിയ കപ്പേളയിൽവച്ചു ഹാരാർപ്പണംചെയ്തു സ്വീകരിച്ചു് വാദ്യഘോഷങ്ങളോടെ പള്ളിയിലേക്കാനയിക്കയും അദ്ദേഹം 16-ാംനു- കാലത്തു് നവപൂജ അർപ്പിക്കുകയുംചെയ്തു. സ്കൂൾഹാളിൽ റവ ഫാദർ ജോസഫ് കുഴികണ്ടത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ അനുമോദനയോഗത്തിൽ പ്രസംഗങ്ങളും ബൊക്കെ, മംഗളപത്രം മുതലായവയുടെ സമർപ്പണങ്ങളും നടന്നു. നവവൈദികൻ നന്ദിപ്രകടിപ്പിച്ചു.



റവ. ഫാദർ ടി. വി. ജോൺ പുനരൈക്യപ്പെട്ട അവസരത്തിൽ എടുത്ത ഫോട്ടോ. (അതിവന്ദ്യ തിരുമേനിമാരും, മോൺസിഞ്ഞോർമാരും, കർമ്മലീത്താസഭാ പ്രൊവിൻഷ്യൽ മുതലായ വൈദികശ്രേഷ്ഠന്മാരും പ്രസ്തുത കർമ്മത്തിൽ സംബന്ധിച്ചിരുന്നു)

സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. | 1957 MARCH 27 | No. 32.

# കേരളത്തിലെ ഭരണകൂടം

ഇന്ത്യയിലാകെ പൊതുതിരിഞ്ഞെടുപ്പു കഴിഞ്ഞിരിക്കുന്നു. തിരിഞ്ഞെടുപ്പുഫലങ്ങളും മിക്കവാറും പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞു. ഭാവിയിൽ ഇന്ത്യയുടെ ഭരണസാരഥ്യം ആരുടെ കൈവശമായിരിക്കുമെന്നും ഏറെക്കുറെ വ്യക്തമായിക്കഴിഞ്ഞിട്ടുണ്ടു്. ജനകീയഭരണസിദ്ധാന്തമനുസരിച്ചു തിരിഞ്ഞെടുപ്പിൽ ഭൂരിപക്ഷം ലഭിക്കുന്ന പാർട്ടിയാണല്ലോ മന്ത്രിസഭ രൂപവല്ക്കരിക്കുകയും ഭരണം നടത്തുകയും ചെയ്യുക. ഇന്ത്യൻ യൂണിയനിൽ കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും നാഷനൽ കോൺഗ്രസ് പാർട്ടിക്കാണു് ഭൂരിപക്ഷം കിട്ടിയിട്ടുള്ളതു്. തന്മൂലം കോൺഗ്രസ് പാർട്ടിതന്നെയായിരിക്കും ഇന്ത്യയെ അടുത്ത പൊതുതിരിഞ്ഞെടുപ്പുവരെയും ഭരിക്കുക. ഇന്ത്യയുടെ അഭ്യുദയത്തിനു നിദാനമായി നാഷനൽ കോൺഗ്രസ്പാർട്ടി രൂപവത്ക്കരിച്ചിട്ടുള്ള പദ്ധതികൾ തുടന്നു പുരോഗമിച്ചുകൊണ്ടിരിക്കും. തിരിഞ്ഞെടുപ്പിൽ പൊതുജനങ്ങൾ പ്രകടമാക്കിയിട്ടുള്ള മനോഭാവത്തിൽനിന്നും പാർട്ടിക്കു ജനഹിതത്തെപ്പററി ഒരു പുതിയ പ്രകാശനം സിദ്ധിക്കുന്നതിനും അവസരമുണ്ടായിട്ടുണ്ടു്. ജനഹിതത്തെ മാനിക്കാത്തതും ജനക്ഷേമത്തിനുവേണ്ടി ആത്മാത്ഥമായി സേവനം ചെയ്യാത്തതുമായ ഒരു ഭരണകക്ഷിയെ വച്ചുപുലത്തുവാൻ ജനകീയത്തിൽ പൗരന്മാർ കൂട്ടാക്കുകയില്ല എന്നുള്ളതു ജനകീയാദർശത്തിന്റെ ഒരു മികച്ച നേട്ടമാണു്. ഭരണസോപാനത്തിലിരിക്കുന്ന ഓരോരുത്തരും അവരുടെ പ്രവത്തനങ്ങളിൽ ഈ തത്വം ഓർമ്മവയ്ക്കേണ്ടതാവശ്യമാണു്. അല്ലെങ്കിൽ പൊതുതിരിഞ്ഞെടുപ്പു വരുമ്പോൾ ഓരോ പൗരനും അവന്റെ വജ്റായുധമായ വോട്ടുകൊണ്ടു് അപരാധികളെ തേജോവധം ചെയ്യുകതന്നെ ചെയ്യും. ഇന്ത്യയുടെ അഭിവൃദ്ധിക്കുവേണ്ടി നിസ്തന്ദ്രസേവനമനുഷ്ഠിച്ചിട്ടുള്ള ഇന്ത്യൻ നാഷനൽ കോൺഗ്രസ്പാർട്ടി അതിനു ലഭ്യമായിരിക്കുന്ന ഈ പുതിയ അവസരത്തെ പൂർവ്വവൽ ജനക്ഷേമകരമായ സേവനത്തിനു ഉപയോഗിക്കുമെന്നും ഈ തിരിഞ്ഞെടുപ്പിൽ അവിടവിടെയായി ഏററിട്ടുള്ള ക്ഷതങ്ങൾ മേലിൽ ഏല്ക്കാതവണ്ണം അതിന്റെ പരിപാടികളെ പരിശോധിച്ചു പരിഷ്കരിക്കുമെന്നും സമാശ്വസിക്കാം.

കേരളം ഒരു പ്രശ്നസംസ്ഥാനമാണെന്നു് അലങ്കാരഭാഷയിൽ ഇതുവരേയും വ്യവഹരിച്ചുപോന്നിരുന്നു. ഇപ്പോൾ അതു ഒരു യാഥാത്ഥ്യമാണെന്നു തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. ഇന്ത്യയിലെ 13 സംസ്ഥാനങ്ങളിലാണു് പൊതുതിരിഞ്ഞെടുപ്പു നടന്നതു്. അതിൽ കോൺഗ്രസ്സിനു പരാജയവും കമ്മ്യൂണിസ്റ്റ്പാർട്ടിക്കു ഭൂരിപക്ഷവും കിട്ടിയിട്ടുള്ള ഏകസ്റ്റേററാണു് കേരളം. ലോകത്തിൽതന്നെയും സ്വതന്ത്രതിരിഞ്ഞെടുപ്പിൽ ഭൂരിപക്ഷം കൈക്കലാക്കാൻ സാധിച്ചിട്ടുള്ള വളരെ ചുരുക്കം ചില രാജ്യങ്ങളിലൊന്നാണു് കേരളമെന്നു പറയേണ്ടിയിരിക്കുന്നു. ഇതെങ്ങിനെ സംഭവിച്ചു? ഇതു് യഥാത്ഥത്തിൽ ഒരു പ്രശ്നമല്ലേ? ഈ പ്രശ്നത്തെ അവഗാഢമായി പഠിക്കേണ്ട ഒരു കടമയാണു് ഇന്ത്യൻ കേന്ദ്രത്തിനും കേരളത്തിലെ ഓരോ പൗരനും അവശേഷിക്കുന്നതു്. കേരളത്തിലെ പൊതുജനങ്ങൾ നിരക്ഷരകുക്ഷികളല്ല. ഇന്ത്യയിലെ ഏതു സംസ്ഥാനത്തുള്ളതിലും കൂടുതൽ സാക്ഷരത്വം ഇവിടെയുണ്ടു്. അവർ പൗരബോധമില്ലാത്തവരല്ല. മററു സംസ്ഥാനങ്ങൾ പലതും സ്വാതന്ത്ര്യം കാണുന്നതിനുമുമ്പുതന്നെ ഇവിടെ ഉത്തരവാദിത്വഭരണം നടപ്പിലിരുന്നു. സംസ്കാരത്തിലും ആദ്ധ്യാത്മികബോധത്തിലും പ്രശ്രുതമായ അവരുടെ പാരമ്പര്യത്തെ ആക്കും വെല്ലുവിളിക്കുവാൻ സാധിക്കുകയില്ല. ഇങ്ങനെയെല്ലാമാണെങ്കിലും ലോകത്തിൽ മറെറാരിടത്തും ഉണ്ടാകാത്ത ഒരനുഭവം ഇവിടെ എങ്ങിനെ ഉണ്ടായി? അനന്തരകരണീയം എന്താണു്? എല്ലാവരും ചുഴിഞ്ഞാലോചിക്കട്ടെ.

കേരളസംസ്ഥാനത്തിൽ കോൺഗ്രസ്സ്കക്ഷിക്കുണ്ടായ ആശ്ചര്യകരമായ തോൽവിയുടെ വിവിധകാരണങ്ങൾ ഇന്നെവിടെയും സംസാരവിഷയമാണു്. കോൺഗ്രസ്സിനു പൊതുജനങ്ങളുമായുണ്ടായിരുന്ന സൗഹൃദബന്ധത്തിന്റെ ശൈഥില്യം, നേതാക്കന്മാരുടെ ഇടയിലുണ്ടായ സൗന്ദര്യപ്പിണക്കങ്ങളും അധികാരവടംവലികളും, കോൺഗ്രസ്സിന്റെ പ്രവത്തനങ്ങളെപ്പററി പൊതുജനങ്ങളെ അറിയിക്കുന്നതിനു വേണ്ടത്ര പ്രചാരണം ചെയ്യാതിരുന്നതു്, വർഗ്ഗീയമനോഭാവത്തോടുകൂടിയുള്ള ചേരിതിരിവുകൾ, സ്ഥാനാത്ഥിനിണ്ണയത്തിൽ വന്നുചേന്നതായ ശ്രദ്ധക്കുറവും സ്വാർത്ഥതയും, സാധാരണജനങ്ങളിൽ കോൺഗ്രസ്സിനെതിരായ ദൃഢമൂലമായ വിപ്രതിപത്തി, കമ്മ്യൂണിസ്റ്റുകളുടെ കുപ്രചരണങ്ങൾ എന്നിങ്ങനെ വിവിധങ്ങളും വ്യാപകങ്ങളുമായ പല ആരോപണങ്ങളും വിശദീകരണങ്ങളുംകൊണ്ടു് ഈ സംഭവപരിണാമത്തെ വ്യാഖ്യാനിക്കുവാൻ ഓരോരുത്തരും ശ്രമിക്കുന്നു. കേരളത്തിലെ കോൺഗ്രസ് പരാജയത്തെപ്പററി ഒരു വിശദറിപ്പോർട്ടു സമപ്പിക്കുന്നതിനു കേന്ദ്രം കോൺഗ്രസ് ജനറൽ സിക്രട്ടറി ശ്രീ കെ. പി. മാധവൻനായരോടാവശ്യപ്പെട്ടിരിക്കുകയാണു്. ആകെ പോൾചെയ്യപ്പെട്ട വോട്ടുകളുടെ സംഖ്യ പരിശോധിച്ചാൽ, കേരളത്തിൽ കോൺഗ്രസ് സാങ്കേതികമായി പരാജയപ്പെട്ടിട്ടില്ല എന്നും കുറഞ്ഞ സംഖ്യ വോട്ടുകൾകൊണ്ടു കമ്മ്യൂണിസ്റ്റ്കൾക്കു കൂടുതൽ സീററുകൾ ലഭിക്കുന്നതിനു സൗകര്യമുണ്ടാവുകമാത്രമാണു് സംഭവിച്ചതെന്നും ശ്രീ മാധവൻനായർ ചൂണ്ടിക്കാണിച്ചതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. തിരുവിതാംകൂർപ്രദേശത്തു കോൺഗ്രസ്സിനു കൂടുതൽ സീററുകൾ ലഭിച്ചിട്ടുണ്ടെന്നും, കൊച്ചിയിലും മലബാറിലുമാണു് കുറവുവന്നതെന്നും അതിനു പലവിധകാരണങ്ങളുണ്ടെന്നും പ്രസ്താവിക്കപ്പെടുന്നു. കമ്മ്യൂണിസ്റ്റ് സ്ഥാനാത്ഥികളുടെ വിജയത്തെപ്പററി ആരംഭത്തിലുണ്ടായ പ്രഖ്യാപനങ്ങളും അവക്കനുകൂലമായിത്തീന്നു. ക്രിസ്ത്യൻ സമുദായം കോൺഗ്രസിനെ അനുകൂലിച്ചു എന്നും നായന്മാർ വേണ്ടതരത്തിൽ അനുകൂലിച്ചില്ല എന്നും അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നു. ഏതുതരത്തിലും കോൺഗ്രസിന്റെ പ്രവത്തനങ്ങളോടുള്ള ഒരു പ്രതിഷേധപ്രകടനമാണു് തിരിഞ്ഞെടുപ്പിൽ പ്രത്യക്ഷമായതെന്നതിനു സംശയമില്ല. കോൺഗ്രസ്സംഘടനയെ സ്നേഹിക്കുന്നവരും, അതിന്റെ മഹത്തായ സേവനത്തെ അഭിനന്ദിക്കുന്നവരും, കോൺഗ്രസിന്റെ പ്രജായത്തപരമായ ആദർശങ്ങൾ ഭാരതത്തിൽ വിജയിക്കണമെന്നഭിലഷിക്കുന്നവരുമാണു് കേരളജനതയിൽ ബഹുഭൂരിപക്ഷവും. കമ്മ്യൂണിസത്തിന്റെ ജനകീയവിരുദ്ധവും സ്വേച്ഛാപ്രമത്തവുമായ ഭരണരീതിയെപ്പററി സാധാരണന്മാരിൽ കുറെപ്പേർ തെററിദ്ധരിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഭൂരിപക്ഷവും അതേപ്പററി ശരിയായ അറിവുള്ളവരാണു്. റഷ്യൻമോഡലിലുള്ള ഒരു കമ്മ്യൂണിസ്റ്റ്ഭരണം അവരാരും അഭിലഷിക്കുകയില്ലെന്നുള്ളതും തീർച്ചയാണു്. പക്ഷെ ആങ്ങള മരിച്ചാലും വേണ്ടില്ല, നാത്തൂന്റെ കരച്ചിൽ കാണണമെന്നുള്ള മനോഭാവത്തിലേക്കു ജനസാമാന്യത്തെ തള്ളിയിടുവാൻ കാരണമായ പ്രവത്തനങ്ങളാണു് ഇനിയും കണ്ടുപിടിക്കപ്പെടുകയും നിവാരണം ചെയ്യപ്പെടുകയുംചെയ്യേണ്ടതു്. വൈരാഗ്യംകൊണ്ടന്ധരായ നാത്തൂന്മാക്കു് നാത്തൂന്റെ കണ്ണുനീർ കാണാൻ സാധിച്ചേക്കാം; പക്ഷെ ആങ്ങള മരിച്ചുപോയി. കേരളമാകുന്ന കുളത്തിലേക്കു "ജോവു്" സുന്ദരനായ കൊക്കുരാജനെ അയച്ചതിൽ തവളകൾ തല്ക്കാലം ആനന്ദിക്കുമായിരിക്കാം; പക്ഷെ ഭവിഷ്യത്തുകൾകൂടി അനുസ്മരിക്കപ്പെടണം. ഏതായാലും ഈ തിരിഞ്ഞെടുപ്പുചരിത്രം കേരളത്തിനു ഒരു ഗുണപാഠമായിത്തീരാതിരിക്കുകയില്ല എന്നാണു് അനുമാനിക്കേണ്ടതു്. തെററുകളെ തിരുത്തുന്നതിനു നാം തയാറാവുക.

കമ്മ്യൂണിസ്റ്റ്പാർട്ടി ഭരണം കൈയേല്ക്കുവാൻ തയാറാവുകയാണു്. അവരുടെ ഭരണം ഏതുവഴിക്കാണു തിരിയുകയെന്നു മുൻകൂട്ടി പ്രവചിക്കുക വിഷമമാണു്. പൊതുജനങ്ങൾ ഇപ്പോൾ അതേപ്പററി ആശങ്കപ്പെടുന്നുണ്ടു്. പക്ഷെ നാമൊന്നു മനസ്സിലാക്കണം. ഇനിയും നാമൊരു ജനകീയഭരണത്തിലാണു് ജീവിക്കുന്നതു്. ഇവിടത്തെ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ വിജയം കമ്മ്യൂണിസത്തിന്റെ വിജയമായി നാം കൂട്ടിക്കുഴക്കേണ്ടതില്ല. മതമാത്സര്യങ്ങൾ ആധാരമാക്കിയോ വ്യാമോഹങ്ങൾക്കധീനപ്പെട്ടോ കേരളജനത കമ്മ്യൂണിസ്റ്റ്പാർട്ടിക്കു വോട്ടുകൊടുത്തുപോയെങ്കിലും, അവർ അമൂല്യങ്ങളായി പരിഗണിച്ചുപോരുന്ന ആദ്ധ്യാത്മികതയെ മാർക്സിസ്റ്റ് ഭൗതികത്വത്തിനോ കമ്മ്യൂണിസ്റ്റ്നിരീശ്വരത്വത്തിനോ അടിയാവയ്ക്കുവാൻ തയാറാകുമെന്നു തോന്നുന്നില്ല. മാത്രമല്ല, ഇന്ത്യൻ യൂണിയനിലെ ഒരു സംസ്ഥാനമായ കേരളത്തെ ഏതു പാർട്ടി ഭരിച്ചാലും ഇന്ത്യയുടെ പരിപാവനമായ പാരമ്പര്യങ്ങൾക്കും പ്രഖ്യാതമായ ഭരണഘടനാനിബന്ധനകൾക്കുമനുസരിച്ചുമാത്രമാണു് ഭരിക്കപ്പെടേണ്ടതു്. അതിൽനിന്നു ഭരണകൂടം വ്യതിചലിക്കുന്നുവെങ്കിൽ പൊതുജനങ്ങൾ മനസ്സിലാക്കണം ഭരണകക്ഷി ജനകീയവ്യവസ്ഥിതിയിൽനിന്നു വഴുതിമാറുകയാണു്, സ്വേച്ഛാധിപത്യത്തിലേക്കു നീങ്ങുകയാണു് എന്നു്. കേന്ദ്രഗവമ്മെന്റു് ഏതാദൃശമായ ഒരു വ്യതിയാനത്തിനു അനുവദിക്കുകയില്ല, തീർച്ചതന്നെ. പക്ഷെ അക്കാര്യത്തിൽ സന്നദ്ധരായ കാവൽനായ്ക്കൾ കേരളത്തിലെ ഓരോ പൗരനുമാണെന്നു മറക്കരുതു്. ഒരു പ്രതിപക്ഷമായി അസംബ്ളിയിൽ സ്ഥാനമെടുക്കുന്ന കോൺഗ്രസ്പാർട്ടി ഇക്കാര്യത്തിലെങ്കിലും അവരുടെ കത്തവ്യനിവ്വഹണത്തിൽ അനാസ്ഥ കാണിക്കുകയില്ലെന്നു വിചാരിക്കുന്നു. ഏതായാലും ഒരു പ്രശ്നസംസ്ഥാനമായ കേരളം പലപല പ്രശ്നങ്ങളെ ഉൾക്കൊള്ളുന്ന ഒരു പരീക്ഷണഘട്ടത്തെ തരണംചെയ്യുകയാണു്. ബുദ്ധിപൂർവ്വകമായും കത്തവ്യനിരതമായും പൗരബോധത്തോടുകൂടിയും ഓരോ വ്യക്തിയും രാജ്യത്തിന്റേയും ജനതയുടേയും സുസ്ഥിതിക്കും സമാധാനജീവിതത്തിനുംവേണ്ടി പ്രവത്തിക്കുവാൻ സന്നദ്ധരാവുക. ജനകീയഭരണാദർശത്തെ വിജയിപ്പിക്കുക.

*പ്രസാധകക്കുറിപ്പുകൾ*

## തിരിഞ്ഞെടുപ്പിൽ കോൺ. പരാജയത്തെപ്പററി "ജയഭാരതം"

ഈ ലേഖനമെഴുതുമ്പോൾ കേരളത്തിലെ രാഷ്ട്രീയകക്ഷികൾക്കൊന്നിനുംതന്നെ ഈ തിരിഞ്ഞെടുപ്പിൽ വ്യക്തമായ ഭൂരിപക്ഷം ലഭിച്ചുകഴിഞ്ഞിട്ടില്ലെങ്കിലും കോൺഗ്രസ്സിനതു ലഭിക്കുകയില്ലെന്നു തീർച്ചയായിക്കഴിഞ്ഞിട്ടുണ്ടു്; കമ്മ്യൂണിസ്റ്റ്പാർട്ടിക്കു ലഭിക്കാൻ സാദ്ധ്യതയുണ്ടെന്നും വ്യക്തമായിട്ടുണ്ടു്. കമ്മ്യൂണിസ്റ്റ്കാർക്കും അവരുടെ പ്രതിയോഗികൾക്കും ഒന്നുപോലെ ആശ്ചര്യം ജനിപ്പിച്ച തുടരെത്തുടരെയുള്ള കമ്മ്യൂണിസ്റ്റ്വിജയത്തിൽനിന്നു്, അവക്കു വോട്ടുചെയ്തവരും അവരുടെ സ്ഥാനാത്ഥികളുമെല്ലാം കറകളഞ്ഞ കമ്മ്യൂണിസ്റ്റ്കളാണെന്നു വിധിച്ചുകൂടെങ്കിലും, കോൺഗ്രസ്വൈരികളാണവർ എന്നു തീർച്ചപ്പെടുത്തുന്നതിൽ വലിയ അബദ്ധമില്ല. എന്താണു പൊതുജനങ്ങൾക്കു കോൺഗ്രസിനോടിത്ര വിദ്വേഷമുണ്ടാവാൻ കാരണം? അഥവാ കേരളത്തിൽ കോൺഗ്രസിനുനേരിട്ട പരാജയത്തിനെന്തെല്ലാമാണു് കാരണങ്ങൾ എന്നുള്ളതു്, അഖിലഭാരതവ്യാപകമായ ആ പാർട്ടിയുടെ ഭാവിയിൽ താല്പര്യമുള്ളവരുടെയെല്ലാം ഗാഢമായ വിചിന്തനത്തെ അർഹിക്കുന്ന ഒരു പ്രശ്നമാണു്.

കേരളത്തിൽ കോൺഗ്രസിനു ഒരു സ്ഥാനമുണ്ടാക്കാൻ ആത്മാത്ഥമായി പരിശ്രമിച്ച മേധാവികളായ വൻകിടനേതാക്കളെല്ലാം പുറംതള്ളപ്പെടുകയും തൽസ്ഥാനങ്ങളിൽ പലതരത്തിലും കുപ്രസിദ്ധിനേടിയ ചില പുത്തൻനേതാക്കൾ കയറിപ്പററുകയുംചെയ്തു. ബഹിഷ്കൃതരായ ആ വൻകിടനേതാക്കളിലും, അവരുടെ അനുയായികളായ ബഹുസഹസ്രം ജനങ്ങളിലും വിദ്വേഷാഗ്നി വീശിക്കത്തിക്കുവാനും, കോൺഗ്രസ്ഭിന്നങ്ങളോ, കോൺഗ്രസ്വിരുദ്ധങ്ങളോ ആയ പല രാഷ്ട്രീയകക്ഷികൾ രൂപപ്പെടുത്തുവാനും ഇതുമൂലം ഇടയായി. എന്നുമാത്രമല്ല, ഇവിടത്തെ കോൺഗ്രസധികാരികൾ സൃഷ്ടിച്ച തിരിഞ്ഞെടുപ്പുലിസ്റ്റും കമ്മ്യൂണിസ്റ്റുകാരുടെ ലിസ്റ്റുംകൂടി താരതമ്യം ചെയ്യുമ്പോളാണു് മററു പല സംഗതികളും നമുക്കു ശ്രദ്ധേയമായിത്തീരുന്നതു്. കമ്മ്യൂണിസ്റ്റ്കാരുടെ ഒന്നാംകിടനേതാക്കളെയെല്ലാം അവർ സ്ഥാനാത്ഥികളായി നിറുത്തുകയും, അവരിൽ ഏറെക്കുറെ എല്ലാവരുംതന്നെ വിജയികളായിത്തീരുകയും ചെയ്തപ്പോൾ, കോൺഗ്രസ്കാർ നിറുത്തിയവരോ? പ്രധാനമന്ത്രിപദത്തിനോ കേവലം മന്ത്രിപദത്തിനോ കാംക്ഷയില്ലാത്തവരെന്നു നിസ്സംശയം വിശ്വസിക്കാവുന്നവരാണു് അവരിൽ ഭൂരിപക്ഷവും. ബുദ്ധികൂടുന്നവരാൽ മുട്ടയിടുന്നതു് വരമ്പിന്റെ ഇറമ്പിലാണെന്ന ചൊല്ലു് നിരത്ഥകമല്ല.

കേരളം ഒരു "പ്രശ്ന"സംസ്ഥാനമാണെന്നു പ്രസിദ്ധമായിരിക്കയാണല്ലോ. ഇവിടത്തെ ഏററവും വലിയ പ്രശ്നം തൊഴിലില്ലായ്മയാണു്. ഇതിനു പരിഹാരമുണ്ടാക്കുന്നതിൽ കോൺഗ്രസ്സോ, കേന്ദ്രമോ ഗണ്യമായ യാതൊരു നടപടിയും നടത്തിയിട്ടില്ല. തന്മൂലം അസംതൃപ്തമായ ഒരു വമ്പിച്ച ജനതയുടെ വിദ്വേഷം അധികാരത്തിലിരിക്കുന്ന ഗവമ്മെന്റിന്റേയും, ആ ഗവമ്മെന്റിനെ സൃഷ്ടിച്ച പാർട്ടിയുടേയുംമേൽ പതിയുക സ്വാഭാവികമാണു്. പോരെങ്കിൽ കേരളത്തിലെപ്പോലെ രാഷ്ട്രീയപ്രബുദ്ധതയുള്ള ഒരു നാട്ടിൽ, ഗവമ്മെന്റിന്റെ ചെയ്തികളെയെല്ലാം കേവലം നിരക്ഷരന്മാർക്കും വിമർശനപൂർവ്വം വെളിപ്പെടുത്താൻതക്ക ദിനപ്പത്രബാഹുല്യമുള്ള ഒരു രാജ്യത്തു്, തങ്ങളുടെ അവശതകളുടെ ഹേതുക്കൾ ജനങ്ങൾ അപ്രമത്തമായി ഗ്രഹിക്കുകയും, അവയ്ക്കു പരിഹാരമുണ്ടാക്കാൻ കഴിയാത്ത സ്വാർത്ഥമതികളെ മറിച്ചിടണമെന്നാഗ്രഹിക്കുകയും ചെയ്യുക അത്ഭുതമല്ല. ഒരു പാർട്ടിയിലും സ്വയം ഉൾപ്പെടാത്തവരും, അതേസമയം കോൺഗ്രസിന്റെ ആദർശങ്ങളിൽ ആദരമുള്ളവരുമായ പലക്കും കോൺഗ്രസിന്റെ ഇന്നത്തെ നേതാക്കൾ ഒരു പാഠം പഠിക്കട്ടെ എന്നും കാണും. ഞങ്ങൾതന്നെ മുൻപു പലപ്പോഴും പറഞ്ഞിട്ടുള്ളതാണു്, കോൺഗ്രസിനു വലിയ അപകടമില്ലാത്ത ഒരു ശുദ്ധീകരണം വേണ്ടതാണെന്നു്. ഇന്നത്തെ അനുഭവം നോക്കുമ്പോൾ ശുദ്ധീകരണം അല്പം അപകടമുള്ളതായാലും തരക്കേടില്ലെന്നു തോന്നിപ്പോകുന്നു.

പൂർണ്ണപ്രായസമ്മതിദാനം ജനങ്ങൾക്കു നൽകിയതു കോൺഗ്രസ്ഗവമ്മെന്റാണു്. കമ്മ്യൂണിസ്റ്റ്ഗവമ്മെന്റിൽനിന്നു്, ഇതരരാജ്യങ്ങളിലെ അനുഭവം നോക്കിയാൽ, ഇത്ര വ്യാപകമായ ഒരു സ്വാതന്ത്ര്യദാനം പ്രതീക്ഷിക്കാവുന്നതല്ല. പക്ഷേ ഈ സ്വാതന്ത്ര്യദാനത്തെ പരമാവധി ചൂഷണം ചെയ്യാൻ കഴിഞ്ഞതു കോൺഗ്രസിനല്ല, കമ്മ്യൂണിസ്റ്റ്കാക്കാണു്. ഇതു സവ്വത്ര ഇന്നു സംസാരവിഷയമായിത്തീന്നിരിക്കുകയാണു്. കമ്മ്യൂണിസ്റ്റുകാർ ഭൂരിപക്ഷംവരുന്ന സാധാരണജനങ്ങളുടെയിടയിൽചെന്നു് അവരുടെ സ്വന്തം ആളുകളും രക്ഷാപുരുഷന്മാരുമാണു തങ്ങളെന്നു് അവരെ വിശ്വസിപ്പിച്ചു്, "നമ്മുടെ പാർട്ടി" എന്നവരെക്കൊണ്ടുരുവിടുവിച്ചു്, രാപകലില്ലാതെ പ്രചാരണശ്രമങ്ങൾ ചെയ്തുകൊണ്ടിരുന്നപ്പോൾ കോൺഗ്രസുകാർ കുലീനതനടിച്ചു് കാറുകളിൽ സഞ്ചരിക്കുകയും, സമുദായത്തിൽ ഉന്നതന്മാരെമാത്രം സന്ദർശിച്ചു് കാര്യങ്ങൾ ശരിപ്പെട്ടുവെന്നു സംതൃപ്തിയടയുകയുമായിരുന്നു എന്നാണു് എവിടേയുംനിന്നു കേൾക്കുന്ന ആക്ഷേപം. കോൺഗ്രസ്ഗവമ്മെന്റിന്റെ നേട്ടങ്ങളെപ്പററി ചില പൊതുയോഗങ്ങളിൽ പ്രസംഗിച്ചതുകൊണ്ടൊന്നും വോട്ടു കരസ്ഥമാകുന്നതല്ല. വോട്ടവകാശമുള്ളവരിൽ ഒരു ഗണ്യവിഭാഗം പൊതുയോഗങ്ങളിൽ വരാത്തവരോ, പക്ഷേ കോൺഗ്രസ്സിനെപ്പററി ഒരു ഗന്ധവുമില്ലാത്തവരോ ആയിരിക്കും. അതേസമയത്തു "നമ്മുടെ പാർട്ടി" കമ്മ്യൂണിസ്റ്റ്പാർട്ടിയാണെന്നും, കോൺഗ്രസ് മുതലാളിപ്പാർട്ടിയാണെന്നുമുള്ള അഭിപ്രായം ഉലച്ചിൽതട്ടാത്തവിധം അവരുടെ ഹൃദയങ്ങളിൽ സ്റ്റഡിക്ലാസ്സുകൾമുഖേന അടിച്ചു

ല്പിച്ചിട്ടുണ്ടായിരിക്കും. മിക്ക ഗ്രാമങ്ങളിലും കോൺഗ്രസ് പ്രചാരണശ്രമങ്ങൾ വളരെ വിരളമായിരുന്നുവെന്നുതന്നെയല്ല, കോൺഗ്രസിന്റെ സ്ഥാനാത്ഥികൾതന്നെ സാവ്വത്രികമായി വോട്ടറന്മാരെ സമീപിച്ചിട്ടില്ലെന്നുള്ളതും പരമാത്ഥമാണു്. സാധാരണജനങ്ങളുമായി സമ്പക്കംപുലത്താൻ കോൺഗ്രസിനു കഴിഞ്ഞിട്ടില്ലെന്നുള്ളതാണു് അതിന്റെ ഏററവും വലിയ പരാജയകാരണം.

കേരളത്തിലെ ജാതിമതസരങ്ങളും, ഈ തിരിഞ്ഞെടുപ്പിൽ പ്രായേണ കോൺഗ്രസിനു പ്രതികൂലമായി പ്രവത്തിച്ചിട്ടുണ്ടു്. തെക്കൻദിക്കുകളിൽ ക്രിസ്ത്യൻകോൺഗ്രസാണിതെന്നുള്ള ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഹിന്ദുക്കളും, മദ്ധ്യകേരളത്തിൽ കോൺഗ്രസ് ക്രിസ്ത്യൻതാല്പയ്യങ്ങൾക്കു വിപരീതമാണെന്നുള്ള ധാരണയിൽ ക്രിസ്ത്യാനികളും, വടക്കു് മുസ്ലീംതാല്പയ്യങ്ങളെ പരിരക്ഷിക്കുന്നില്ല കോൺഗ്രസ് എന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മുസ്ലീങ്ങളും കോൺഗ്രസിനെതിരായി വോട്ടുചെയ്യുകയോ ചില സ്ഥാനാർത്ഥികളെ നിറുത്തി കോൺഗ്രസിനെ പരാജയപ്പെടുത്തുകയോ ചെയ്യാനിടയായിട്ടുണ്ടു്. കോൺഗ്രസ്നേതാക്കൾ കുറച്ചുകൂടി ദീർഘദൃഷ്ടിയോടുകൂടി പ്രവത്തിച്ചിരുന്നുവെങ്കിൽ മേല്പറഞ്ഞവരുടെയെല്ലാം സഹകരണം സമ്പാദിക്കുവാൻ പ്രയാസമുണ്ടാകുമായിരുന്നില്ല. അതുപോലെ വെറും പകവീട്ടലിനുവേണ്ടി ചിലർ സ്വതന്ത്രസ്ഥാനാർത്ഥികളായും, ചിലർ പി. എസ്. പി., ആർ. എസ്. പി. തുടങ്ങിയ കക്ഷികളുടെ പ്രതിനിധികളായും നിന്നു പല സ്ഥാനങ്ങളിലും കോൺഗ്രസിനെ പരാജയപ്പെടുത്തിയിട്ടുമുണ്ടു്. കമ്മ്യൂണിസ്റ്റു സ്ഥാനാത്ഥികളെ ജയിപ്പിക്കാൻ ചില ക്രിസ്ത്യൻസ്വതന്ത്രന്മാരുടെ സ്ഥാനാർത്ഥിത്വവും സഹായിക്കാതിരുന്നിട്ടില്ല.

കേരളകോൺഗ്രസിന്റെ ഇന്നത്തെ ദുഷിച്ച നേതൃത്വത്തെ ഒരു പാഠം പഠിപ്പിക്കാൻ ജനങ്ങൾ അവക്കു നൽകിയ ശിക്ഷയിൽനിന്നു് അവരും, അവരിൽ വിശ്വാസമപ്പിച്ചിരുന്ന കേന്ദ്രവും കായ്യങ്ങൾ ശരിക്കു മനസ്സിലാക്കി തെററു തിരുത്തുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

× × ×

## പ്രതിനിധിസംഘങ്ങൾ

ഓരോ രാജ്യങ്ങളിൽനിന്നും രാഷ്ട്രമീമാംസകരോ, കലാകാരന്മാരോ, ചരിത്രപണ്ഡിതന്മാരോ ശാസ്ത്രജ്ഞന്മാരോ, കർഷകരോ, തൊഴിലാളികളോ, വെറും സാധാരണന്മാരോ എല്ലാം പ്രതിനിധിസംഘങ്ങളായിച്ചേന്നു വിദേശസന്ദശ്നം നടത്തുക ഇന്നൊരു ഫാഷനായി തീന്നിരിക്കുകയാണു്. പ്രചാരണോൽസുകങ്ങളായ ഗവമ്മേണ്ടുകൾ അവരെ ക്ഷണിച്ചുവരുത്തുകയും, മോടിയായി സ്വീകരിക്കുകയും, പല പരിപാടികളിലും ഭാഗഭാക്കാക്കുകയും ചെയ്തുപോരുന്നു. പ്രതിനിധി സംഘങ്ങളുടെ സന്ദശ്നപ്രതിസന്ദശ്നങ്ങൾ കൊണ്ടുണ്ടാകാവുന്ന ഗുണം രാജ്യങ്ങൾ തമ്മിലുള്ള പരസ്പരധാരണയേയും സൗമനസ്യത്തേയും പരിപോഷിപ്പിക്കാമെന്നുള്ള താണു്. പക്ഷെ ഇന്നു മിക്കവാറും അനുഭവപ്പെടുന്നതു് അതിനു കടകവിരുദ്ധമായിട്ടാണു് എന്നു പറയാതെ ഗത്യന്തരമില്ല. പ്രസ്തുത പ്രതിനിധിസംഘങ്ങൾ, ഏകാധിപത്യവിധേയമായ ഉപഗ്രഹരാജ്യങ്ങളിൽ പ്രത്യേകിച്ചും, കേവലം അസ്വതന്ത്രവും യാന്ത്രികവുമായ ഒരു മിന്നൽപയ്യടനം നടത്തി ഇന്ദ്രജാലക്കാരന്റെ കൺകെട്ടുവിദ്യകൾ കണ്ടു മടങ്ങുന്ന ആളുകളുടേതുപോലുള്ള ഒരുപാദബോധത്തോടുകൂടിയാണു് തിരിച്ചുവരുന്നതു്. രാജ്യത്തേയോ ജനങ്ങളേയോ സംസ്കാരത്തേയോ ജീവിതസ്ഥിതിഗതികളേയോ പററി വസ്തുനിഷ്ഠമായ യാതൊരറിവും സമ്പാദിക്കുന്നതിനു അവക്കു സാധിച്ചില്ലെന്നുള്ളതുപോകട്ടെ, അവാസ്തവങ്ങളും യാഥാത്ഥ്യവിരുദ്ധങ്ങളുമായ പല തെററിദ്ധാരണകളുടേയും വക്താക്കളായും പ്രചാരകന്മാരായും സ്വരാജ്യത്തുവന്നു അവർ പ്രവത്തിക്കുകയുംചെയ്യുന്നു. ജനങ്ങളോടിടപെടുവാൻ അവസരം കൊടുക്കാതെ ഗവമ്മേണ്ടുകൾ മുൻകൂട്ടി ഒരുക്കുന്ന പരിപാടികളിൽക്കൂടി അനേകം പണം ചിലവുചെയ്തു ഈ സംഘങ്ങളെ കടത്തിവിടുന്നതിന്റെ ഉദ്ദേശം ഇതാണു്. പ്രബലരാഷ്ട്രങ്ങൾ ഇക്കാലത്തു ഇതു വളരെ ഫലവത്തായ ഒരു പ്രചാരണോപാധിയായി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ടു്.

അടുത്തകാലത്തു ചൈനയിലേക്കു ക്ഷണിക്കപ്പെട്ട ചില പ്രതിനിധിസംഘങ്ങളുടെ അനുഭവത്തെ ആധാരമാക്കി ഒരു മാന്യലേഖകൻ എഴുതിയിട്ടുള്ള ഒരു കുറിപ്പു ഈ വസ്തുതയെ വിശദീകരിക്കുന്നതാണു്:- "അന്താരാഷ്ട്രീയമായ അതിന്റെ നില ശക്തിപ്പെടുത്തുന്നതിനുവേണ്ടി വിവിധ രാജ്യങ്ങളിൽനിന്നും ക്രിസ്ത്യാനികളെ ചൈനസന്ദശിക്കുന്നതിനു ആ "ജനങ്ങളുടെ ഗവമ്മേണ്ടു്" പലപ്പോഴും ക്ഷണിക്കാറുണ്ടു്. ഫ്റാൻസ്, ബൽജിയം, ഐർലണ്ടു്, ഹങ്കറി, പോളണ്ടു് മുതലായ രാജ്യങ്ങളിൽനിന്നു ക്രിസ്ത്യാനികൾ ഇതിനകം അവിടം സന്ദശിച്ചിട്ടുമുണ്ടു്. ഈ സന്ദശകർ ചൈനയിൽ കാണുന്ന വൈദികരും ക്രിസ്ത്യാനികളും അവിടത്തെ ഗവമ്മേണ്ടിനാൽ നിയോഗിക്കപ്പെടുന്ന ഏതാനും "ഉൽപ്പതിഷ്ണുക്കൾ" മാത്രമായിരിക്കും. വിദേശീയരായ സന്ദശകരെ അവർ മനസ്സിലാക്കുന്നതു്, ചൈനയിൽ വിശ്വാസസ്വാതന്ത്ര്യമുണ്ടെന്നും അവിടത്തെ ജീവിതനിലവാരം വളരെ ഉയന്നതാണെന്നുമത്രെ. കാരാഗൃഹത്തിൽ കിടക്കുന്ന മെത്രാന്മാരെ സംബന്ധിച്ചു്, അവരുടെ കുററങ്ങൾമൂലം അവരെ ശിക്ഷിക്കുന്നതിനു ഗവമ്മേണ്ടു് നിർബന്ധിതമായി തീന്നതാണെന്നാണു് അവരെ ധരിപ്പിക്കുക. ഇവയ്ക്കൊന്നിനും യാതൊരാധാരവുമില്ലതാനും. ചരിത്രപ്രാധാന്യമുള്ളതും പ്രകൃതിവിലാസം തുളുമ്പുന്നതുമായ കാഴ്ചസ്ഥലങ്ങളിലേക്കുള്ള സന്ദശ്നപരിപാടികൾ നേരത്തെ സജ്ജീകരിച്ചിരിക്കും. വിദേശികൾക്കു അവരിഷ്ടപ്പെടുന്ന സ്ഥലങ്ങൾ സന്ദശിക്കാൻ സാദ്ധ്യമല്ല. സന്ദശകരുടെ സ്വീകരണം സംബന്ധിച്ചു എന്തെങ്കിലും ചെയ്യുവാനുള്ളവർ, വേലക്കാർ കൂലിക്കാരുൾപ്പെടെ എല്ലാവരും കുറെക്കാലത്തേക്കു ഒരു പ്രത്യേകപരിശീലനം നടത്തിയിട്ടുള്ളവരായിരിക്കണം. രഹസ്യസംഭാഷണങ്ങൾ നടത്തുന്നതിനോ സ്വാതന്ത്ര്യമായി കാഴ്ചക്കാരെ സ്വീകരിക്കുന്നതിനോ വിദേശസന്ദശകർക്കു സാദ്ധ്യമല്ല. എന്നാൽ ഈ സന്ദശകന്മാരിൽ ചിലർ ഇപ്രകാരം കമ്മ്യൂണിസ്റ്റുകളിൽ നിന്നോ അവരുടെ "ഉൽപ്പതിഷ്ണു"ക്കളിൽ നിന്നോ കേൾക്കുന്ന അയഥാത്ഥങ്ങളായ പ്രസ്താവങ്ങളെ അതുപടി വിശ്വസിച്ചു് അവരവരുടെ നാടുകളിൽ തിരിച്ചു വന്നശേഷം, ചൈനയിൽ യഥാർത്ഥമായ മതസ്വാതന്ത്ര്യമുണ്ടു് എന്നും മററും തട്ടിമൂളിച്ചു് അവരുടെ പ്രചാരകന്മാരായി കാണുന്നതു് തീർച്ചയായും വലിയ ഒരു കഷ്ടമാണു്. യഥാത്ഥക്രിസ്ത്യാനി[illegible] സംബന്ധിച്ചു് ഇതു വളരെ വിഷമം പിടിച്ച ഒരു സാഹചയ്യമാണു്. അവക്കെതിരായി എന്തു പറയാൻ സാധിക്കും? വിദേശങ്ങളിൽനിന്നുള്ള സന്ദശകർ സ്ഥിതിഗതികളെ യഥാർത്ഥത്തിൽ നടക്കുന്നതുപോലെ മനസ്സിലാക്കുന്നതിനു അവസരവും പ്രകാശവും നൽകണമേയെന്നു ദൈവത്തോടും പരിശുദ്ധ അമ്മയോടും പ്രാർത്ഥിച്ചു സമാധാനിക്കയല്ലാതെന്തുചെയ്യാം. ഒരു സംഭവം പറയാം. ഒരിക്കൽ കുറെ ഐറിഷ് കത്തോലിക്കർ ചൈന സന്ദശിച്ചു. "ലീജിയൻ ഓഫ് മേരി" സംഘടന ഐർലണ്ടിൽ ഉടലെടുത്തതാണെന്നറിയാമായിരുന്ന സൂത്രക്കാരായ കമ്മ്യൂണിസ്റ്റുകൾ എന്തു ചെയ്യുന്നുവോ? "ലീജിയൻ ഓഫ് മേരി" ഒരു വിപ്ലവപ്രസ്ഥാനമാണെന്നു യാതൊരുത്തരും മിണ്ടിപ്പോകരുതെന്നു കല്പന പുറപ്പെടുവിച്ചു. ലീജിയനെ ഒരു വിപ്ലവപ്രസ്ഥാനമായി ചൈനയിൽ ഇപ്പോൾ ആരും പരിഗണിക്കുന്നില്ല എന്നു പച്ചയായി പ്രസ്താവിക്കുകയും ചെയ്തു. പക്ഷെ ഒരൊററ ലീജിയണറി തടവുകാരനെപോലും ബന്ധനവിമുക്തനാക്കിയില്ല; ഐറിഷ് സന്ദശകർ ചൈനയിൽനിന്നു പുറത്തിറങ്ങിയ ക്ഷണത്തിൽ കമ്മ്യൂണിസ്റ്റുകളുടെ ദൃഷ്ടിയിൽ ലീജിയൻ പണ്ടത്തേപ്പോലെ ഒരു വിപ്ലവസംഘടനയായി തീരുകയും ചെയ്തു. മററെല്ലാ രാജ്യങ്ങളിലുമുള്ള ക്രിസ്ത്യാനികളോടു് ചൈനയിലെ ക്രിസ്ത്യാനികൾ തീക്ഷ്ണതാപൂവ്വം അഭ്യർത്ഥിക്കുന്നതിതാണു്: അവരുടെ രാജ്യം സന്ദശിച്ചു് പിശാചിന്റെ കെണിയിൽ അവർ വീഴല്ലേ എന്നു്." അതുകൊണ്ടു് മതവിശ്വാസത്തിനുവേണ്ടി ദയനീയമായ പീഡകൾ സഹിക്കുന്ന ദുർഭഗരായ സഹോദരങ്ങളെ സഹായിക്കുന്നതിനുപകരം അവരുടെ ഹൃദയത്തെ പിളക്കുന്നതിനും ശത്രുക്കളുടെ ചട്ടുകങ്ങളായി അധഃപതിക്കുന്നതിനും ഇടയാകത്തക്കവണ്ണം അയഥാർത്ഥങ്ങളായ പ്രസ്താവനകൾ ചെയ്യുന്നതിൽനിന്നു സന്ദശകരും പ്രതിനിധിസംഘാംഗങ്ങളുംവിരമിക്കുന്നതാണുധമ്മം

### സൗജന്യവിതരണഫണ്ടു്

| | |
|---|---|
| ആലങ്ങാട്ടു് | 10—0—0 |
| ആലുവാ | 6—0—0 |
| മഞ്ഞപ്ര | 5—0—0 |

(മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലെ തിരുനാൾ പ്രമാണിച്ചു നൽകപ്പെട്ട ത്യാഗപ്പെട്ടികളിൽനിന്നു്)

# വിവിധവൃത്താന്തങ്ങൾ

## ലൂർദ്ദുശതവാർഷികം

പരിശുദ്ധകന്യകാമറിയം ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ടതിന്റെ ശതവാർഷികം സംബന്ധിച്ച ആഘോഷങ്ങൾ ഏകീകരിക്കുന്നതിനായി റോമയിൽ ഒരു അന്താരാഷ്ട്രീയക്കമ്മിററി സംസ്ഥാപിതമായിരിക്കുന്നു കർദ്ദിനാൾസംഘത്തിന്റെ ഡീൻ ആയ കർദ്ദിനാൾ തിസ്സരാങ്ങു്. പാരീസുമെത്രാപ്പോലീത്താ കർദ്ദിനാൾ ഫെൽററിൻ, ലൂർദ്ദുമെത്രാൻ ബിഷപ്പു തിയാസ് എന്നിവർ ഈ കമ്മിററിയുടെ സംയോജകന്മാരാണു്. ഈയിടെ തിയാസ് മെത്രാൻ പരിശുദ്ധപിതാവു തിരുമേനിയെ മുഖം കാണിച്ചു ശതവത്സരാഘോഷം സംബന്ധിച്ച ഏപ്പാടുകളെപ്പററി ചച്ച നടത്തുകയുണ്ടായി.

## സ്റ്റേഷൻമാസ്റ്റർക്കു് പേപ്പൽ ബഹുമതി

വടക്കുകിഴക്കൻ റെയിൽവെയിലെ പാൻഡു സ്റ്റേഷനിലെ സൂപ്രണ്ടായ മി. ആർ. ഡിക്സനു് പരിശുദ്ധ സിംഹാസനത്തിൽനിന്നും "പ്രോ എക്ലീസിയാ എത് പോണ്ടിഫിച്ചെ" എന്ന ബഹുമതി നൽകിയിരിക്കുന്നു. മി. ഡിക്സന്റെ മാതൃകാപരമായ ജീവിതത്തെയും സേവനസന്നദ്ധതയെയും പരിഗണിച്ചാണു ഈ ബഹുമതി നൽകപ്പെട്ടിരിക്കുന്നതു്. അദ്ദേഹത്തിന്റെ ഒരു സഹോദരൻ ഒരു വൈദികനും രണ്ടു മക്കൾ സന്യാസസഭാംഗങ്ങളുമാണു്. ഈ വർഷാവസാനത്തിൽ സവ്വീസിൽനിന്നു റിട്ടയർ ചെയ്യുന്ന മി. ഡിക്സൺ സമുദായപ്രവത്തനങ്ങളിൽ ഏർപ്പെടുവാനാണു തീരുമാനിച്ചിരിക്കുന്നതു്.

## സ്പെയിനിൽ ഭരണമാററം

ജനറൽ ഫ്റാങ്കോ സ്പെയിനിലെ മന്ത്രിസഭയിൽ ഗണ്യമായ ചില മാററങ്ങൾ വരുത്തിയിരിക്കുന്നു. സഭയുടെ സാമൂഹ്യപാഠങ്ങൾ പ്രവൃത്തിപഥത്തിലാക്കുവാൻ പ്രഗത്ഭരായ ചില പ്രശസ്ത കത്തോലിക്കരെ ഇത്തവണ മന്ത്രിസഭയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. ജീവിതത്തോളു് ഉയന്നുവന്നതിനെത്തുടന്നു കഴിഞ്ഞ മന്ത്രിസഭയെപ്പററി സാവ്വത്രികമായ ഒരു ആക്ഷേപം പൊന്തിവന്നിരുന്നു. പുതിയ മന്ത്രിസഭ സാമൂഹ്യക്ഷേമവിഷയത്തിൽ കൂടുതൽ ശ്രദ്ധചെലുത്തുന്നതാണെന്നു ജനറൽ ഫ്റാങ്കോ പ്രഖ്യാപിച്ചിരിക്കുന്നു. അടുത്ത കാലംവരെ വത്തിക്കാനിൽ സ്പെയിനിന്റെ സ്ഥാനപതിയായിരുന്ന സീനോർ ഫെർണാൻഡോ മറിയാ കാസ്റ്റില്ലായാണു പുതിയ വിദേശകായ്യമന്ത്രി. ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനുമുൻപു് ദേശീയകത്തോലിക്കാ വിദ്യാത്ഥിസംഘത്തിന്റെ പ്രസിഡണ്ടും എൽ ഡിബേറ്റ് എന്ന കത്തോലിക്കാ പത്രത്തിന്റെ ലേഖകനുമായിരുന്നു അദ്ദേഹം. വാണിജ്യമന്ത്രി സീനോർ ആൽബർട്ടോ ഉള്ളാസ്റ്റ്റസ്, നീതിന്യായമന്ത്രി സീനോർ അന്റോണിയോ ഇത്തുർമെൻഡി എന്നിവരും പേരുകേട്ട കത്തോലിക്കാ പ്രവത്തകരാണു്.

## മാർപ്പാപ്പാ, ലോകത്തിന്റെ മനസ്സാക്ഷി

പാസ്റ്റർ ഹാൻസ് അസ്മുസ്സെൻ എന്ന ഒരു പ്രോട്ടസ്റ്റന്റു വൈദികൻ കൊളോൺ റേഡിയോ മുഖേന ചെയ്ത ഒരു പ്രക്ഷേപണപ്രസംഗത്തിൽ, അടുത്തകാലത്തെ മാർപ്പാപ്പാമാർ "ആധുനികലോകത്തിന്റെ ജീവനുള്ള മനസ്സാക്ഷി"യായിരിക്കുന്നെന്നു പ്രസ്താവിച്ചിരിക്കുന്നു. പാപ്പാധിപത്യത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ഒരു ചർച്ചയിൽ അദ്ദേഹം പങ്കെടുക്കുകയായിരുന്നു. ഇപ്പോഴത്തെ മാർപ്പാപ്പായും അദ്ദേഹത്തിന്റെ അടുത്ത പുരോഗാമികളും അന്താരാഷ്ട്രീയപ്രാധാന്യമർഹിക്കുന്ന വ്യക്തികളായിരിക്കുന്നെന്നും, വ്യക്തിപരമായ നിലയിലും ഔദ്യോഗികനിലയിലും അവർ, കടുത്ത ഭൗതികത്വത്തിന്റെ ഭീഷണിക്കു വിധേയമായിരിക്കുന്ന ലോകത്തിൽ, ആദ്ധ്യാത്മികമൂല്യങ്ങളുടെ പ്രാതിനിധ്യം വഹിക്കുന്നുവെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി.

## കർദ്ദിനാളിന്റെ രൂപതയിൽ

കർദ്ദിനാൾ മിൻസെന്തി തിരുമേനിയുടെ രൂപതയായ ഹംഗറിയിലെ എസ്റ്റർഗം രൂപതയുടെ ചാർജ്ജ് വഹിക്കുവാൻ ബിഷപ്പു മൈക്കൾ എൻഡ്റിയെ തിരുസിംഹാസനത്തിൽനിന്നും നിയോഗിച്ചിരിക്കുന്നു. ബിഷപ്പ് എൻഡ്റിയുടെ സ്ഥാനം ഒരു അപ്പസ്തോലിക് അഡ്മിനിസ്റ്റ്രേററരുടെ സ്ഥാനത്തെക്കാളുംതാഴെയായിരിക്കുമെന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ടു്. ബിഷപ്പ് എൻഡ്റി വളരെക്കാലത്തേക്കു ഹംഗറിയിലെ കത്തോലിക്കാ പ്രവത്തനസംഘടനയുടെ പ്രസിഡന്റായിരുന്നു. ഹംഗറിയിലെ ഹൈരാക്കിയുടെ ഒരു യോഗം ജനുവരി 23-ാംതീയതി സമ്മേളിക്കുകയുണ്ടായെന്നും ഇപ്പോൾ പരസ്യമാക്കപ്പെട്ടിരിക്കുന്നു.

## പുതിയ വൈദിക സെമ്മിനാരി

ഇററലിയിലെ മിലാൻ രൂപതയിൽ ഒരു പുതിയ വൈദികസെമ്മിനാരി ആരംഭിച്ചിരിക്കുന്നു. ഇതിലെ വിദ്യാത്ഥികൾ പുതുതായി പട്ടം കിട്ടിയ യുവവൈദികരാണു്. ഇടവകജോലിയുടെ പ്രായോഗികവശങ്ങളെപ്പററി ഈ കോളെജിൽ ഒരു കൊല്ലം അവർ പഠനം നടത്തുന്നതാണു്. കോളേജിലെ


ഡാമിയൻ സബ്സിഡീസ് ലിമിററഡ്, തൃശ്ശൂർ

ചെയർമാൻ ശ്രീ ചാക്കോള ലോനപ്പൻ പാലു

5 വർഷംകൊണ്ടവസാനിക്കുന്ന പുതിയ പ്രതിമാസ നറുക്ക്—ലേലക്കുറി

(As per Govt. order D. Dis. Ins. 3-15367/56)

എല്ലാ മാസവും നറുക്കെടുപ്പും ലേലവും.

കിട്ടിയ പക്ഷം വിളിച്ചവക്കു ആദായവീതം. ആരംഭതിയ്യതി: 9-5-1957

| നമ്പർ 1ക്കു് 180 ക. | കുറിവിവരപ്പട്ടിക | രണ്ടു ഡിവിഷനു ആകെ 21600ക. സല |
|---|---|---|

| ക്ലാസ് | ആകെ നറുക്കു് | നറുക്കു വില | ആകെ സല | സ്ഥിരം കിഴിവു് | നറുക്കെടുപ്പിൽ പ്രൈസ്സംഖ്യ |
|---|---|---|---|---|---|
| Ax2 | 60 | Rs. 75 | Rs. 4500 | Rs. 375 | Rs. 4125 |
| Bx2 | 60 | Rs. 50 | Rs. 3000 | Rs. 250 | Rs. 2750 |
| Cx2 | 60 | Rs. 25 | Rs. 1500 | Rs. 125 | Rs. 1375 |
| Dx2 | 60 | Rs. 15 | Rs. 900 | Rs. 75 | Rs. 825 |
| Ex2 | 60 | Rs. 10 | Rs. 600 | Rs. 50 | Rs. 550 |
| Fx2 | 60 | Rs. 5 | Rs. 300 | Rs. 25 | Rs. 275 |
| ആകെ | 60നമ്പ്ര് x 2 | Rs. 180 x 2 | Rs. 10800 x 2 | Rs. 900 x 2 | Rs. 9900 x 2 |

കുറിയിൽ ചേരണമെന്നുള്ളവർ കഴിയുന്ന വേഗത്തിൽപണമടച്ചു് അപേക്ഷാഫാറം പൂരിപ്പിച്ചു് വരിക്കാരാകുന്നതിനു പ്രത്യേകംതാല്പയ്യപ്പെടുന്നു.

തൃശ്ശൂർ, 7-3-1957 ) ചെയർമാർ, The Damien Subsidies Ltd., Trichur

അദ്ധ്യാപകർ ഇടവകഭരണത്തിലിരിക്കുന്ന വൈദികരും കത്തോലിക്കപ്രവർത്തനനേതൃത്വം വഹിക്കുന്ന അൽമേനികളുമായിരിക്കും. വാരാന്ത്യത്തിൽ ഈ വിദ്യാർത്ഥികൾ പണ്ഡിതരായ വൈദികരുടെ കീഴിൽ ഇടവകജോലികൾ നടത്തി പ്രായോഗികജ്ഞാനം നേടുന്നതാണ്. വൈദികശിക്ഷണത്തിൽ ഒരു പുതിയ പരീക്ഷണമാണിത്. ആർച്ചു ബിഷപ്പ് മോൺടീനിയാണു ഇതിന്റെ ചുമതല വഹിക്കുന്നത്.

## കർദ്ദിനാൾ മിൻസെന്തി

ഹംഗറിയിലെ കർദ്ദിനാൾ മിൻസെന്തി തിരുമേനി ഇപ്പോഴും ഹംഗറിയിലെ അമേരിക്കൻ എംബസിയിൽ തന്നെയാണ്. രാഷ്ട്രീയസ്ഥിതിഗതികൾക്കു യാതൊരു മാറ്റവും വരാത്ത കാലത്തോളം തിരുമേനി ലിഗേഷനിൽതന്നെ താമസിക്കുന്നതാണെന്നു ഹംഗറിയിലെ അമേരിക്കൻ മിനിസ്റ്റർ പ്രസ്താവിച്ചിരിക്കുന്നു. സോവ്യറ്റുസേന ഹംഗറിയിൽ ആക്രമണമാരംഭിച്ച നവംബർ 4-ാം തീയതിയാണു തിരുമേനി അമേരിക്കൻ ലിഗേഷനിൽ അഭയം തേടിയത്. കർദ്ദിനാളിന്റെ ആരോഗ്യം തൃപ്തികരമാണെന്നും, അധികസമയവും ധ്യാനത്തിലും വായനയിലുമാണു ചെലവഴിക്കുന്നതെന്നും, റേഡിയോ പ്രക്ഷേപണങ്ങൾ കേൾക്കുകയും എഴുത്തുജോലിയിലേർപ്പെടുകയും ചെയ്യുന്നുണ്ടെന്നും മിനിസ്റ്റർ തുടർന്നു പ്രസ്താവിച്ചു. അമേരിക്കൻ മിനിസ്റ്റർ മി. വെയിൽസിനെ അമേരിക്കൻ ഗവമ്മെന്റ് ഇപ്പോൾ തിരിച്ചുവിളിച്ചിരിക്കുകയാണ്.

## സഭയുമായി കൂടിയാലോചന


ഹംഗറിയിൽ ജാനോസ് കാദറിന്റെ നേതൃത്വത്തിലുള്ള സോവ്യറ്റ് പാവഗവമ്മെന്റ് ഹംഗറിയിലെ കത്തോലിക്കസഭയുമായി ചില കൂടിയാലോചനകൾ ആരംഭിച്ചിരിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. കാദർ മന്ത്രിസഭയിൽ സഭാകാര്യവകുപ്പിന്റെ മേധാവിയായ ഡോക്ടർ ജാനോസ് ഹോർവാത്തിനെ, ഹംഗേറിയൻ ഹയരാർക്കിയുടെ മേധാവിയായി ആക്ട് ചെയ്യുന്ന കലോക്സായിലെ ആർച്ചുബിഷപ്പ് ഗ്രോയസ്സും, വെസ്പ്രെമിലെ ബിഷപ്പു ബാഡഫിക്കും, ജിയോറിലെ ബിഷപ്പു പാപ്പും കൂടിയാണു സന്ദർശിച്ചത്. സംഭാഷണം സൗഹാർദ്ദപരമായിരുന്നുവെന്നും ഇനിയും തുടരുന്നതാണെന്നും സഭാകാര്യവകുപ്പിൽനിന്നു പ്രസ്താവിച്ചിട്ടുള്ളതല്ലാതെ, സംഭാഷണവിഷയം എന്തായിരുന്നെന്നു പരസ്യമാക്കപ്പെട്ടിട്ടില്ല. "ഗവമ്മെന്റിനെയും സഭയെയും ഒന്നുപോലെ ബാധിക്കുന്ന പ്രശ്നങ്ങൾ" എന്നുമാത്രം ഒരു സൂചന നൽകപ്പെട്ടിട്ടുണ്ട്. വളരെയധികം തർക്കവിഷയമായി തീർന്നിരിക്കുന്ന മതവിദ്യാഭ്യാസപ്രശ്നം ചർച്ചാവിഷയമായിട്ടുണ്ടെന്നു ഊഹിക്കപ്പെടുന്നു.

—o—

## അടുത്തയാഴ്ചയിൽ

മാർച്ച്
28 വ്യാ: വി. ദൊരൊത്തേവൂസ്
29 വെ: കർത്താവിന്റെ തിരുമുറിവുകൾ
30 ശ: വി. യോഹന്നാൻ ക്ലീമാക്കോസ്
31 ഞാ: നോമ്പ് 4-ാം ഞായർ
ഏപ്രിൽ
1 തി: ഈജിപ്തിലെ വി. മറിയം
2 ചൊ: വി. ഫ്രാൻസിസ്സ്‌ളോസ്
3 ബു: വി. റിച്ചാർഡ്

## പരിശുദ്ധപിതാവിന്റെ ആഹ്വാനം



കമ്മ്യൂണിസ്റ്റ് പിടിയിൽ അമർന്നിരിക്കുന്ന വിവിധരാജ്യങ്ങളിലെ കത്തോലിക്കർക്കായി പ്രാർത്ഥിക്കുവാൻ പരിശുദ്ധപിതാവ് നമ്മെ ആഹ്വാനം ചെയ്യുന്നു. അതിനായി ഒരു പ്രത്യേകവാരവും ഓരോ ദിവസത്തേക്കുമുള്ള നിയോഗങ്ങളും അവിടുന്നുതന്നെ കല്പിച്ചുതന്നിരിക്കുന്നു. നീറുന്ന ഹൃദയത്തോടെ അവിടുന്നു പറയുകയാണ്:-

കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ ക്രിസ്തുവിന്റെ മൗതികശരീരമാകുന്ന തിരുസഭ വിവിധപീഡനങ്ങൾക്കും രക്തച്ചൊരിച്ചിലിനും വിധേയയായിരിക്കുന്നു. അവർക്കുവേണ്ടി ദിവ്യബലിയിൽ സജീവമായി പങ്കെടുത്തു പ്രാർത്ഥിക്കേണ്ടതു നമ്മുടെ കടമയല്ലേ. പരിശുദ്ധവ്യാകുലജനനി, കുരിശുവഹിച്ചുകൊണ്ടു പോകുന്ന തന്റെ തിരുസുതനെ—തടങ്കൽപാളയങ്ങളിലും ജയിൽമുറികളിലും കിടന്നു ഉഗ്രപീഡനങ്ങൾ അനുഭവിക്കുന്ന കത്തോലിക്കാ ലക്ഷങ്ങളിൽ ക്ലേശം സഹിക്കുന്ന തന്റെ തിരുസുതനെ—സഹായിക്കുന്നതിനു സിറേനിയൻകാരെ അന്വേഷിച്ചു പുറപ്പെട്ടിരിക്കുകയാണ്; രക്തത്താലും തുപ്പലിനാലും വികൃതമായിത്തീർന്ന അവിടുത്തെ തിരുമുഖം തുടയ്ക്കുന്നതിനു വെറോനിക്കാമാരേയും, ഇതാ, പരിശുദ്ധ അമ്മ നിങ്ങളെ മാടിവിളിക്കുന്നു; ഓരോരുത്തരേയും—അവിടുത്തെ എല്ലാ മക്കളേയും.

ഏപ്രിൽ 7-ാംതീയതി പീഡാനുഭവഞായർ മുതൽ ഓശാനഞായർവരെയുള്ള എട്ടു ദിവസങ്ങളാണു ഇതിനായി നിർദ്ദേശിച്ചിട്ടുള്ളത്. ഓരോദിവസങ്ങളിലേയും നിയോഗങ്ങൾ താഴെ ചേർക്കുന്നു.

പീഡാനുഭവഞായർ—റഷ്യ
തിങ്കൾ—അൽബേനിയ, ക്രോയേഷ്യ, സ്ലോവേനിയ, ബൾഗേറിയ.
ചൊവ്വ—ബൊഹീമിയ, മൊറേവിയ, സ്ലൊവാക്കിയ.
ബുധൻ—റുമേനിയ, പൂർവ്വജർമ്മനി.
വ്യാഴം—എസ്റ്റോണിയ, ലെറ്റോണിയാ, ലിത്വേനിയ.
വെള്ളി—ഹംഗറി, പോളണ്ട്.
ശനി—ചൈന, ഇൻഡോചൈന, കൊറിയ.
ഓശാനഞായർ—നിശ്ശബ്ദസഭയുടെ നാഥയായ വ്യാകുലജനനി.

(12-ാംപേജ് തുടർച്ച)

യിലും അന്തസ്സിലുമുള്ളവർക്കും അനുഗമിക്കാവുന്നതുമാണ്. സുസ്ഥിരമായ വിശ്വാസവും ദൃഢമായ പ്രത്യാശയും ഉദാരമായ സ്നേഹവുമാണ് ഈ മാർഗ്ഗത്തിലെ പ്രവേശനകവാടങ്ങൾ. ഈ കുറുക്കുവഴിയിലൂടെ പ്രയാണം ചെയ്യുന്നപക്ഷം നാമേവർക്കും വിശുദ്ധരാകുവാൻ സാധിക്കുമെന്നു പറയുന്നതിൽ അസാംഗത്യമോ അപാകതയോ ഉണ്ടായിരിക്കുന്നതല്ല. ആകയാൽ ഈ മാർഗ്ഗത്തിലൂടെ നാമും നമ്മുടെ സ്രഷ്ടാവായ ആ നാഥന്റെ ഇഷ്ടമനുസരിച്ചു പ്രവർത്തിച്ച് ജീവിതലക്ഷ്യപ്രാപ്തിക്കായി—വിശുദ്ധപദപ്രാപ്തിക്കായി—സദാ ശ്രമിക്കേണ്ടതല്ലയോ?

—o—

## വിദേശവാർത്തകൾ

വൈവദൂഷണത്തിനെതിരായി സമരം നടത്തുന്നതിനുവേണ്ടി പാരീസിൽ ജോവാൻ ഓഫ് ആർക്ക് അലയൻസ് എന്നപേരിൽ ഒരു ദേശീയ സംഘടന ആരംഭിച്ചിരിക്കുന്നു. മനുഷ്യമഹത്വത്തെയും ശക്തിയെയും നശിപ്പിക്കുന്ന എല്ലാ ആശയഗതികൾക്കുമെതിരായും എല്ലാത്തരം വഞ്ചനയോടും സമരം ചെയ്യുന്നതിനുള്ള ഒരു സംഘടനയാണിതു്.

—ബൽജിയത്തിലെ ഒരു സോഷ്യലിസ്റ്റും പത്രപ്രവർത്തകനുമായ ഫെർനാൻഡ് ഡിമെനി തന്റെ ഒരു ഗ്രന്ഥത്തിൽ ബെൽജിയം കോൺഗോയിലെ ഫെംപ്ടിൻ മെത്രാനെപ്പറ്റി ചെയ്തിരിക്കുന്ന പ്രസ്താവനകൾ അടിസ്ഥാനരഹിതവും അപകീർത്തികരവുമാണെന്നു കാണുകയാൽ ബ്രസൽസ് കോടതി 200 പവൻ പിഴശിക്ഷ നൽകിയിരിക്കുന്നു. മാത്രമല്ല, കോടതിയുടെ വിധി ബെൽജിയത്തിലെയും കോൺഗോയിലെയും 9 ദിനപത്രങ്ങളിൽ പ്രസിദ്ധം ചെയ്യുവാനും ആവശ്യപ്പെട്ടിരിക്കുന്നു.

—സേക്രഡ് സെറിമോണിയൽ കോൺഗ്രിഗേഷൻ എന്ന തിരുസംഘത്തിന്റെ അണ്ടർ സിക്രട്ടറിയായി മോൺ: ഗ്രസേപ്പു കാൽഡെറാറിയെ പരിശുദ്ധ പിതാവു നിയമിച്ചിരിക്കുന്നു.

—ആർച്ചു ബിഷപ്പ് വെറോലിനോയെ കോസ്റ്ററിക്കായിലെയും, ആർച്ചുബിഷപ്പ് പോപ്പിനിയെ ഗോട്ടിമാലായിലെയും പേപ്പൽനുൺഷിയോമാരായി നിയമിച്ചിരിക്കുന്നു.

—അമേരിക്കൻ വൈസ് പ്രസിഡണ്ട് മി. നിക്സൺ വത്തിക്കാനിലെത്തി മാർപ്പാപ്പാ തിരുമേനിയെ സന്ദർശിക്കുകയും പ്രസിഡണ്ടിന്റെ ഒരു കത്തു പരിശുദ്ധ പിതാവിനു സമർപ്പിക്കുകയും ചെയ്തിരിക്കുന്നു.

—രണ്ടാമത്തെ അന്താരാഷ്ട്രീയ അൽമായ പ്രേഷക കോൺഗ്രസ് അടുത്ത ഒക്ടോബർ 5 മുതൽ 13 വരെ തീയതികളിൽ റോമയിൽവെച്ചു നടക്കുന്നതാണ്. 1951-ൽ സമ്മേളിച്ച ഒന്നാം കോൺഗ്രസിൽ സംബന്ധിച്ച രാജ്യങ്ങൾക്കു പുറമേ ജപ്പാൻ, ന്യൂസിലൻഡ്, വിയറ്റ്നാം, ബമ്മാ, പാക്കിസ്ഥാൻ, മഡഗാസ്കർ, കെനിയാ, ഉഗാണ്ടാ, സൂഡാൻ, ഘാനാ മുതലായ രാജ്യങ്ങളിൽനിന്നും പ്രതിനിധികൾ ഇതിൽ സംബന്ധിക്കുന്നതാണ്.

—ബെൽജിയത്തിലെ യങ്ങ്ക്രിസ്ത്യൻ വർക്കേഴ്സ് പ്രസ്ഥാനത്തിന്റെ ജനയിതാവും ജീവനാഡിയുമായ മോൺ: ജോസഫ് കാർഡിൻ അടുത്തമാസത്തിൽ ഇൻഡ്യ സന്ദർശിക്കുന്നതാണ്.




ആദ്ധ്യാത്മികവീഥി

## ദൈവവിളി_കുടുംബം

(തുടർച്ച)

ദൈവത്തിന്റെ വത്സലമക്കളേ,

ഒരു വൈദികനായാൽ കൊള്ളാമെന്നുള്ള ആഗ്രഹം പ്രദർശിപ്പിച്ച ഒരു കുട്ടിയെ ഒന്നു പരീക്ഷിക്കുന്നതിനായി സെമ്മിനാരി ജീവിതത്തിൽ ഉണ്ടാകാവുന്ന വൈഷമ്യങ്ങളെക്കുറിച്ച് ഒരു റെക്ടർ പറഞ്ഞു:

"നല്ലതുപോലെ ആലോചിച്ചിട്ട് ഇറങ്ങിപ്പുറപ്പെട്ടാൽ മതി. ആദ്യന്തം വളരെ ത്യാഗങ്ങൾ അനുഷ്ഠിക്കേണ്ടിവരും വെളുപ്പിനുള്ള സുഖനിദ്ര ഉപേക്ഷിച്ച് നാലുമണിക്കു എഴുന്നേല്ക്കണം. രാവിലെയുള്ള കുർബാന കഴിയാതെ കാപ്പിയും മറ്റും കിട്ടുകയില്ല. സാമാന്യം പറഞ്ഞാൽ വിശക്കുമ്പോഴല്ല, മണിയടിക്കുമ്പോഴാണ് ഭക്ഷണം ലഭിക്കുക. ചിലപ്പോൾ തീരെ രുചിക്കാത്ത ഭക്ഷണം കിട്ടിയെന്നും വരാം.

"രാത്രി ആത്മശോധന കഴിഞ്ഞു കിടന്നാൽ പിന്നെ പിറേറദിവസത്തെ കുർബാന കഴിയുന്നതുവരെ ഒരക്ഷരംപോലും മിണ്ടാൻ അനുവാദമില്ല നിശ്ചിതസമയങ്ങളിൽ അടങ്ങിയിരുന്നു പാഠം വായിക്കണം. ആ സമയത്തു ഇഷ്ടമുള്ള മററു പുസ്തകങ്ങളോ പത്രമാസികകളോ വായിച്ചുകൂടന്നാണ് നിയമം. ചുരുക്കത്തിൽ സ്വന്തമനസ്സ് ഏറെക്കുറെ മുഴുവൻ ഉപേക്ഷിക്കാതെ സെമ്മിനാരിയിൽ നന്നായി ജീവിക്കാൻ സാദ്ധ്യമല്ല. കുഞ്ഞിനെന്തു തോന്നുന്നു?"

"ഇത്രയുമേ ഉള്ളുവെങ്കിൽ സാരമില്ല. ഞങ്ങളെല്ലാവരേയും നല്ല "ചിട്ട"യിലാണു വീട്ടിൽ വളർത്തുന്നത്. നേരം വെളുക്കുന്നതിനു മുൻപുതന്നെ എഴുന്നേല്ക്കണമെന്നു നിർബന്ധമാണ്. കുറേ പ്രാർത്ഥനയും പാഠംവായനയും കഴിഞ്ഞ് അരമൈക്കാൽമൈൽ നടന്നു പള്ളിയിൽചെന്നു ഒരു കുർബാനകണ്ടുവന്നിട്ടേ പ്രാതൽഭക്ഷണമുള്ളു. അതും വെറും കഞ്ഞിയും കറിയുമാണ്. കാപ്പിയും പലഹാരവുമൊക്കെ അപൂർവ്വം.

"പുകവലി ഒരിക്കലും അനുവദിക്കുകയില്ല. ഞങ്ങൾ എന്തൊക്കെ പുസ്തകങ്ങളാണ് ലൈബ്രറിയിൽനിന്നെടുത്തു വായിക്കുന്നതെന്നുള്ള കാര്യത്തിൽ അപ്പനു പ്രത്യേകനോട്ടമുണ്ട്. അശ്ലീലമായ വല്ല പുസ്തകവും കണ്ടാൽ അന്നു തല്ലിന്റെ പൂരമായിരിക്കും. ദുഷിച്ച കൂട്ടുകാരെ വജ്ജിക്കണമെന്നും നിർബന്ധമുണ്ട്. എവിടെയെങ്കിലും പോകണമെങ്കിൽ അപ്പന്റെ അനുവാദംവേണം. ഇങ്ങനെ വീട്ടിൽതന്നെ സ്വന്തമനസ്സുപേക്ഷിച്ചു ജീവിച്ചിട്ടുള്ളതുകൊണ്ട് സെമ്മിനാരിയിൽ ഒട്ടും വിഷമമുണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല."

അയാൾ പറഞ്ഞതുശരിയാണ്. ഇത്ര നല്ല ശിക്ഷണത്തിൽ വളന്ന കുട്ടികൾക്കു സെമ്മിനാരിക്രമാനുഷ്ഠാനം വളരെ എളുപ്പമായിരിക്കും. അവർ ഉത്തമവൈദികരായിത്തീരുമെന്നു ന്യായമായി പ്രതീക്ഷിക്കയും ചെയ്യാം.

എന്നു
പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവ്

## ഇൻഡ്യാ വാർത്തകൾ

ലോകസഭയിലെ കോൺഗ്രസ്പാർട്ടി നേതാവിന്റെ തിരഞ്ഞെടുപ്പു മാർച്ച് 29-ാംതീയതി നടക്കുന്നതാണ്.

—ഇൻഡ്യയുടെ 1957-58ലേക്കുള്ള ബഡ്ജറ്റു ധനകാര്യമന്ത്രി പാർലമെന്റിൽ അവതരിപ്പിച്ചിരിക്കുന്നു. ഇതനുസരിച്ച് 636.22 കോടി ക. വരവും 663.09 കോടി ക. ചെലവും 26.87 കോടി ക. അധികച്ചെലവും ഉണ്ടായിരിക്കുന്നതാണ്.

—റേഡിയോയുടെ ട്രാൻസ്ഫോർമർകളും ചോക്കുകളും നിമ്മിക്കുന്നതിനുള്ള ഒരു മാതൃകാപദ്ധതി കേന്ദ്രവാണിജ്യവകുപ്പിലെ ചെറുകിടവ്യവസായസംഘടന തയ്യാറാക്കിയിരിക്കുന്നു.

—വിവിധ സ്റ്റേററ് അസംബ്ളികളിലേക്കു നടന്ന തിരഞ്ഞെടുപ്പുകളുടെ ഇതേവരെ പുറത്തായ ഫലങ്ങളിൽനിന്നു് ആന്ധ്രാ, ആസാം, ബോംബെ, പഞ്ചാബ്, മദ്ധ്യപ്രദേശ്, ഉത്തരപ്രദേശ്, രാജസ്ഥാൻ, മദ്രാസ്, മൈസൂർ, പശ്ചിമബംഗാൾ, ബീഹാർ, എന്നീ 11 സ്റ്റേററുകളിൽ കോൺഗ്രസ്പാർട്ടിക്കു കേവലഭൂരിപക്ഷം സിദ്ധിച്ചിരിക്കുന്നു.

## ചരമവാർത്ത

ചെമ്പിളാവ്: ഈ ഇടവക ഇടശ്ശേരിൽ മി. ഔസേഫ് വാർദ്ധക്യസഹജമായ സുഖക്കേടുമൂലം മാർച്ച് 14-ാംനു നിര്യാതനായി. മൃതദേഹം പിറേറദിവസം ബ: വൈദികരുടേയും ഒരു വലിയ ജനാവലിയുടേയും സാന്നിദ്ധ്യത്തിൽ ചെമ്പിളാവുപള്ളി സിമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു.

R. I. P.

# ചെറുകഥ

## പ്രതീക്ഷകൾ

(ചമ്പക്കുളം ജോസഫ്)

"എടാ ജോസേ! നീയിങ്ങനെ ഒരു ജോലീം ചെയ്യാതെ വട്ടം നീളം നടന്നാലൊക്കുമോ?"

വക്കീസാറിൻെറ ഭാര്യ സാറാമ്മ മകനോടു ചോദിച്ചു.

"ഞാനെന്തു ജോലിക്കു പോകണമെന്നാ അമ്മ പറയുന്നതു്; കൂലിവേലയ്ക്കാണോ?"

"എന്തു ഞാൻ പറഞ്ഞോ? നിന്നെപ്പോലെ സിക്സ്തു പാസായ ചില പിള്ളേരല്ലെ എങ്ങാണ്ടു തോട്ടത്തിലോ ബാങ്കിലോ ഒക്കെ പോയിരിക്കുന്നതു്."

"അതേ, അവരുടെ തന്തമാരുടെ മിടുക്കാ; എൻെറ തന്തേക്കൊണ്ടതിനൊന്നും കൊള്ളുകില്ല."

"അതേടാ, ഈ വയ്യാത്ത കാലത്തു പാടും പട്ടിണീം കിടന്നു നിന്നെ ഇത്രയും പഠിപ്പിച്ചതും പോരാ, ഇനീം നീ കുററംകൂടെ പറയാൻ തുടങ്ങിക്കോ. പത്തുദിവസം കിടപ്പായിപ്പോയാൽ കാണാം കിടന്നു വിഷമിക്കുന്നതു്. നിനക്കൊരു ജോലി കിട്ടിയാൽ ഈ വിഷമം വല്ലതും ഉണ്ടാകുമോ? ഒരുത്തൻെറ ശമ്പളംകൊണ്ടു വേണ്ടേ ഈ എട്ടൊൻപതെണ്ണം കഴിയാൻ."

"അങ്ങനെയാ, മക്കൾക്കു ചെലവിനു കൊടുക്കേണ്ടതു തന്തമാരുടെ കടമയല്ലേ?"

"ഇത്രയും പ്രായമായ നിനക്കു സ്വന്തംകാര്യം നടത്താനെങ്കിലും ജോലിചെയ്യരുതോ?"

"ഈ കുരുത്തംകെട്ടവനെ ആരാ ജോലിക്കെടുക്കുന്നതു്. അപ്പച്ചൻ എവിടെയെല്ലാം അന്വേഷിക്കുന്നു. ഇങ്കുലാബും വിളിച്ചോണ്ടു നടക്കുന്ന ഇവനു കിട്ടും" മൂത്തമകൾ സൂസി കയറിപ്പറഞ്ഞു.

"നീ പോടി നിൻെറ പാട്ടിനു്. എൻെറ കാര്യം എനിക്കറിയാം."

"എൻെറമോനേ! നീ എന്നോടിതൊക്കെ പറഞ്ഞതിരിക്കട്ടെ, ആ പാവപ്പെട്ട തന്തയോടെങ്കിലും ഇങ്ങനെയൊന്നും പറയരുതേ" സാറാമ്മയുടെ തൊണ്ട ഇടറി. അവരുടെ കണ്ണുകൾ നിറഞ്ഞു.

"അമ്മേ അവൻ സഖാവായിപ്പോയില്ലെ. അതും പറയും അതിനപ്പുറവും പറയും" സൂസി കയറിപ്പറഞ്ഞു.

"ഇവിടന്നുപോയാൽ തലയ്ക്കെങ്കിലും ഒരു വെളിവു കിട്ടും. ഈ നശിച്ച വ്യവസ്ഥിതി മാറണം, അല്ല, മാററണം" ജോസു കോപാവേശനായി അവിടെനിന്നും അതിവേഗം ഇറങ്ങിപ്പോയി.

വക്കീസാർ വീട്ടിൽനിന്നും എട്ടുമൈൽ ദൂരെയുള്ള ഒരു പ്രൈമറി സ്കൂളിൻെറ ഹെഡ്മാസ്റ്ററാണു്. അടുത്ത ഒരു സ്കൂളിലായിരുന്നു ജോലി. ഒരു വർഷം മുൻപു കിട്ടിയ പ്രമോഷൻ അദ്ദേഹത്തെ അത്രയും അകലത്താക്കി. ആ കുഗ്രാമത്തിൽ സ്കൂളിലേക്കുള്ള യാത്രാസൗകര്യം വളരെ കുറവാണു്. ദിവസവും നടന്നാണു യാത്ര. ആ വഴി വണ്ടിയോടാത്തതിൽ വക്കീസാറിനു സംതൃപ്തിയേ ഉള്ളു. വണ്ടിയുണ്ടെങ്കിൽ അതിനുംകൂടി പണം ഉണ്ടാക്കേണ്ടേ.

സ്കൂളിൽ ആകെ പതിനഞ്ചധ്യാപകരുണ്ടു്. എല്ലാവരുംകൂടി വൈരാഗ്യമായിട്ടു പഠിപ്പിക്കാൻ തുടങ്ങിയാൽ മാസം രണ്ടുപെട്ടി ചോക്കുതു തീർത്തുകളയും. ചോക്കു മാത്രംപോരാ, ആഫീസുകാർക്കു അറിയാവുന്ന കാര്യങ്ങളായാലും ദിവസവും പല സ്റ്റേററുമെൻറുകൾ അയക്കണം. അതിനെല്ലാം കടലാസുവേണം. പിന്നെ മഷി' പേന, പെൻസിൽ, പശ, ബില്ലെഴുതുമ്പോൾ ചുവപ്പുമഷി. ഇതിനെല്ലാംകൂടി ഗവമ്മെൻറിൽനിന്നും കൊടുക്കുന്ന രൂപാ രണ്ടാണു്. അതുകൊണ്ടു തികയാത്തതിനാൽ സാറിൻെറ ഭാര്യയും മക്കളും അനുഭവിക്കാനുള്ള ശമ്പളം ഈ വഴിക്കും ചോന്നുപോകാറുണ്ടു്. ഒരു ചോററുപാത്രം ഉണ്ടായിരുന്നതു തുളഞ്ഞുപോയി. പകരം ഒന്നു വാങ്ങാൻ ആറുമാസം കാത്തിരുന്നിട്ടും ഇതുവരെ സാധിച്ചിട്ടില്ല. ശമ്പളം തികഞ്ഞു പററേണ്ടേ? ഒരു പൊതിച്ചോറാണു് ഉച്ചഭക്ഷണത്തിനെടുക്കുക. രാവിലെ ഏഴു മണിക്കുതന്നെ ആ അൻപതുകാരൻ സ്കൂളിലേക്കു നടപ്പുതുടങ്ങും. അദ്ദേഹത്തിൻെറ നടപ്പും പാടും ഓർത്തു് വഴിയരികിലുള്ള വൃക്ഷങ്ങൾപോലും കണ്ണുനീർ പൊഴിക്കാറുണ്ടു്, മഞ്ഞുനീർത്തുള്ളികളിലൂടെ.

വക്കീസാറിനു കുടുംബസ്വത്തായി താമസിക്കുന്ന പന്ത്രണ്ടുസെൻറു സ്ഥലവും ആ പഴയ കൊച്ചുവീടും മാത്രമേയുള്ളു. പറമ്പിലെ തെങ്ങുകളാണെങ്കിൽ പകർച്ചവ്യാധി പിടിച്ചു നില്ക്കുകയാണു്, പിരാക്കു പിടിച്ച സന്തതികളെപ്പോലെ. മൂത്തമകൾ സൂസിക്കു വയസ്സിരുപത്തിരണ്ടായി. സാമ്പത്തികമായ അവശതമാത്രമാണു് അവളെ ദാമ്പത്യവേദിയിലേക്കു് ആനയിക്കാത്തതു്. ദാരിദ്ര്യത്തിൻെറ ക്രൂരദംഷ്ട്രങ്ങൾ വിദഗ്ദ്ധമായി പ്രവർത്തിച്ചിട്ടും ആ യൗവനയുക്തയുടെ അംഗലാവണ്യത്തിൽ ഒരു പോറൽപോലും വരുത്താൻ സാധിച്ചിട്ടില്ല. അവളുടെ ആകാരസൗഷ്ഠവം പലർക്കും കൗതുകകരമായിരുന്നെങ്കിലും, വക്കീസാറിനും ഭാര്യയ്ക്കും ഒരു നെടുവീർപ്പാണു സംജാതമാക്കിയതു്. ദാരിദ്ര്യത്തിൻെറ ഗജ്ജനത്തിനിടയിൽ, സൂസിയുടെ സ്വഭാവനന്മയുടെ കളഗാനം ശ്രവിക്കാൻ മാതാപിതാക്കളൊഴിച്ച മററാരും ഉണ്ടായിരുന്നില്ല.

രണ്ടാമത്തെമകൻ ജോസ് സിക്സ്തു പാസ്സായിട്ടു കൊല്ലം രണ്ടുകഴിഞ്ഞു. വീട്ടിലെ അർദ്ധപട്ടിണിയും തൊഴിലില്ലായ്മയും അയാളെ ഒരു ഛോട്ടാ സഖാവായി രൂപാന്തരപ്പെടുത്തി. അഥവാ ആ സ്ഥാനമാനം അയാളെ ഒരു തൊഴിൽ രഹിതനാക്കിത്തീർത്തു. വിടന്നതാമരപ്പൂവിൽ ഇരിക്കുന്ന ഒരു കരുത്തപുഴുപോലെ, ജോസിൻെറ സുന്ദരമായ മുഖത്തു് ഒരു "ഈക്കിലിമീശ" ഈയിടെയായി കടന്നുകൂടിയിട്ടുണ്ടു്. മിക്കവാറും നടപ്പു സഖാക്കളുടെ കൂടെത്തന്നെ. സഖാവു ജോസിൻെറ തീപ്പൊരിയൻ പ്രസംഗം ആരേയും ഇളക്കി വശത്താക്കാൻ പററിയതാണു്. ഇലക്ഷൻ അടുത്തതിനാൽ ജോലിത്തിരക്കു പറയാനുമില്ല. മററു സഖാക്കൾക്കു് അയാൾ കണ്ണിലുണ്ണിയും. പിതാവിൻെറ ശാന്തശീലം ജോസിൻെറ ഈ സൈ്വരവിഹാരത്തിനു വളമായിത്തീരുകയാണുണ്ടായതു്.

മൂന്നാമത്തെ മകൾ പാവാടയിൽനിന്നും സാരിയിലേക്കു ധൃതഗമനം ചെയ്യുന്ന മോഹനപ്രായത്തിൽ എത്തിക്കഴിഞ്ഞു. അങ്ങനെ ഒരു മഹാപ്രശ്നംകൂടി ഉയന്നുവന്നു് വക്കീസാറിനെ വെല്ലുവിളിക്കാൻ തക്കംനോക്കിനില്ക്കുകയാണു്. പാവം വക്കീസാർ!

സ്കൂളിൽനിന്നും മടങ്ങിയ ആ ശിഷ്യസമ്പന്നനെ സന്ധ്യാസമീരൻ സുലഭമായി വീശിക്കൊണ്ടിരുന്നു. പ്രഭാതത്തിൽ കണ്ണുനീർ പൊഴിച്ച വൃക്ഷങ്ങൾ ശാഖകൾ നീട്ടി അദ്ദേഹത്തിനു കുടപിടിച്ചു. പക്ഷിജാലങ്ങൾ അതിലിരുന്നു്, ആ ചിന്താധീനനു മംഗളഗാനം പാടി. കാന്തനേയും കാത്തിരുന്ന സാറാമ്മ, ഒരുകപ്പു കട്ടൻകാപ്പിയുടെ അകമ്പടിയോടുകൂടി അദ്ദേഹത്തെ വീട്ടിനുള്ളിലേക്കു സ്വീകരിച്ചു. ഉടുപ്പൂരിമാററിയ സാറിനു് ഒരു പഴയ ചാരുകസേര വിശ്രമം നൽകി.

"ഹൊ! എന്തൊരു ക്ഷീണം" വിശപ്പാളയെടുത്തു വീശിക്കൊണ്ടു വക്കീസാർ പറഞ്ഞു.

"ഇന്നെന്താ ഇത്ര താമസിച്ചതു്?"

"ഒരാളുമായി കുറച്ചു സംസാരിച്ചുനിന്നുപോയി."

ഇതിനിടയിൽ ഇളയകുട്ടി—രണ്ടരവയസ്സുള്ള രാജനും, അതിൻെറ മൂത്തകുട്ടി ഗ്രേസിയും തമ്മിൽ മത്സരമായി പിതാവിൻെറ മടിയിലിരിക്കാൻ. സാറാമ്മയുടെ മദ്ധ്യസ്ഥതയിൽ രാജനുതന്നെ വിജയംകിട്ടി. അവൻ മടിയിൽ കയറിയിരുന്നു്, പിതാവിൻെറ രോമാവൃതമായ നെഞ്ചിൽ പിഞ്ചുവിരലുകൾ ഓടിച്ചുകൊണ്ടു ചോദിക്കുകയാണു്, "അപ്പച്ചാ, മുത്തായിരുണ്ടോ?" വക്കീസാർ അതിനു മറുപടിയായി ആ പിഞ്ചു പൂങ്കവിളിൽ ഒരു ചുംബനംകൊടുത്തുകൊണ്ടു്, "ഇല്ല മോനേ, ശമ്പളം കിട്ടുന്നന്നു മുട്ടായി വാങ്ങിത്തരാം." അതുകേട്ടു മുഖംവാടിയ തൻെറ ഓമനക്കുട്ടൻെറ മുഖത്തേക്കു താൻ അറിയാതെതന്നെ ഒരു ദീർഘനിശ്വാസം വക്കീസാർ അയച്ചുപോയി. അതിൽ ഒരു നിരന്തരദുഃഖിതൻെറ ഉള്ളിലൊതുങ്ങാത്ത ഊഷ്മാവു കലന്നിരുന്നു.

"ഇന്നു ജോസു വന്നില്ലേ?"

"വന്നിരുന്നു. ഏതാണ്ടെല്ലാം വഴക്കിട്ടേച്ചു പോകുന്നതുകണ്ടു. നമ്മുടെ കമ്മദോഷം എന്നല്ലാതെ എന്തു പറയാനാണു്."

"അവനു ദൈവം നല്ലബുദ്ധി കൊടുക്കട്ടെ. തല്ലി ശരിയാക്കേണ്ട പ്രായം കഴിഞ്ഞുപോയി. ഇനി ഞാനെന്തുചെയ്യും. മാടുപിഴച്ചാൽ കശാപ്പുകാർക്കു കൊടുക്കാം സന്തതി പിഴച്ചാലോ?"

"ഒരു നിവൃത്തിയുമില്ല."

"പിന്നെ വേറൊരു കാര്യം; നാളെ രണ്ടുമൂന്നുപേരു വരും പെണ്ണിനെക്കാണാൻ. എങ്ങനെയാ അവക്കു വല്ലതും ചൊവ്വേനേരെ കൊടുക്കുന്നതു്. കൈയിലാണെങ്കിൽ ഒരു പൈപോലുമില്ല."

"നാളത്തേക്കു അവധിയാണോ?"

"അതെ."

"ഇപ്പോഴെന്തു ചെയ്യും. ഒന്നു പണയംവയ്ക്കാൻപോലും ഒന്നുമില്ലല്ലോ. ആ മാല പണയംവച്ചിട്ടു മാസം എട്ടായില്ലേ. ഒന്നരപ്പവനുണ്ടു്. എല്ലാ മാസത്തിലും പറയും എടുപ്പിക്കാമെന്നു്. ഞാൻ എന്തു പാടുപെട്ടാ വീട്ടീന്നു അവൾക്കായിട്ടതു വാങ്ങിക്കൊണ്ടുപോന്നതു്. അവൾക്കതൊന്നിട്ടുകാണാൻപോലും ഒത്തില്ല. അതുണ്ടായിരുന്നെങ്കിൽ അവൾക്കു് ഒന്നിടരുതായിരുന്നോ?"

ആ നല്ല ഭാര്യക്കു വിനയപൂർവ്വം പരാതിപ്പെടാനേ അറിയൂ. കുററപ്പെടുത്താനോ ശാസിക്കാനോ അവർ പഠിച്ചിട്ടില്ല.

വക്കീസാർ പറഞ്ഞു: "അതുടനെ എങ്ങനെ പററാനാണു്. ഇപ്പോൾ പലിശയുൾപ്പടെ രൂപാ അറുപതോളമായിക്കാണും. നേരു പറയാമല്ലോ. ശമ്പളം വർദ്ധിപ്പിക്കുമ്പോൾ, കഴിഞ്ഞ ഏപ്രിൽമുതലുള്ള കുടിശ്ശിക മുഴുവൻ കിട്ടുമെന്നാണു ഞങ്ങളുടെയെല്ലാം പ്രതീക്ഷ. അന്നു മാല എടുപ്പിക്കാമെന്നാണു് എൻെറ വിശ്വാസം."

"എന്നുമുതൽ പറയുന്നു കിട്ടും കിട്ടും എന്നു്."

"കിട്ടാതിരിക്കയില്ല. ഇനി അധികം താമസിക്കാനിടയില്ലെന്നാണു് പലരുടേയും അഭിപ്രായം. അതു പോകട്ടെ. നാളത്തേക്കുള്ള വഴിയെന്താണു്?"

"ആ പററുപടിക്കടേൽ ഒന്നു പോകരുതോ. അയാൾ കുറച്ചുകൂടി കടം തരാതിരിക്കുമോ? അത്യാവശ്യം പറയണം."

"അവനിപ്പോൾ രൂപാ എഴുപതോളം ചെല്ലും. അതു തീക്കാതെ ഒന്നും തരാനൊക്കുകയില്ലെന്നാണു അവൻ പറഞ്ഞതു്. അങ്ങോട്ടു ചെല്ലുന്നതും നാണക്കേടായിട്ടു തോന്നുന്നു. ശമ്പളത്തിനു് ഇനിയും കഴിയണം ഒരാഴ്ച. എന്തായാലും ഒന്നു നോക്കട്ടെ"

വക്കീസാർ കടയിലേക്കുപോകാൻ എഴുന്നേററു. രാജൻ അവൻെറ ആഗ്രഹം പിതാവിനെ അറിയിച്ചു: "അപ്പച്ചാ, എനിക്കൊരു ഒട്ടിവേണം." "എനിക്കു പഴംമതി" ഗ്രേസിയും അറിയിച്ചു. "ഉണ്ടെങ്കിൽ കൊണ്ടുവരാം മക്കളേ."

അദ്ദേഹം ചില പാത്രങ്ങളെടുത്തുകൊണ്ടു യാത്രതിരിച്ചു. മണി എട്ടോടടുത്തു. അരിയിൽതുടങ്ങി പഞ്ചസാരയിൽ ചെന്നവസാനിക്കുന്ന സാധനങ്ങളുടെ ഒരു നീണ്ട പട്ടിക ഉരുവിട്ടുകൊണ്ടു് വക്കീസാർ കടയിലെത്തി. ഭാഗ്യമെന്നേ പറയേണ്ടു, കടക്കാരൻ കട അടച്ചില്ല. അതിനുള്ള ഒരുക്കമേയുള്ളു. അയാൾ ചോദിച്ചു: "സാറെന്താ ഇപ്പോൾ വന്നതു്?"

"എനിക്കൊരു വലിയ അത്യാവശ്യം; കുറച്ചു സാധനങ്ങൾ തരണം."

"തരാമല്ലോ: കടമാണെങ്കിൽ ദയവുചെയ്തിനി ചോദിക്കരുതു്."

"താമസിയാതെ കടമെല്ലാം തീക്കാം. നാളെ ഞങ്ങടെ പെണ്ണിനെക്കാണാൻ രണ്ടുമൂന്നുപേരു വരും. വീട്ടിലാണെങ്കിൽ യാതൊന്നുമില്ല. അതാണു ഞാനിപ്പോൾ തന്നെ പോന്നതു്."

"ഒരു നിവൃത്തിയുമില്ല. ഇങ്ങനെ ഓരോ അത്യാവശ്യത്തിനു തന്നതിൻെറ ഫലമാ, എനിക്കിപ്പോൾ കട പൂട്ടേണ്ടതായി വന്നിരിക്കുന്നതു്. ഞാൻ കഴിഞ്ഞപ്രാവശ്യം പറഞ്ഞില്ലേ കാര്യമെല്ലാം."

നിരാശനായി വക്കീസാർ മുററത്തുതന്നെ നിന്നു. കടക്കാരൻ കട അടയ്ക്കാൻതുടങ്ങി. ഓരോ പലകയും അയാൾ എടുത്തുവച്ചു് അടച്ചപ്പോൾ, തൻെറ ആശയുടെ ഓരോ ഭാഗങ്ങളും അടയുന്നതായി സാറിനു തോന്നി. ഒടുവിലത്തെ പലകയായപ്പോൾ വക്കീസാർ ഒന്നുകൂടി പറഞ്ഞുനോക്കി: "എന്തായാലും ഇത്രയുമൊക്കെ ആയില്ലേ. കുറച്ചുവല്ലതും തന്നാൽമതി. അടയ്ക്കാൻ വരട്ടെ."

"എനിക്കു പറയാനുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞു" അയാൾ ഒടുവിലത്തെ പലകയുമിട്ടു് കട പൂട്ടിക്കഴിഞ്ഞു.

വക്കീസാർ ചിന്താകുലനായി വീട്ടിലേക്കു മടങ്ങി. അദ്ദേഹത്തിനു ആരോടും കോപം തോന്നിയില്ല. എങ്കിലും തൻെറ ഈ നീറുന്ന പ്രശ്നങ്ങൾ ഓത്തപ്പോൾ ഒരു ജീവിതനൈരാശ്യം തോന്നിയെന്നുമാത്രം. എന്നാൽ എല്ലാ യാതനക്കാർക്കുമുള്ളതുപോലെ ചില അനിശ്ചിതമായ ശുഭപ്രതീക്ഷകളാണു് അദ്ദേഹത്തെ ഇങ്ങനെ താങ്ങിനിറുത്തിയിരിക്കുന്നതു്. ഒരുപ്രകാരത്തിൽ, ഭാവി അജ്ഞാതമായിരിക്കുന്നതു് ഇക്കൂട്ടരുടെ ജീവനെ സംബന്ധിച്ചിടത്തോളം ഒരു സുരക്ഷിതാവസ്ഥതന്നെയാണു്. മറിച്ചായിരുന്നെങ്കിൽ വരുവാൻപോകുന്ന ദുസ്സഹദുരിതങ്ങളെ ദൂരീകരിക്കുവാൻ മനുഷ്യൻ ആത്മഹത്യപോലും ചെയ്യുമായിരുന്നു.

വെറുംകൈയുമായി ചെന്ന വക്കീസാറിനെ കണ്ടപ്പോൾ സാറാമ്മയുടെ ഹൃദയത്തിൽക്കൂടി ഒരു മിന്നൽപ്പിണർ കടന്നുപോയി; തുടന്നു സൂസിയുടെ ഉള്ളിൽക്കൂടെയും. കുഞ്ഞുങ്ങൾ നിദ്രാധീനരായിരിക്കുകയാണു്. സാറാമ്മ ചോദിച്ചു: "ഇതെന്തുപററി, അയാളു തന്നില്ലേ?"

കസേരയിലേക്കു ചരിഞ്ഞ വക്കീസാർ കുറേനേരത്തെ മൗനത്തിനുശേഷം ഒരു നെടുവീർപ്പോടെ, "എന്തൊക്കെപ്പറഞ്ഞുനോക്കിയിട്ടും അയാൾക്കൊരലിവുമില്ല. ഉം! അവനെ ഞാൻ പഠിപ്പിച്ചിരുന്ന കാലത്തു് എത്രദിവസം എൻെറ ചോറിൻെറ വീതം കൊടുത്തിരിക്കുന്നു. വീട്ടിലെ പട്ടിണി

### കൃതജ്ഞത

ഉണ്ണീയീശോയുടെ സഹായത്താൽ ആവശ്യപ്പെട്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

E. തലോർ

### കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത

നെടുങ്കല്ലേൽ ത്രേസ്യ

## ദിവ്യനാഥൻെറ ക്ഷണം

ആത്മരക്ഷയും ഉപരിപരിപൂർണ്ണതയും പ്രാപിക്കുന്നതിനു പുറമേ, ദിവ്യനാഥനു് ആത്മാക്കളെ നേടിക്കൊടുക്കുകയെന്ന മഹനീയധർമ്മം നിർവ്വഹിക്കുന്നതിനും ഏററം പര്യാപ്തമെന്നു് വി. പിതാക്കന്മാർ സിദ്ധാന്തിക്കുന്ന സന്യാസജീവിതം അവലംബിക്കാൻ—സന്യാസവൈദികാന്തസ്സിൽ പ്രവേശിക്കാൻ—സന്മനസ്സുള്ള യുവാക്കന്മാരെ ദിവ്യനാഥൻ ക്ഷണിക്കുന്നു. വേദപ്രചാരണം, വിദ്യാപ്രവർത്തനം, പ്രസിദ്ധീകരണം, സാമൂഹ്യസേവനം എന്നിങ്ങനെ വിവിധങ്ങളായ പ്രേഷിതരംഗങ്ങളിൽ കേരളത്തിലും കേരളത്തിനു പുറമേയും, ഓരോരുത്തനും വാസനാനുസരണം വേലചെയ്യാനുള്ള വിശേഷസൗകര്യങ്ങൾ ലഭിക്കും. ക. നി. മ. സ. തിരുഹൃദയപ്രവിശ്യയിൽ ചേർന്നു്, ഇങ്ങനെ ദിവ്യനാഥൻെറ അഭിലാഷം നിർവ്വഹിക്കാൻ താല്പര്യമുള്ളവർക്കു്, ആലുവായിലുള്ള തിരുഹൃദയപ്രവിശ്യാഭവനത്തിലോ, ഈ പ്രവിശ്യയിലുൾപ്പെട്ട അടുത്ത ആശ്രമങ്ങളിലോ പോയി നേരിട്ടു് അപേക്ഷ കൊടുക്കാവുന്നതും, ആവശ്യമുള്ളപക്ഷം വിവരങ്ങൾ എഴുതിച്ചോദിക്കാവുന്നതുമാണു്. സർവ്വകലാശാലാപരീക്ഷകൾ ജയിച്ചവർക്കും, സ്കൂൾ ഫൈനൽ, തേർഡ്ഫോറം എന്നി പബ്ലിക്കു് പരീക്ഷകളിൽ പ്രശസ്തവിജയം സിദ്ധിച്ചവർക്കും, മുൻഗണനയും യഥാർഥമായ മററു പ്രോത്സാഹനങ്ങളും നൽകുന്നതാണു്.

Very Rev. Fr. Provincial, S. H. Provincial House,
Alwaye. P. O.

കൊണ്ട് അവനു പലപ്പോഴും തലകറക്കംവരും. ചോറില്ലാത്തപ്പോൾ ചായവരുത്തി കൊടുത്തിട്ടുണ്ട്. പട്ടാളത്തിൽചേന്നു കുറേ പണംകിട്ടിയപ്പോൾ ഇന്നവനൊരു പണക്കാരൻ. ഞാനൊരു പട്ടിണിക്കാരനും."

"അവനു ദൈവം കൊടുത്തതിനു നമ്മളെന്തിനു അസൂയപ്പെടുന്നു. നമുക്കു അയാൾ കുറെയൊക്കെ കടം തന്നില്ലേ. അതിൽ നന്ദിയാണു വേണ്ടതു്."

"അല്ല, ഞാൻ പറയുകയായിരുന്നു, ഓരോരുത്തൎക്കു വന്നുകൂടുന്ന വ്യത്യാസങ്ങൾ. അങ്ങേതിൽനിന്നെങ്ങാനും കുറച്ചരി കടംവാങ്ങാൻ കിട്ടുകില്ലേ?"

"കൊള്ളാം, നമ്മളെക്കാൾ വിഷമത്തിലാ അവരു കഴിയുന്നതു്. ആ വഴിയൊന്നും നോക്കേണ്ടാ."

"അല്ലെങ്കിലേ, അവരിപ്പോഴൊന്നു വന്നിട്ടുപോകുന്നതിനു അത്ര വലിയ കാൎയ്യമായിട്ടൊന്നും കൊടുത്തില്ലേലുമൊന്നുമില്ല. ഓരോപാത്രം കാപ്പി കൊടുത്തു വിടണം." സാറിന്റെ ആ അന്ത്യതീരുമാനം, കൊടിയ നിരാശയിൽ നിന്നും ഉടലെടുത്തതായിരുന്നു.

"ഇപ്പോഴതിനേ നിവൃത്തികാണുന്നുള്ളു. ചിലക്ക് ഇങ്ങനെ വരുമ്പോൾ വല്ലതും ശരിക്കു തിന്നാൻ കിട്ടിയാലേ ഇഷ്ടപ്പെടൂ."

"എല്ലാം ദൈവനിശ്ചയംപോലെ നടക്കട്ടെ!"

വക്കീസാർ കിടക്കയെ ശരണം പ്രാപിച്ചു. സാറിനുണ്ടായ വിവിധങ്ങളായ ചിന്താശരങ്ങളെ ഭയന്നു് നിദ്രാദേവി തെല്ലകലെ വന്നു നിന്നു. നേരം വെളുക്കാറായപ്പോഴാണു് അദ്ദേഹത്തെ സമീപിച്ചതു്.

സമയം രാവിലെ ഒൻപതുമണിയോടടുത്തു. ആ വീട്ടിൽ വിശേഷിച്ചു യാതൊരു ഒരുക്കവും കാണുന്നില്ല. വക്കീസാർ എന്തോ ആലോചിച്ചുകൊണ്ടു മുററത്തു നടക്കുകയാണു്. പെട്ടെന്നു സ്കൂളിലെ ശിപ്പായി വന്നു് അദ്ദേഹത്തെ അറിയിച്ചു:

"സാർ ഉടനെ അങ്ങോട്ടു വരണമെന്നു് ഏമാൻ പറഞ്ഞു."

"എന്താ അത്യാവശ്യം; എനിക്കവധിയാണെന്നു പറഞ്ഞില്ലേ?"

"പറഞ്ഞു. അലമാരിയിലുള്ള ഏതാണ്ടു പഴയ ബുക്കുകളൊക്കെ നോക്കണമെന്നു പറഞ്ഞു."

"അദ്ദേഹം അവിടെ ഇരിക്കുകയാണോ?"

"അല്പം വടക്കോട്ടു് എവിടെയോ പോയി. ഉടനെ വരുമെന്നു പറഞ്ഞു. അവിടെ ഞാനേ ഉണ്ടായിരുന്നൊള്ളു."

വക്കീസാറിനു് അധികമൊന്നും ആലോചിക്കാനുണ്ടായിരുന്നില്ല. അദ്ദേഹം ഉടുപ്പിടുന്നതിനിടയ്ക്കു "അവരു വന്നാൽ ഞാനിങ്ങനെ അത്യാവശ്യമായി സ്കൂളിലേക്കു പോയെന്നു പറയണം" എന്നു ഭാര്യയെ വിളിച്ചു നിദ്ദേശം കൊടുത്തിട്ടു് ഇറങ്ങിക്കഴിഞ്ഞു.

പത്മനാഭൻഇൻസ്പെക്ടർ വലിയ കോപിഷ്ഠനാണു്. അതാണു ചില അദ്ധ്യാപകർ അദ്ദേഹത്തിനു ദുർവ്വാസാവെന്നു പേരിട്ടിരിക്കുന്നതു്. തിരുവായ്ക്കു് എതിരുവായില്ലെന്നതാണു തന്റെ നയം. സ്കൂൾനടത്തിപ്പിനു് അത്യാവശ്യമായ ചില റിക്കാർഡുകൾ മാത്രമേ സീനിയർ അസിസ്റ്റൻറിന്റെ സ്വാധീനത്തിൽ ഉണ്ടായിരുന്നുള്ളു. അതറിഞ്ഞിട്ടാണു് ഇൻസ്പെക്ടർ ഹെഡ്മാസ്റ്റർക്കു ആളയച്ചതു്. തന്റെ വീട്ടിലെ അന്നത്തെ പരിപാടികളെ സംബന്ധിച്ചിടത്തോളം പരാജിതനായിരുന്ന വക്കീസാറിനു് ഈ ഇറങ്ങിപ്പോക്കു് ഏതാണ്ടൊരാശ്വാസമായിട്ടാണു തോന്നിയതു്.

"എന്താ സാറേ ഇന്നിങ്ങനെ നിങ്ങൾ രണ്ടുപേരും കൂടെ?" അവക്കത്തിരേവന്ന ഗൗരിയമ്മസാർ ചോദിച്ചു.

"ഇൻസ്പെക്ടർ അദ്ദേഹം എന്തോ അത്യാവശ്യം പ്രമാണിച്ചു വന്നിരിക്കുന്നു. ഇയാൾ എന്നെ വിളിക്കാൻ വന്നതാണു്. എനിക്കിന്നവധിയായിരുന്നു."

"എന്തത്യാവശ്യമാ?"

"അതറിഞ്ഞില്ല."

"നമുക്കു ശമ്പളം കൂട്ടുമെന്നു പ്രതീക്ഷിച്ചിരുന്നിട്ടൊന്നുമായില്ലല്ലേ?"

"ഓർഡർ ഒന്നും ഉണ്ടായിട്ടില്ല."

"ഇതൊന്നുമല്ല സാറേ, എന്റെ സ്കൂളിൽ പാൽപ്പൊടി കിട്ടിയിട്ടുണ്ടു്. അതു കൊണ്ടുവന്നതിനുരൂപ മൂന്നു ചെലവായി. അതൊന്നു കലക്കിത്തിളപ്പിച്ചുകൊടുക്കാൻ വിറകില്ല. കുട്ടികളുടെ രക്ഷാകത്താക്കളെങ്കിലും ഒന്നു സഹായിക്കണ്ടെ. കുറച്ചുദിവസമായി എന്റെ കൈയ്യീന്നു രൂപാകൊടുത്താ വിറകുവാങ്ങുന്നതു്."

"ചിലപ്പോൾ അതുമൊക്കെ വേണ്ടിവരും"

"എന്നാൽ ഞാൻ നടക്കട്ടെ, സമയമാകാറായി" ആ കമ്മകുശല അതിവേഗം നടന്നുപോയി.

വക്കീസാർ സ്കൂളിൽ എത്തിയപ്പോൾ മണി പതിനൊന്നുകഴിഞ്ഞു. ഇൻസ്പെക്ടർ എല്ലാ ക്ലാസിലും ഒരു മിന്നൽപരിശോധന നടത്തുകയാണു്. തിരിച്ചുവന്ന അധികാരിയുടെ മുഖത്തു കോപാവേശം കാണായ്കയാൽ, ഹെഡ്മാസ്റ്റർക്കു് ഏതാണ്ടൊരു സമാധാനമായി. ചില പഴയ ഫയലുകൾ ധൃതഗതിയിൽ പരിശോധിക്കേണ്ടതുണ്ടായിരുന്നു. ചിലതിന്റെയെല്ലാം പകർപ്പുകൾ എടുത്തിട്ടു സാമാന്യം സംതൃപ്തനായി അദ്ദേഹം മടങ്ങുകയും ചെയ്തു.


ഏതാണ്ടു് ഈ സമയത്തുതന്നെ വക്കീസാറിന്റെ വീട്ടിലിരുന്നു മൂന്നുപേർ ചില പരിശോധനകൾ നടത്തുന്നു—സൂസിയുടെ സൗന്ദര്യത്തെപ്പററിയും, സാറിന്റെ സാമ്പത്തികസ്ഥിതിയെപ്പററിയും. ഒരാൾ സൂസിയുടെ ഭർതൃസ്ഥാനാത്ഥി മാത്യുവാണു്. അപരൻ അയാളുടെ സഹോദരീഭത്താവു്, മൂന്നാമൻ വിവാഹദല്ലാൾ തോമ്മായും.

സൂസി കാപ്പി തിളപ്പിക്കുകയാണു്. ജനൽപ്പഴുതിലൂടെ അവൾ മാത്യുവിന്റെ നേരേ ഒരാമൂലാഗ്രപരിശോധനതന്നെ നടത്തി. ഒരു ഡബിൾവേഷ്ടിയും വെള്ള പോപ്ലിൻ ഷർട്ടുമാണു് അയാൾ ധരിച്ചിരിക്കുന്നതു്. ഷർട്ടുകണ്ടാൽ അതു ധരിച്ചശേഷമാണു് ഇസ്തിരിക്കിട്ടതെന്നു തോന്നും. മുറിവു വച്ചു കെട്ടുന്നതുപോലെ അയാളുടെ കഴുത്തിൽ ചുററി ഒരു കൈലേസ് ഇരിക്കുന്നു. അതിൽ തുന്നിപ്പിടിപ്പിച്ചിട്ടുള്ള ഭംഗിയുള്ള പൂക്കൾ വെളിയിൽ കാണാം. അതിനു പ്രവത്തിച്ച കരങ്ങൾ ആരുടേതായിരിക്കുമെന്നു സൂസിയുടെ ഉള്ളിലൊരു ജിജ്ഞാസ! സ്ഥാനാർത്ഥിയെ തനിക്കു പിടിച്ചെന്നായിരിക്കണം സൂസിയുടെ പ്രസന്നമുഖം പ്രഖ്യാപിക്കുന്നതു്.

കാപ്പിയുമായി സൂസിയെ തിണ്ണയിലേക്കു വിടാൻ സാറാമ്മ നന്നേ പാടുപെട്ടു.

"ഒന്നിറങ്ങടികുഞ്ഞെ, അല്ലേലും അവളു പണ്ടേ നാണംകുണുങ്ങിയാ. മനുഷ്യേരുടെ മുഖത്തു നോക്കുന്ന കാൎയ്യം അവളെ കൊല്ലുന്ന വാശിയാ. ഇപ്പം ഇങ്ങനത്തെ പെമ്പിള്ളേരുണ്ടോ?"

സൂസി ചട്ട മൻപോട്ടൊന്നു വലിച്ചിട്ടു്; ചിറിയൊന്നു കടിച്ചമത്തി. ധൈൎയ്യമവലംബിച്ചു് അതിഥികൾക്കു മൂന്നുഗ്ലാസ് കട്ടൻകാപ്പി സമർപ്പിച്ചിട്ടു് കുനിഞ്ഞു അകത്തേക്കുതന്നെ വലിയാനൊരുങ്ങി. ദല്ലാളുതോമ്മായുടെ വാക്കുകൾ അവളെ നിരോധിച്ചു.



**For Favours Received**
Mrs. Elsie Joseph, Kottecad

"നില്ല നില്ല്! ഇതെന്നാ ധിറുതിയാകുഞ്ഞെ! ഏതു ക്ലാസുവരെ പടിച്ചു?"

"ഫോത്തുവരെ"

"എത്ര വയസ്സുണ്ടുകുഞ്ഞെ?"

"അവൾക്കു് പതിനെട്ടു കഴിഞ്ഞു" സാറാമ്മ കയറിപ്പറഞ്ഞു. സൂസി ഉള്ളിലേക്കൊരോട്ടം. പലഹാരങ്ങളുമായി സാറാമ്മ പുറകേ വരുമെന്നാണു തോമ്മാ വിചാരിച്ചതു്. അവരെ വെറും കൈയുമായി കണ്ടതിൽ അയാൾക്കു നിരാശയായി. മാത്യു അരഗ്ലാസു കാപ്പിയേ കുടിച്ചുള്ളു. തോമ്മാ ദാഹംനിമിത്തം മട്ടംകൂടി വലിച്ചുകുടിച്ചു.

ചുരുക്കം ചില കുശലപ്രശ്നത്തിനുശേഷം അവർ സാറാമ്മയോടു യാത്രപറഞ്ഞു.

"എന്നാൽ ഞങ്ങളിറങ്ങട്ടെ, സാറില്ലല്ലോ. വിവരത്തിനു് എഴുത്തയക്കാം." അളിയനാണതു പറഞ്ഞതു്.

"ചോറുണ്ടിട്ടു പോയാൽപോരെ?" (ഇവരൊന്നു പിരിഞ്ഞിരുന്നെങ്കിൽ എന്നു മനസാ പ്രാത്ഥിച്ചുകൊണ്ടു്) "പിള്ളേരുടെ അപ്പനേയും കാണാമല്ലോ." സാറാമ്മ അങ്ങനെ അന്തസ്സു പാലിച്ചു. എങ്കിലും അവർ നിന്നില്ല.

ബസ്സ്സ്റ്റാൻറിലേക്കു നടക്കുമ്പോൾ തോമ്മാ പറയുകയാണു്: "എങ്കിലും ഞാൻ പല ആലോചനയ്ക്കും പോയിട്ടുണ്ടു്, ഇങ്ങനെ ഒരു കളിപ്പുപററിയിട്ടില്ല. വെശപ്പിനെങ്കിലും വല്ലോം തരണ്ടെ. കഷ്ടം!"

"പെണ്ണിനു പ്രായക്കൂടുതലുതോന്നുന്നു. ഒരു വിളച്ചിയുമുണ്ടു്." അളിയൻ അഭിപ്രായപ്പെട്ടു.

"എന്നതാന്നേ, ആ മനുഷേന്റെ ചമ്പളംകൊണ്ടു വേണ്ടേ ഇതൊക്കെ നടക്കാൻ. ഒരു ചെറുക്കനുള്ളതു തലതിരിഞ്ഞു നടക്കുവാ. നമ്മൾക്കെന്താ കാര്യം, കെട്ടാനുള്ളവനിഷ്ടപ്പെട്ടോ എന്നറിയട്ടെ." തോമ്മാ തന്റെ അഭിപ്രായം തുറന്നുപറഞ്ഞു.

## പ്രഥമ ചരമവാർഷികം



മഞ്ഞപ്രപള്ളി ഇടവക
പാറയ്ക്കു ചാക്കു ചെറിയ്ക്കു ഭാൎയ്യ
താണ്ടമ്മ
മരണം 31-3-1956

ഈശോ, മറിയം, യൗസേപ്പേ, ഇവക്കു് നിത്യാശ്വാസം കൊടുക്കേണമെ.

R. I. P

"ചുററുപാടൊക്കെ തീരെ മോശം. ആ പിള്ളേരെ ഒക്കെ കണ്ടില്ലെ—പട്ടിണിക്കോലങ്ങൾ. എനിക്കത്ര പിടിച്ചില്ല." മാത്യുവും അഭിപ്രായം രേഖപ്പെടുത്തി.

മൂന്നാംദിവസം വക്കീസാറിനു തോമ്മായിൽനിന്നും കിട്ടിയ ആ കത്തു് അദ്ദേഹം ഒന്നുകൂടി വായിച്ചു.

"മാത്യുച്ചൻ ഇപ്പോൾ കെട്ടുന്നില്ലെന്നു പറയുന്നു. ആയതിനാൽ ഒരു തീരുമാനം പറയാൻ ഇപ്പോൾ നിവൃത്തിയില്ല. പരിഭവം വിചാരിക്കരുതു്."

ആ വാക്കുകൾ ഓരോന്നും തന്റെ ഹൃദയത്തിൽ കൊള്ളുന്ന മൊട്ടുസൂചികളായി അദ്ദേഹത്തിനു തോന്നി. അപ്പോഴും ആ വിദ്യാദാസനു് ഒരു പ്രതീക്ഷയുണ്ടായിരുന്നു, "താമസിയാതെ ശമ്പളപരിഷ്ക്കാരമുണ്ടാകും, അന്നു തന്റെ ഈ ദയനീയാവസ്ഥയ്ക്കു പരിഹാരമുണ്ടാകും" എന്നു്.

—o—


## വേലക്കാർ ചുരുക്കം

ഗ്രന്ഥകത്താ: ഏ. ററി. മഞ്ഞക്കുന്നേൽ, അറക്കുളം
പേജ് 196, വില 1ക. 4ണ. പോസ്റ്റേജ് 2½ ണ.

വിദ്യാത്ഥികൾക്കും, അദ്ധ്യാപകക്കും, മാതാപിതാക്കൾക്കും, വൈദികക്കും, കന്യാസ്ത്രീകൾക്കും വളരെയധികം പ്രയോജനപ്പെടുന്ന ഒരു നവീനഗ്രന്ഥം. മനോഹരമായ ത്രിവണ്ണകവർ 25-ൽ പരം ചിത്രങ്ങൾ. സമ്മാനദാനത്തിനത്യുത്തമം

വിതരണക്കാർ: മാന്നാനം, കൊല്ലം, പാലാ, മഞ്ഞുമ്മൽ, തേവര, എൽത്തുരുത്തു് പ്രസ്സുകൾ. S. H. ബുക്കു് ഡിപ്പോ, എറണാകുളം; L. F. ബുക്ക്സ്റ്റാൾ, തൃശ്ശൂർ; S. H. ലീഗ്, ആലുവാ; അസ്സീസി ആശ്രമം, ഭരണങ്ങാനം; S. A. ബുക്ക്സ്റ്റാൾ, തൊടുപുഴ; മിഷൻ ഹോം, പാലാ.


(11-ാംപേജ് തുടർച്ച)

തിതന്നെ നൽകി. "ഈശോയെ എങ്ങനെ സ്നേഹിക്കണമെന്നും, നമ്മുടെ അമ്മയായ പരിശുദ്ധ കന്യകയെ എങ്ങനെ സ്നേഹിക്കണമെന്നും അവൾ എന്നെ പഠിപ്പിച്ചു" എന്നു് അദ്ദേഹംതന്നെ പ്രസ്താവിച്ചിട്ടുണ്ടു്.

"ഈ ശതകത്തിന്റെ അവസാനത്തിലോ, അടുത്ത ശതകത്തിലോ കന്യകമറിയം ദൈവംതന്നെയാണെന്നു് പാപ്പാ തീരുമാനിക്കുകയില്ലെന്നു ഇപ്പോൾ ഉറപ്പാൻ ആർക്കും നിവൃത്തിയില്ല... ... റോമൻകത്തോലിക്കർ മറിയത്തിനു് ദൈവത്തെക്കാൾ കൂടിയ സ്ഥാനം നൽകുന്നു. മറിയം ദൈവത്തെക്കാൾ വലിയവളാണെന്നും കത്തോലിക്കർ വിശ്വസിക്കുന്നു." മി. കെ. എൻ. ദാനിയൽ കുറേ നാൾമുൻപു് പ്രവചിച്ചതാണതു്. പക്ഷെ ആ ജല്പനത്തിന്റെ പൊള്ളത്തരം അല്പമൊന്നു ചിന്തിച്ചാൽ ആക്കും മനസ്സിലാകും. പരമാർത്ഥം നേരെ മറിച്ചല്ലേ. ക്രിസ്തു ദൈവമാണെന്നു് ഏതു സ്വരത്തിൽ ഉച്ചൈസ്തരം ഉൽഘോഷിക്കുമോ, ആ സ്വരത്തിൽതന്നെ കന്യകമറിയം ദൈവമല്ലെന്നും, ദൈവാരാധന മറിയത്തിനു കൊടുത്തുകൂടെന്നും കത്തോലിക്കർ പ്രഖ്യാപിക്കുന്നുണ്ടു്. ആ വാദത്തിനുവേണ്ടി രക്തസാക്ഷിത്വത്തിനും കത്തോലിക്കർ മടിക്കുകയില്ല. പിന്നെന്തിനാണു് നിരർത്ഥകങ്ങളായ ആവക ജല്പനങ്ങൾ!

ഒരു പ്രോട്ടസ്റ്റൻറുകാരനായി വളന്നുവന്ന ഡോ. വൂ, കന്യകമറിയത്തെ വണങ്ങുന്നതിൽ യാതൊരു അസാംഗത്യവുമില്ലെന്നു് സയുക്തികം കണ്ടുപിടിച്ചു. കന്യകമറിയത്തോടു് വണക്കം എത്രമാത്രം ആവശ്യമാണെന്നുള്ളതിന്റെ സാധുതാസാധുതയെക്കുറിച്ചു് അപഗ്രഥനംചെയ്തു്, മനസ്സിരുത്തി പഠിച്ചു് അവസാനം അദ്ദേഹം കത്തോലിക്കാസഭയിൽ ചേരുന്നതിനുതന്നെ തീർച്ചപ്പെടുത്തി. ഭാൎയ്യയേയൊ, മക്കളേയൊ താൻ പുതുതായി സ്വീകരിച്ച സത്യമതത്തിലേക്കു് ബലാദാകർഷിക്കണമെന്നു് അദ്ദേഹത്തിനു തോന്നിയില്ല. അവർ സ്വയമേവ ആകൃഷ്ടരായിക്കൊള്ളുമെന്നു് അദ്ദേഹത്തിനു നല്ല ഉറപ്പുണ്ടായിരുന്നു.

തന്റെ പതിമൂന്നു സന്താനങ്ങളിൽ ഇളയപുത്രിയുടെ അത്യത്ഭുതകരമായ രോഗശമനം ഇതരസന്താനങ്ങളേയും, ഭാൎയ്യയേയും ഏകസത്യമതത്തിലേക്കു നയിച്ചു. നിരന്തരമായ പ്രാർത്ഥനയും, മാതൃകാപരമായ ജീവിതവും, സൽഗ്രന്ഥപാരായണവും, സഹപ്രവത്തകരുടെ സ്ഥാനസ്ഥിതമായ ഉപദേശങ്ങളും, സത്തമന്മാരുടെ സഹവത്തിത്വവും മനുഷ്യമനസ്സിൽ എന്തെന്തുമാററങ്ങൾ വരുത്തുകയില്ല!

—o—



വിമർശനപംക്തി

# ലൂർദ്ദിലെ നീരുറവ

## കല്ലുവെട്ടുതൊഴിലാളികളുടെ യുക്തിവാദം

പരിശുദ്ധകന്യകാമറിയം ലൂർദ്ദിൽ ആദ്യം പ്രത്യക്ഷപ്പെട്ടതിന്റെ ശേഷമുള്ള മൂന്നാമത്തെ വ്യാഴാഴ്ച. 1858 ഫെബ്രുവരി 25-ാംതീയതിയായിരുന്നു അന്ന്. ബാലികയായ ബെർണ്ണദീത്താ മാസാബിയെ പാറക്കെട്ടുകൾക്കുള്ളതേക്കു പൊയ്ക്കൂടായെന്നു് ഇമ്പീരിയൽ പ്രൊക്കുറേററും പോലീസുകമ്മീഷണരും, നികുതിപിരിവുദ്യോഗസ്ഥനും കർശനമായി നിരോധിച്ചതിനുശേഷവും അവൾ അങ്ങോട്ടു അന്നു പുറപ്പെട്ടു. ബെർണ്ണദീത്തായുടെ ദർശനങ്ങളിൽ അശേഷം വിശ്വാസമില്ലാത്തവളും അവിടെ നടക്കുന്നവയെ നിശിതമായി വിമർശിച്ചു അവളെ തേജോവധം ചെയ്യണമെന്നുള്ള ആഗ്രഹത്തോടുകൂടിയവളുമായ മരിയ ലക്രാംപെ എന്ന വനിതയും അന്നു് അങ്ങോട്ടു പുറപ്പെട്ടു. ഈ മഹതിയുടെ വിവരണത്തിൽനിന്നു് അന്നത്തെ സംഭവങ്ങളുടെ യഥാതഥമായ ഒരു റിപ്പോർട്ടു നമുക്കു ലഭിക്കുന്നുണ്ടു്.

ഒരു വലിയ ജനക്കൂട്ടം ബെർണ്ണദീത്തായെ അനുഗമിച്ചിരുന്നു. പതിവുപോലെ ആ ബാലിക ഗുഹാമുഖത്തിങ്കലെത്തി. ഭക്തിബഹുമാനപുരസ്സരം മുട്ടുകുത്തി, ജപമാല ഒരു ദശകം ചൊല്ലി. അനന്തരം ആ ഭക്തിപരവശ മുട്ടിന്മേൽനിന്നുകൊണ്ടുതന്നെ ഗുഹാമുഖത്തേക്കു നീങ്ങി. അവിടെ പ്രത്യക്ഷയായിരുന്ന പരിശുദ്ധകന്യകമറിയം അവളോടു കല്പിച്ചു: “ആ നീരുറവയിലേക്കു പോയി വെള്ളം കുടിക്കുകയും, ശരീരം കഴുകുകയും ചെയ്യുക.” ബെർണ്ണദീത്താ ചുററും നോക്കി. അടുത്തെങ്ങും നീരുറവ കാണ്മാനുണ്ടായിരുന്നില്ല അകലെയായി ഗേവുനദി ഒഴുകുന്നുണ്ടു്. അവൾ നദിയിലേക്കു നടന്നു. നദീജലമല്ലാ താൻ ഉദ്ദേശിക്കുന്നതെന്നു പരിശുദ്ധകന്യകാമറിയം അവളെ അറിയിച്ചു.

ആ രംഗത്തെ ബെർണ്ണദീത്താ തന്നെ പിന്നീടു വിവരിച്ചതിങ്ങനെയാണു്: “കൈവിരൽ ചൂണ്ടിക്കൊണ്ടു ആ കാരുണ്യവതി എനിക്കു ഉറവയുടെ സ്ഥാനം കാണിച്ചുതന്നു. ഞാൻ അവിടെച്ചെന്നു. എന്നാൽ കലങ്ങിയ സ്വല്പം വെള്ളം മാത്രമേ അവിടെയുണ്ടായിരുന്നുള്ളു. കൈ അതിൽ മുക്കിയെങ്കിലും വെള്ളമെടുക്കാൻ എനിക്കു കഴിഞ്ഞില്ല. ഞാൻ കൈകൊണ്ടു മണ്ണുമാന്തി. ആ കുഴിയിൽ വെള്ളം വന്നു. എന്നാൽ ആ വെള്ളം മണ്ണും ചെളിയും കലന്നതായിരുന്നു. മൂന്നുപ്രാവശ്യം വെള്ളം കോരിയെടുത്തിട്ടും കുടിക്കുവാൻ എനിക്കു സാധിച്ചില്ല. നാലാംപ്രാവശ്യം ആ ജലം ഞാൻ പാനം ചെയ്തു.”

ആ അഴുക്കുവെള്ളം കുടിച്ചതിനുശേഷം, ആ കലക്കവെള്ളത്തിൽ തന്നെ അവൾ മുഖം കഴുകി. അവളുടെ മുഖത്തും വസ്ത്രങ്ങളിലും ചെളിപുരണ്ടു. അവളാകട്ടെ കുനിഞ്ഞു് അവിടെ വളന്നുനിന്നിരുന്ന ഒരു ജാതി പുൽച്ചെടി പറിച്ചു ഭക്ഷിച്ചു. കുറച്ചുകഴിഞ്ഞു അവൾ എഴുന്നേററു വീട്ടിലേക്കു മടങ്ങിപ്പോകയും ചെയ്തു. കാഴ്ചക്കാരായി കൂടിയിരുന്നവരിൽ ഒരു ഭാഗമാളുകൾ കരുതി ആ പാവം പെണ്ണിനു ഭ്രാന്തുപിടിച്ചുവെന്നു്. മരിയ ലക്രാംപെ പ്രസ്താവിച്ചു: “മുൻപും ഞാൻ ഈ മായാദർശനത്തിൽ വിശ്വസിച്ചിരുന്നില്ല. ഇപ്പോൾ ഞാൻ ഒട്ടുംതന്നെ വിശ്വസിക്കുന്നില്ല.”

പക്ഷേ പിറേദിവസമായ വെള്ളിയാഴ്ചത്തെ സ്ഥിതി ലൂർദുനിവാസികളെ ഇരുത്തി ചിന്തിപ്പിച്ചു. തലേദിവസം മൂന്നുപ്രാവശ്യം കോരിയിട്ടും കുടിക്കുവാൻമാത്രം വെള്ളം കിട്ടാതിരുന്ന ആ ചെറുകുഴി വെള്ളം നിറഞ്ഞു പുറത്തേക്കു പ്രവഹിച്ചുതുടങ്ങി. ആ നീരൊഴുക്കു് ക്ഷണേന പ്രതിദിനം 27,000 ഗാലൻ വെള്ളം പ്രവഹിക്കുന്ന ഒരു അരുവിയായി രൂപാന്തരപ്പെട്ടു. 1858 ഫെബ്രുവരി 25-ാംതീയതി ഇദംപ്രഥമമായി പ്രത്യക്ഷപ്പെട്ട ആ നീരൊഴുക്കു് അന്നുമുതൽ ഇന്നുവരെ അനുസ്യൂതം ഒഴുകിക്കൊണ്ടിരിക്കുന്നു.

അത്ഭുതകരമായ ഈ നീരുറവയെപ്പററി ലൂയിസ് ബോറിയെ എന്ന ഒരു കല്ലുവെട്ടുജോലിക്കാരൻ കേട്ടു. ആ നാട്ടുകാർക്കെല്ലാം സുപരിചിതനും അവരുടെ സഹതാപത്തെ അർഹിക്കുന്നവനുമായ ഒരു ദരിദ്രതൊഴിലാളിയായിരുന്നു ആയാൾ. അന്നേക്കു ഇരുപതുവർഷം മുൻപു് അയാൾ സഹോദരൻ ജോസഫുമൊരുമിച്ചു ജോലി ചെയ്തുകൊണ്ടിരിക്കവെ ഖനിയിൽ ഒരു പൊട്ടലുണ്ടായി. ജോസഫ് തൽക്ഷണം മരിക്കുകയും, ലൂയിസിന്റെ മുഖത്തു ഭയങ്കരമായ ഒരു മുറിവു ഉണ്ടാകുകയും ചെയ്തു. ഈ മുറിവിന്റെ ഫലമായി ലൂയിസിന്റെ വലത്തു കണ്ണിന്റെ കാഴ്ച നഷ്ടപ്പെടുകയും ആ കണ്ണിൽനിന്നു നീരും പഴുപ്പും സദാ ഒഴുകിക്കൊണ്ടിരിക്കുകയും ചെയ്തു ഡോക്ടർ ഡോസൂസ് എന്ന ഒരു പ്രസിദ്ധ കണ്ണുവൈദ്യനാണു് ബോറിയെ ചികിത്സിച്ചുകൊണ്ടിരുന്നതു്. അയാളുടെ രോഗം ഭേദപ്പെടുന്നതല്ലെന്നു ഡോക്ടർ ഡോസൂസ് ഖണ്ഡിതമായി വിധിയെഴുതി.

ലൂർദ്ദിലെ നീരുറവയെപ്പററി കേട്ട ഉടനെ ബോറിയെ, തന്റെ കൊച്ചുമകളോടു് ആ ഉറവയിൽ പോയി കുറച്ചു വെള്ളം കൊണ്ടുവരുവാൻ പറഞ്ഞു. പിതാവിന്റെ ആഗ്രഹമറിഞ്ഞ ആ പെൺകുട്ടി അരമണിക്കൂറിനുള്ളിൽ ഗ്രോട്ടോയിലെ വെള്ളവുമായി എത്തി. മണ്ണും ചെളിയും കലന്ന വെറും കലക്കവെള്ളമായിരുന്നു അതു്. പക്ഷെ അതൊന്നും ബോറിയെ ചകിതചിത്തനാക്കിയില്ല. ആയാൾ ആ വെള്ളം വാങ്ങിക്കൊണ്ടു കുറച്ചുസമയം പ്രാത്ഥനാനിരതനായി കഴിച്ചുകൂട്ടി. അനന്തരം ആ ചെളിവെള്ളം കണ്ണിലും മുഖത്തും തിരുമ്മിതേച്ചു. ഇരുപതു നീണ്ട വർഷക്കാലം കാഴ്ചയില്ലാതിരുന്ന ആ നേത്രരോഗി അത്ഭുതപരതന്ത്രനായി. ആയാൾക്കു കാഴ്ചലഭിച്ചു.

ആനന്ദപരവശനായ ആ കല്ലുവെട്ടുതൊഴിലാളി ഡോക്ടർ ഡോസൂസിനെ സമീപിച്ചു ഉദീരണം ചെയ്തു: “ഡോക്ടർ ഞാൻ സുഖം പ്രാപിച്ചിരിക്കുന്നു.” “അസാദ്ധ്യം” എന്നായിരുന്നു ഡോക്ടരുടെ മറുപടി. “ഈ നേത്രരോഗം സുഖപ്പെടുന്നതല്ലാ എന്നു് എനിക്കറിയാം. രോഗം ഭേദമാകുന്നതിനല്ലാ, വേദന കുറയുന്നതിനാണു് ഞാൻ ഇപ്പോൾ ഔഷധങ്ങൾ നൽകിയിരിക്കുന്നതു്” എന്നു് ഡോക്ടർ തുടന്നു പറഞ്ഞു. “അങ്ങയുടെ മരുന്നല്ല; ഗ്രോട്ടോയിലെ ദിവ്യസ്ത്രീയാണു് എനിക്കു സുഖം പ്രദാനം ചെയ്തതു്” എന്നു് ബോറിയെ പ്രത്യുത്തരിച്ചു.

ഡോക്ടർ ഡോസൂസ് ചിന്താഗ്രസ്തനായി. “ബെർണ്ണദീത്താ സമാധിയിൽ ലയിക്കുന്നതു ഞാൻ കണ്ടിട്ടുണ്ടു്. എങ്കിലും ഭേദമാകാത്ത ഒരു രോഗം പെട്ടെന്നു ശമിപ്പിക്കുവാൻ ഗ്രോട്ടോയിലെ നീരുറവയ്ക്കു കഴിയുമെന്നു വിശ്വസിക്കുവാൻ എനിക്കു നിവൃത്തിയില്ല” എന്നായിരുന്നു ഡോക്ടരുടെ അഭിപ്രായം. ആ ശാസ്ത്രവിജ്ഞാനി കീശയിൽനിന്നു് ഒരു ബുക്കെടുത്തു എന്തോ എഴുതി അയാളുടെ കൈയിൽ കൊടുത്തു. അനന്തരം ആയാളുടെ ഇടത്തുകണ്ണു പൊത്തിപ്പിടിച്ചുകൊണ്ടു പറഞ്ഞു: “നിനക്കിതു വായിക്കുവാൻ കഴിയുമെങ്കിൽ നീ പറയുന്നതു ഞാൻ വിശ്വസിക്കാം.”

ആ തൊഴിലാളി ആ എഴുത്തു നേരെ പിടിച്ചു വായിച്ചു: “സുഖപ്പെടുവാൻ സാദ്ധ്യമല്ലാത്ത ഒരു നേത്രരോഗം ബോറിയേക്കുണ്ടു്. ആയാൾക്കു അതിൽനിന്നു മോചനം ലഭിക്കുക സാദ്ധ്യമല്ല.” ഡോക്ടർ ഡോസൂസ് അത്ഭുതപരതന്ത്രനായി. തന്റെ ശാസ്ത്രജ്ഞാനം തന്നെ പരിഹസിക്കുന്നതുപോലെ അദ്ദേഹത്തിനു തോന്നി. ലൂയിസ് ബോറിയേയുടെ രോഗശാന്തിയിൽ പ്രകൃത്യതീതമായ ഒരു ശക്തിയുടെ പ്രവത്തനം ദൃശ്യമാണെന്നു് ആ ഡോക്ടർ ഏററുപറഞ്ഞു. ബോറിയേയെ പരിശോധിച്ച മററു പല ഡോക്ടർമാരും ഡോക്ടർ ഡോസൂസിനെ പിന്താങ്ങി.

കല്ലുവെട്ടുതൊഴിലാളികൾ സന്ധ്യക്കു മടങ്ങിയെത്തിയപ്പോൾ ഈ വിവരം കേട്ടു. അവർ യുക്തിവാദം ചെയ്തു. തങ്ങളുടെ കൂട്ടുകാരനായ ലൂയിസ് ബോറിയെ ഇരുപതുകൊല്ലമായി കാഴ്ച തീരേ നശിച്ചു ഒരു അന്ധനായിരുന്നു. അയാളുടെ രോഗം യാതൊരുവിധത്തിലും ഭേദമാകുന്നതല്ലെന്നു ഡോക്ടർമാരെല്ലാം സാക്ഷ്യപ്പെടുത്തിയിരുന്നതാണു്. ഡോക്ടർ ഡോസൂസ്പോലും രോഗം പൊറുക്കുന്നതിനല്ലാ, വേദന കുറയുന്നതിനാണു് മരുന്നുകൊടുത്തുകൊണ്ടിരുന്നതു്. അങ്ങനെയുള്ള ബോറിയെ ഇതാ രോഗവിമുക്തനായി, കാഴ്ചയുള്ളവനായി, തീർന്നിരിക്കുന്നു. ബോറിയെയുടെ കാഴ്ചയില്ലായ്മയ്ക്കും ഇപ്പോഴത്തെ കാഴ്ചയ്ക്കും ഇടയ്ക്കുണ്ടായ ഒരേഒരു സംഗതി ആയാൾ ലൂർദുവെള്ളത്തിൽ തന്റെ കണ്ണുകൾ കഴുകിയെന്നതാണു്.

“യുക്തിവാദി” അന്ധമായി വിശ്വസിക്കുന്നതുപോലെ, യാതൊരു മരുന്നിന്റെയും സഹായംകൂടാതെ ഭേദമാകുന്ന 90 ശതമാനത്തിൽപെട്ടതോ, മരുന്നിന്റെ സഹായത്താൽ ഭേദമാകുന്ന 5 ശതമാനത്തിൽപെട്ടതോ അല്ലാ ഈ രോഗശാന്തിയെന്നു് അവർക്കു ബോദ്ധ്യമായി. അങ്ങനെയായിരുന്നെങ്കിൽ ഈ ഇരുപതുകൊല്ലം ആയാൾ കാഴ്ചയില്ലാത്തവനായി ക്ലേശിക്കേണ്ടി വരികയില്ലായിരുന്നല്ലോ. അദൃശ്യമായ ശാരീരിക പരിവത്തനങ്ങൾകൊണ്ടുണ്ടായ ഒരു രോഗശാന്തിയുമല്ലാ ഇതു്; അങ്ങനെയായിരുന്നെങ്കിൽ ലൂർദുവെള്ളം പുരട്ടുന്നതിനുമുമ്പു് ആ പരിവത്തനം സംഭവിക്കാമായിരുന്നല്ലോ. ചുരുക്കത്തിൽ വല്ല പരിവത്തനവും ഉണ്ടായിട്ടുണ്ടെങ്കിൽ അതിനു കാരണം ലൂർദ്ദിലെ ഈ നീരുറവയാണു്.

അവരുടെ യുക്തിവാദം ഇത്രടമായപ്പോൾ അവർ തൂമ്പയും മൺവെട്ടിയുമെടുത്തു മെസാബിയേയിലേക്കു പുറപ്പെട്ടു. റോഡിൽനിന്നു ആ ഗ്രോട്ടോയിലേക്കു്, ആ പാറക്കെട്ടുകളിലൂടെ, അവർ മനോഹരമായ ഒരു പാത ആ രാത്രിയിൽതന്നെ വെട്ടിത്തീർത്തു. പാവപ്പെട്ടവരും ക്ലേശിതരായവരുമായവർക്കു നിർബാധം ഈ നീരുറവയിലെത്തി, ശാന്തിനേടുന്നതിനു തങ്ങളാലാവതു സഹായിക്കുകയെന്നതായിരുന്നു അവരുടെ ലക്ഷ്യം. തങ്ങളുടെ പ്രിയപ്പെട്ട കൂട്ടുകാരനു കാഴ്ചനൽകിയ ആ പ്രദേശത്തെ മനോഹരമാക്കിത്തീർക്കുവാൻതന്നെ അവർ തീരുമാനിച്ചു. ആ പാവപ്പെട്ട തൊഴിലാളികൾ ആ ഗുഹാമുഖത്തു് അനേകം തിരികൾ കത്തിച്ചു. തൊഴിലാളികളുടെ പിറകെ അവിടെ എത്തിയ സ്ത്രീപുരുഷന്മാരും അവിടെ തിരികൾ കത്തിച്ചു.

ആകാശത്തിലെ നക്ഷത്രവിളക്കുകൾക്കു താഴെ, അനേകായിരം മെഴുകുതിരികളുടെ സാന്ദ്രപ്രകാശത്തിൽ, മനോമോഹനമായിത്തീന്ന ആ ഗ്രോട്ടോയുടെ മുൻപിൽ അവർ മുട്ടുകുത്തി പാട്ടുകൾ പാടി ആനന്ദിച്ചു. അവർ എന്തു പാട്ടാണു് പാടിയിരുന്നതെന്നു നമുക്കറിഞ്ഞുകൂടാ. എങ്കിലും ഇങ്ങനെയായിരുന്നിരിക്കാം ആ രാത്രിയുടെ ഏകാന്തതയിൽ അവർ പാടിയിരുന്നതു്:-

“എന്റെ കത്താവിന്റെ അമ്മ എന്റെ അടുക്കൽ വരുവാനുള്ള ഇതു് എനിക്കു് എവിടെനിന്നു്?

“എന്റെ ആത്മാവു കത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ആത്മാവു എന്നെ ജീവിപ്പിക്കുന്ന ദൈവത്തിൽ ആനന്ദിച്ചു. എന്തുകൊണ്ടെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്മയെ തൃക്കൺപാത്തു. ഇതാ ഇതുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതിഎന്നു പുകഴ്ത്തും. ശക്തനായവൻ എന്റെ അടുക്കൽ വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നുവല്ലോ...

“തന്റെ ഭുജംകൊണ്ടു് അവൻ വിജയംനേടി. തങ്ങളുടെ ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ അവൻ ചിതറിച്ചു. അവൻ ശക്തന്മാരെ സിംഹാസനങ്ങളിൽനിന്നു തട്ടിമറിച്ചിട്ടു താഴ്മയുള്ളവരെ കരേററി...

(ലൂക്കാ I 43-52)

“സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കത്താവായ എന്റെ പിതാവേ, നീ ഇവ ജ്ഞാനികളിലും വിവേകികളിലും മറച്ചു്, ശിശുക്കൾക്കു ഇവ വെളിപ്പെടുത്തിയതിനാൽ നിന്നെ ഞാൻ പുകഴ്ത്തുന്നു. അതേ, എന്റെ പിതാവേ, എന്തുകൊണ്ടെന്നാൽ നിന്റെ സന്നിധിയിൽ ഇപ്രകാരമായിരുന്നു തിരുവുള്ളം.”

(ലൂക്കാ X 21)

# ഇതാണോ കന്യകമറിയം?

(എൻ. സി. മാത്യു, പൊൻകുന്നം)

“ഇതാണോ, കന്യകമറിയം?”

“അല്ല ഉണ്ണിയീശോയുടെ ചെറുപുഷ്പമാണ്.”

“ആരാണ് ഈ ചെറുപുഷ്പം?”

“കൊള്ളാം, ചെറുപുഷ്പത്തെപ്പോലും നിങ്ങൾക്കറിഞ്ഞുകൂടേ?”

യുവാൻകിയാ ഹോംഗ് എന്നയാളും അദ്ദേഹത്തിന്റെ കുടുംബവും വി. കൊച്ചുത്രേസ്യായുടെ അലങ്കരിച്ച ചിത്രത്തിനു മുൻപിൽ മുട്ടുകുത്തി പ്രാത്ഥനനടത്തുക പതിവായിരുന്നു. കൊന്തനമസ്കാരം നടത്തുന്നതിൽ അവർ അല്പവും അലംഭാവം കാണിച്ചിരുന്നില്ല. ഒരിക്കൽ യുവാനും കുടുംബവും പ്രാത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ അവരുടെ ആത്മസുഹൃത്തായ ഡോക്ടർ ജോൺ സി. എച്ച്. വൂ എന്ന പണ്ഡിതൻ ആഗതനായി ചോദിച്ചതാണ്, “ഇതാണോ കന്യകമറിയം.” ആഗതൻ കൺഫ്യൂഷ്യസ്മതത്തിൽ ജനിച്ചു്, വളർന്നുവന്ന ഒരാളായിരുന്നു. കൺഫ്യൂഷ്യസ് എന്നയാൾ ചൈനയിൽ സ്ഥാപിച്ച ഒരു മതമാണതു്; ബി. സി. ആറാംനൂററാണ്ടിൽ.

ചൈനയിൽ ചെക്യാംഗ്പ്രൊവിൻസിൽ നിംഗ്പോ എന്നൊരു സ്ഥലമുണ്ട്. അവിടെയാണ് ഡോ. വൂ ജനിച്ചതു്. 20 വയസ്സുവരെ കൺഫ്യൂഷ്യസ്മതത്തിൽ തന്നെ വളന്നു. 20-ാം വയസ്സിൽ അദ്ദേഹം പ്രൊട്ടസ്റ്റന്റ് വിശ്വാസിയായി. 1921-ൽ അദ്ദേഹം ഷാംഗേയിലെ ലോകോളെജിൽ ചേന്ന് ബി. എൽ. ബിരുദം നേടി. 1922-ൽ മിച്ചിഗൺസർവ്വകലാശാല (അമേരിക്കാ) യിൽനിന്നു് ജെ. ഡി. ബിരുദം കരസ്ഥമാക്കി 1929-ൽ പ്രൊവിഷണൽ കോർട്ടിന്റെ പ്രസിഡന്റായി അദ്ദേഹം നിയമിതനായി. വിനാവിളംബം ആ സ്ഥാനം രാജിവച്ചിട്ട് ചിക്കാഗോയിൽ നോത്തുവെസ്റ്റേൺ യൂണിവേഴ്സിററിലോകോളെജിൽ ലക്ചററർസ്ഥാനം സ്വീകരിച്ചു. ഭാര്യയുടെ അസുഖം ഹേതുവാൽ അതും ഉപേക്ഷിച്ച് മടങ്ങിപ്പോന്നു. 1933-ൽ ചൈനയിലെ നിയമസഭാംഗമായി അദ്ദേഹം തിരിഞ്ഞെടുക്കപ്പെട്ടു. ഇങ്ങനെ വിവിധമണ്ഡലങ്ങളിൽ പ്രവത്തിച്ചശേഷം 1947-ൽ വത്തിക്കാനിലെ ചൈനീസ് സ്ഥാനപതിയായിട്ട് അദ്ദേഹം നിയമിതനായി. എങ്കിലും 1949 ൽ പ്രസ്തുത ഉദ്യോഗം രാജികൊടുത്തിട്ട് ഒരു ചൈനീസ് സർവ്വകലാശാലയിൽ തത്വശാസ്ത്രാദ്ധ്യാപകനായി മാറി.

പ്രൊട്ടസ്റ്റന്റ്മതത്തിന്റെ അന്ധകാരാവൃതമായ ഒഴുക്കിൽപ്പെട്ട് അദ്ദേഹം നിരാശനായി. എന്തിനധികം—ഒരുസത്യാന്വേഷിയായി അദ്ദേഹം രൂപാന്തരപ്പെട്ടു. അങ്ങനെയിരിക്കുമ്പോഴാണ് യുവാനുമായി പരിചയപ്പെടുന്നതിനും, തന്റെ അന്വേഷണം പ്രശാന്തതയിൽക്കൂടി പുരോഗമിച്ച് ശാന്തിസത്തത്തിൽ എത്തിച്ചേരുന്നതിനും ഇടയായതു്.

യുവാൻ വി. കൊച്ചുത്രേസ്യയെക്കുറിച്ചുള്ള ചരിത്രം വിസ്തരിച്ചു പറഞ്ഞുകേൾപ്പിച്ചു. ആശ്രമഭിത്തികൾക്കുള്ളിൽ മറഞ്ഞിരുന്നുകൊണ്ട് പ്രാത്ഥന, ത്യാഗം, ചെറിയ പുണ്യകൃത്യങ്ങൾ എന്നിവയാൽ ഈശോനാഥന്റെ പ്രേഷ്ഠമണവാട്ടിയായിത്തീന്ന ആ കന്യകയുടെ “കുറുക്കുവഴി” ഡോ. വൂവിനെ അത്ഭുതപരതന്ത്രനാക്കി. “ഈ പുണ്യവതി കത്തോലിക്കാസഭയുടെ പ്രാതിനിദ്ധ്യംവഹിക്കുന്നെങ്കിൽ ഞാൻ ഒരു കത്തോലിക്കനാകാതിരിക്കാൻ യാതൊരു കാരണവും കാണുന്നില്ല” എന്നു പറഞ്ഞു് അദ്ദേഹം വിസ്മയാധീനനായിത്തീരുകയാണു ചെയ്തതു്.

കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിനു് വൂ തീരുമാനിച്ചു എന്നറിഞ്ഞപ്പോൾ യുവാൻ ആനന്ദംകൊണ്ടു് മതിമറന്നു. കാരണം അദ്ദേഹം അതിനുവേണ്ടി പത്തുകൊല്ലമായി മുടങ്ങാതെ പ്രാത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇവിടെ നമുക്കു കാണാം, പ്രാർത്ഥനയുടെ മാഹാത്മ്യം; യുവാന്റെ വിശ്വാസദാർഢ്യം; മാതാവിന്റെ പുത്രവാത്സല്യം; തന്റെ മക്കളുടെ മുടങ്ങാത്ത അപേക്ഷ സ്വീകരിക്കുന്നതിൽ ആ അമ്മ എത്രമാത്രം തല്പരയാണെന്നും.

സംഗതി ഇത്രയുമൊക്കെ ആയെങ്കിലും കത്തോലിക്കാസഭയിൽ ചേരുന്നതിനു് ഡോ. വൂവിനു് ഒരു പ്രതിബന്ധം നേരിട്ടു. അതു മറെറാന്നുമല്ല, ദൈവമാതൃഭക്തി. ദൈവമാതാവിനോടു് കത്തോലിക്കർക്കുള്ള ഭക്തി തനി വിഗ്രഹാരാധനയും, അനാവശ്യവുമാണെന്നു മുദ്രയടിക്കാൻ പ്രൊട്ടസ്റ്റൻറുകാർ മടിക്കുന്നില്ല. അങ്ങനെയിരിക്കെ താൻ എങ്ങനെയാണ്, അതിനൊരു സമാധാനംകൂടി കാണാതെ കത്തോലിക്കനാകുന്നതു്. പക്ഷെ അതിനുള്ള സമാധാനവും വിശുദ്ധ കൊച്ചുത്രേസ്യാപുണ്യവ

(ശേഷം 10-ാംപേജിൽ)

Wednesday
March 27
1957

# THE SATHYADEEPAM

(ESTD. 1927)
BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 30
No. 32




## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No.
146 പി. സി. സെബാസ്റ്റ്യൻ, സെൻറ് മേരീസ് ഹൈസ്കൂൾ ആലുവാ.
147 ജോർജ്ജ് വി. മുട്ടത്തുകുടന്നൽ, കുളത്തുവയൽ
148 കെ. ജെ. മൈക്കൾ, എസ്. എച്ച്. എസ്. ഞാറയ്ക്കൽ
149 എം. ടി. വർഗ്ഗീസ് മുളയ്ക്കൽ, മററം.
150 പി. എ അബ്രാഹം പന്തലാടിക്കൽ ചെങ്ങളം.



വി. തർസീസിയൂസ്

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ കുഞ്ഞനുജത്തികളേ,

ദയാലുവായ ആ പോലീസുദ്യോഗസ്ഥൻെറ ശുശ്രൂഷയിൽ തർസീസിയൂസിനു ബോധം വീണു. അവൻെറ ചേഷ്ടകളിൽനിന്നു ബാലൻ ഒരു ക്രിസ്ത്യാനിയായിരിക്കണമെന്നു അദ്ദേഹം ഊഹിച്ചു. രഹസ്യമായി അവനോടു ചോദിച്ചു: "മകനേ നീയൊരു ക്രിസ്ത്യാനിയാണോ" എന്നു്. തർസീസിയൂസിനുതോന്നി, യൂണിഫോറം ധരിച്ച ആ പോലീസുദ്യോഗസ്ഥൻ ദൈവത്താൽ അയക്കപ്പെട്ട ഒരു മാലാഖായായിരിക്കണമെന്നു്. അതുകൊണ്ടു സത്യം വെളിപ്പെടുത്തുന്നതിനു ബാലൻ ധൈര്യപ്പെട്ടു. അവർ പരസ്പരം മനസ്സിലാക്കിക്കഴിഞ്ഞപ്പോൾ തർസീസിയൂസ് അദ്ദേഹത്തോടു പറഞ്ഞു: "എൻെറ മാറ്വിൽ വിശുദ്ധ കുർബാന വഹിച്ചുകൊണ്ടു ഞാൻ പോകുന്ന വഴിക്കാണു് ഈ അത്യാഹിതം ഉണ്ടായതു്. എങ്കിലും ദൈവാനുഗ്രഹത്താൽ വിശുദ്ധ കുർബാനയ്ക്കു യാതൊരാപത്തും സംഭവിക്കുന്നതിനു മുമ്പായി നിങ്ങൾ വന്നെത്തിയതു നന്നായി. അതുകൊണ്ടു് ആദ്യംതന്നെ ഈ വിശുദ്ധ കുർബാന നിങ്ങൾ നമ്മുടെ പിതാവിൻെറ വീട്ടിൽ എത്തിച്ചു കൊടുക്കുക. മററു കാര്യങ്ങളെല്ലാം പിന്നീടു ചെയ്യാം." പോലീസുദ്യോഗസ്ഥൻ ഭക്തിപൂർവ്വം അതു വാങ്ങിച്ചു ഉടനെ പിതാവിൻെറ വീട്ടിലേക്കു പോയി. ഇപ്രകാരം തർസീസിയൂസിനെ ഏല്പിച്ച ദൗത്യം നിർവ്വഹിക്കപ്പെട്ടു എങ്കിലും ഈശോയ്ക്കുവേണ്ടി അവൻെറ ദുർബലമായ ശരീരം തകർന്നു തരിപ്പണമായിക്കഴിഞ്ഞിരുന്നു. വിളംബംവിനാ മടങ്ങിവന്ന ഉദ്യോഗസ്ഥൻ തർസീസിയൂസിൻെറ വാടിത്തളർന്ന പൂമേനിയെ എടുത്തു അടുത്തുള്ള ഒരു വീട്ടിൽ കൊണ്ടുപോയി കിടത്തി ശുശ്രൂഷിച്ചു. എങ്കിലും ആ ബാലവേദസാക്ഷി ഭാസുരമായ വിജയമകുടം ചൂടുവാൻ സ്വർഗ്ഗത്തിലേക്കു പറന്നുപോവുകയാണുണ്ടായതു്. അവൻ ഈശോയെ സ്നേഹിച്ചു; ഈശോയ്ക്കിഷ്ടമായവിധം ജീവിച്ചു; ഈശോയെ വഹിച്ചു; ഈശോയ്ക്കുവേണ്ടി പീഡനങ്ങൾ സഹിച്ചു; അവിടുത്തേക്കുവേണ്ടിതന്നെ ജീവൻ ഹോമിച്ചു. പുണ്യപ്പെട്ടജീവിതം ഭാഗ്യപ്പെട്ടമരണത്തിൽ പര്യവസാനിക്കുന്നു.

വല്യേട്ടൻ



17. പോലീസുദ്യോഗസ്ഥൻ മരണാസന്നനായ തർസീസിയൂസിനെ എടുത്തുകൊണ്ടുപോകുന്നു.



18. തർസീസിയൂസ് അദ്ദേഹത്തിൻെറ പരിചരണത്തിൽ സമാധാനമായി മരണമടയുന്നു.

## 109-ാംനമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—പ്രാർത്ഥന

### പ്രശ്നം നമ്പർ 110

(കെ. ആർ. ജോർജ്ജ് പാടൂർ
Reg. No. 66)

ലോകത്തിൽ സകല മനുഷ്യർക്കും എന്നെ ഇഷ്ടമാണു്. വിദ്യാർത്ഥികളുടെ നോട്ടം എപ്പോഴും എൻെറ നേർക്കാണു്. ഞാൻ പരിശ്രമികളുടെ ഉത്തമസുഹൃത്തുമാണു്. എൻെറ പേരിനു മൂന്നക്ഷരംമാത്രം. ഒന്നാമത്തെ അക്ഷരം വിരുന്നിലുണ്ടു്, സല്ക്കാരത്തിലില്ല. രണ്ടാമത്തെ അക്ഷരം ജയിലിലുണ്ടു്, തടവിലില്ല. മൂന്നാമത്തെ അക്ഷരം അന്യായത്തിലുണ്ടു്, കേസിലില്ല. എൻെറ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

## വിശുദ്ധപദപ്രാപ്തി

(അഗസ്റ്റിൻ എം. എടക്കര
Reg. No. 3)

വിശുദ്ധരാകുവാൻ ആഗ്രഹമില്ലാത്തവരായി ആരുംതന്നെ കാണുമെന്നു തോന്നുന്നില്ല. എന്നാൽ വിശുദ്ധപദപ്രാപ്തി എല്ലാവർക്കും സാദ്ധ്യമാണോ എന്നുള്ളതാണു് പലരുടേയും സംശയം. ഒരുകാര്യം അസാദ്ധ്യമെന്നു വിചാരിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കുന്നതു് അതിനാവശ്യമായ പരിശ്രമം ചെയ്യുന്നതിനുള്ള മടിയോ അല്ലെങ്കിൽ ഏതൽക്കാര്യസാദ്ധ്യത്തിനു ഉപയോഗിക്കേണ്ട മാർഗ്ഗങ്ങളെപ്പററിയുള്ള അജ്ഞതയോ മാത്രമാണു്. നാമെല്ലാവരും വിശുദ്ധരാകണമെന്നാണു് ദൈവത്തിൻെറ അഭിലാഷം. യഥാശക്തി പ്രയത്നിക്കുന്നവർക്കെല്ലാം ദൈവം അതിനുള്ള അനുഗ്രഹം പ്രദാനംചെയ്യുന്നുമുണ്ടു്. ആകയാൽ നന്മനസ്സുള്ളവർക്കെല്ലാം വിശുദ്ധരായിത്തീരുവാൻ കഴിയും. എന്നാൽ ആർക്കെങ്കിലും വിശുദ്ധപദപ്രാപ്തി അസാദ്ധ്യമെന്നു തോന്നുന്നെങ്കിൽ അതു, വിശുദ്ധൻ എന്നാൽ ആരാണെന്നും, വിശുദ്ധി എന്തിൽ അടങ്ങിയിരിക്കുന്നുവെന്നും, അതു പ്രാപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഏവയെന്നും ശരിയായി അറിയാൻ പാടില്ലാത്തതുകൊണ്ടാണു്.

ഈ ലോകത്തിൽ എല്ലാ വസ്തുക്കളെക്കാൾ കൂടുതലായി ദൈവത്തേയും ദൈവത്തെപ്രതി മററു സൃഷ്ടികളേയും സ്നേഹിച്ചു്, പ്രസ്തുത ദൈവസ്നേഹത്തിൽ ജീവിതപോരാട്ടത്തെ പര്യവസാനിപ്പിച്ചശേഷം, സ്വർഗ്ഗത്തിൽ ദൈവത്തോടുകൂടെ നിത്യാനന്ദഭാഗ്യമനുഭവിക്കുന്നവരെയാണു് നാം വ്യാപകമായ അർത്ഥത്തിൽ വിശുദ്ധരെന്നു വിളിക്കുന്നതു്. എല്ലാ സുകൃതാഭ്യാസങ്ങളും പ്രസ്തുതസ്നേഹത്തിൻെറ അവശ്യഫലങ്ങളത്രെ. ആകയാൽ സ്നേഹിക്കപ്പെടേണ്ട എല്ലാ വസ്തുക്കളേയും സ്നേഹിക്കേണ്ടവിധത്തിൽ സ്നേഹിക്കുന്നതിലാണു് യഥാർത്ഥജീവിതവിശുദ്ധി അടങ്ങിയിരിക്കുന്നതെന്നു കാണാം. യഥാർത്ഥസ്നേഹം ക്ലേശങ്ങളെ അവഗണിക്കുന്നു. സ്നേഹത്തിനു് അസാദ്ധ്യമായിട്ടൊന്നുമില്ല. ഏതെങ്കിലും ഒരു ജോലി ചെയ്യുന്നതിനു് നമ്മെ പ്രേരിപ്പിക്കുന്നതു സ്നേഹമാണു്. തൻെറ ശിശുവിനുവേണ്ടി നിരവധി ക്ലേശങ്ങൾ സന്തോഷപൂർവ്വം സഹിക്കുന്നതിനു് ഒരു മാതാവിനെ പ്രേരിപ്പിക്കുന്ന ശക്തിവിശേഷം സ്നേഹമല്ലാതെ മറെറന്താണു്. രോഗിയായ സ്വഭർത്താവിനെ അഹോരാത്രം ശുശ്രൂഷിച്ചു് സമാശ്വസിപ്പിക്കുന്നതിനു് ഭാര്യയെ പ്രേരിപ്പിക്കുന്നതും സ്നേഹംമാത്രമല്ലയോ? സ്വകുഞ്ഞുങ്ങൾക്കു ഭക്ഷണപദാർത്ഥങ്ങൾ സംഭരിക്കുന്നതിനുവേണ്ടി നിരവധി കഷ്ടനഷ്ടങ്ങൾ സഹിക്കുന്നതിനും, വേണ്ടിവന്നാൽ ജീവത്യാഗം ചെയ്യുന്നതിനും വിവേചനാശക്തിയില്ലാത്ത പക്ഷിമൃഗാദികളെപ്പോലും ഈ ഗുണവിശേഷം പ്രേരിപ്പിക്കുന്നില്ലയോ? സ്നേഹവിഷയമായ രാഗഹ

ലിനുവേണ്ടി സഹിച്ച ദീർഘപ്രവാസവും ക്ലേശകരമായ ശുശ്രൂഷകളും പൂർവ്വപിതാവായ യാക്കോബിനു് വളരെ നിസ്സാരവും ആനന്ദപ്രദവുമായി പ്രത്യക്ഷപ്പെട്ടു. സ്നേഹാതിരേകത്താൽ ഏഴുവർഷങ്ങൾ ഏഴു ദിവസങ്ങളായിട്ടേ യാക്കോബിനു തോന്നിയുള്ളുവത്രേ. എന്നാൽ ഈ സ്നേഹപ്രകടനങ്ങളൊന്നും ലോകപരാധികളെ അതിശയിക്കുന്നില്ല. പക്ഷെ നമ്മുടെ സ്നേഹത്തെ സ്നേഹരൂപനായ ദൈവത്തിൻെറനേരെ തിരിക്കുമ്പോൾ, ദൈവമഹത്വത്തേയും ആത്മാക്കളുടെ രക്ഷയേയുംമാത്രം മുൻനിർത്തി നാം പ്രവർത്തിക്കുമ്പോൾ പ്രസ്തുതസ്നേഹം നിസ്വാർത്ഥവും പ്രകൃത്യതീതവുമായിത്തീരുന്നു. ഈ സ്നേഹത്തിനു മാത്രമേ വിശുദ്ധരെ ഉല്പാദിപ്പിക്കുന്നതിനു ശക്തിയുള്ളു. ഈ സ്നേഹം നമ്മിൽ സംജാതമായാൽ പിന്നീടു് സ്വാർത്ഥലാഭത്തെ ഉദ്ദേശിച്ചോ ശിക്ഷയെ ഭയന്നോ നാം ഒന്നും ചെയ്യുകയില്ല. ദൈവത്തെപ്രതി ഏതേതു ദുരിതങ്ങൾ സഹിക്കുന്നതിനും, ജീവപരിത്യാഗം ചെയ്യുന്നതിനുപോലും അതു പ്രചോദനം നൽകും. ഈ സ്നേഹം എത്ര അബലകൾക്കും കുഞ്ഞുങ്ങൾക്കും ബലവും ധൈര്യവും ഉന്മേഷവും നൽകിയിട്ടുണ്ടു്. അവരെപ്പോലെ നാമും ദൈവത്തെ സ്നേഹിക്കുന്നപക്ഷം "ക്രിസ്തുവിൻെറ സ്നേഹത്തിൽനിന്നു് ആരാണു് എന്നെ അകററുവാൻ കഴിയുക" എന്നു് അപ്പസ്തോലനോടുകൂടി നമുക്കും പറയുവാൻ സാധിക്കും. ഈ ദൈവസ്നേഹമാണു് പുണ്യപൂർണ്ണതയുടെ അടിസ്ഥാനം. വിശുദ്ധർ തങ്ങളുടെ അത്യുന്നതങ്ങളായ ആത്മീയസൗധങ്ങളെ പടുത്തുയർത്തിയിട്ടുള്ളതു് ഈ ബലിഷ്ഠമായ അടിത്തറയിലാണു്.

ഇങ്ങനെ ദൈവത്തെ സ്നേഹിക്കുവാൻ കഴിവുള്ളവർക്കെല്ലാം വിശുദ്ധരാകുവാൻ സാധിക്കും. അറിയുന്നതിനും സ്നേഹിക്കുന്നതിനുമുള്ള ശക്തി എല്ലാവർക്കും നൽകപ്പെട്ടിരിക്കുന്നതുകാരണത്താൽ എല്ലാവർക്കും ദൈവത്തെ സ്നേഹിക്കുന്നതിനും സാധിക്കുന്നു. എന്നാൽ ഈ വസ്തുത മിക്കവർക്കും അജ്ഞാതമത്രേ. ഞാൻ ഒരു സമ്പന്നനാണു്, ആകയാൽ എനിക്കു വിശുദ്ധനാകുവാൻ സാധിക്കയില്ലെന്നു ചിലരും; ഞാൻ ഒരു ദരിദ്രനാണു്, അതുകൊണ്ടു് എനിക്കൊരു പുണ്യവാനാകാൻ സാധിക്കയില്ലെന്നു മററുചിലരും; ഞാനൊരു പാപിയാണു്, പിന്നെ എങ്ങനെയാണു് ഞാനൊരു വിശുദ്ധനാകുക എന്നു് വേറെ ചിലരും ചോദിച്ചേക്കാം. എന്നാൽ ഇതൊന്നും വിശുദ്ധപദപ്രാപ്തിക്കു് ഒരു വിഘാതമല്ല. പണ്ഡിതനെന്നോ പാമരനെന്നോ; കുലീനനെന്നോ കുലഹീനനെന്നോ ഉള്ള വ്യത്യാസം കൂടാതെ എല്ലാ ജീവിതാന്തസ്സിലും സ്ഥിതിയിലുമുള്ള ആബാലവൃദ്ധം ജനങ്ങൾക്കും വിശുദ്ധരാകുവാൻ കഴിയും. ഈ വസ്തുത വിശുദ്ധരുടെ ജീവചരിത്രങ്ങൾ പാരായണംചെയ്യുന്നവർക്കെല്ലാം ഗ്രഹിക്കാവുന്ന ഒന്നാണു്. വിശുദ്ധരുടെയിടയിൽ പാപിനിയായിരുന്ന മഗ്ദലേനയേയും; രാജാവായിരുന്ന ലൂയിസിനേയും; വിജ്ഞാനിയായിരുന്ന ആഗ്ഗസ്തീനോസിനേയും; വൃദ്ധനായിരുന്ന ആർസിലെ വികാരിയേയും; ബാലനായിരുന്ന ഡോമിനിക്കു് സാവിയോയേയും; ആജീവനാന്തം അജ്ഞാതജീവിതം നയിച്ചു്, ലോകമാസകലം പുണ്യസൗരഭ്യം വീശി ലോകപ്രസിദ്ധയായിത്തീർന്നിരിക്കുന്ന ചെറുപുഷ്പത്തേയും നാം കാണുന്നു. ഇവരെല്ലാം മേൽപ്പറഞ്ഞ സത്യത്തെയാണു് നമ്മെ ഓർമ്മിപ്പിക്കുന്നതു്.

വിശുദ്ധരുടെ ജീവിതസരണികൾ വിഭിന്നങ്ങളാണു്. എന്നാൽ അവരുടെ പ്രവർത്തനലക്ഷ്യം എവിടെയും ഒന്നുതന്നെയാണു്. ചിലർ പ്രായശ്ചിത്തവും തപസ്സും വനവാസവുംകൊണ്ടു് അവരുടെ അന്ത്യമായ ദൈവത്തെ പ്രാപിക്കുന്നു. മററു ചിലർ സ്വാർത്ഥംവെടിഞ്ഞു് ദൈവമഹത്വത്തെമാത്രം ലക്ഷ്യമാക്കി മർദ്ദനങ്ങൾ സഹിച്ചും രക്തം ചൊരിഞ്ഞും പ്രാണത്യാഗം ചെയ്തും സ്നേഹമൂർത്തിയായ ദൈവത്തെ പ്രീതിപ്പെടുത്തുകയും വീരോചിതമായ കിരീടത്തെ അവകാശമാക്കുകയും ചെയ്യുന്നു. എന്നാൽ ഈ മാർഗ്ഗങ്ങൾ എല്ലാവർക്കും പ്രായോഗികവും പ്രാപ്യവുമായിരിക്കുകയില്ല.

മററു ചിലരാകട്ടെ ഉഗ്രമായ ശാരീരികതപസ്സോ ദണ്ഡനങ്ങളോ ഒന്നും കൂടാതെ സാധാരണമായ രീതിയിൽ ജീവിതം നയിച്ചു് ധന്യരായിത്തീരുന്നു. അവർ നിസ്സാരകാര്യങ്ങളിൽപോലും വലിയ ശ്രദ്ധ പതിക്കുകയും ചെറിയ ചെറിയ ആത്മസംയമനങ്ങളും ത്യാഗങ്ങളും പരിശീലിച്ചുകൊണ്ടു് സുകൃതാഭ്യാസത്തിലും ദൈവസ്നേഹത്തിലും ഉത്തരോത്തരം അഭിവൃദ്ധിപ്രാപിക്കുകയും ചെയ്യുന്നു. ലിസ്യൂവിലെ വി. കൊച്ചുത്രേസ്യാ പ്രയാണംചെയ്തതു് ഈ കുറുക്കുവഴിയിൽക്കൂടിയാണു്. ഈ നവീനമാർഗ്ഗം സുഗമവും പ്രായോഗികവും ഏതു സ്ഥിതിയിലും അവസ്ഥ

(ശേഷം 8-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1